**JEEVA MOZHIKAL** RNI/KERBIL/-2003/21404
**May 2009** www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

# ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുമോ?

വധശിക്ഷയ്ക്കു വിധിക്കപ്പെട്ട സോക്രട്ടീസ് ജയിൽവാസം അനുഭവിക്കുന്ന സമയം. സോക്രട്ടീസിന്റെ പ്രിയശിഷ്യനായ ക്രിറ്റോ അദ്ദേഹത്തെ മരണത്തിൽ നിന്നു രക്ഷിക്കാൻ ഒരു പദ്ധതി ആസൂത്രണം ചെയ്തു. രാത്രിയുടെ മറപറ്റി തീരത്തണയുന്നഒരു കപ്പലിലേക്ക് സോക്രട്ടീസിനെ ജയിലിൽ നിന്ന് ഒളിച്ചു കടത്തുക. തുടർന്ന് രാത്രി തന്നെ അന്യദേശത്തേക്കു കുതിക്കുന്ന കപ്പലിൽ തന്റെ ഗുരുവിനെ മറ്റൊരു നാട്ടിൽ എത്തിച്ച് ഗ്രീക്കുകാരുടെ പിടിയിൽ നിന്ന് എന്നന്നേക്കുമായി രക്ഷപെടുത്തുക–ഇതായിരുന്നു ക്രിറ്റോയുടെ പരിപാടി. ഇതിനായി ജയിലധികൃതർക്ക് കൈക്കൂലി കൊടുത്ത് അവരെയും അദ്ദേഹം വശത്താക്കിയിരുന്നു. സത്യാന്വേഷിയും മനുഷ്യസ്നേഹിയുമായ സോക്രട്ടീസിനെ അന്യായമായി വധശിക്ഷയ്ക്കു വിധിച്ച ഭരണാധികാരികളെ കബളിപ്പിക്കാൻ തെറ്റായ മാർഗ്ഗങ്ങൾ അവലംബിക്കുന്നതു തീർത്തും ശരിയാണെന്നായിരുന്നു ക്രിറ്റോയുടെ വിശ്വാസം. ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കും എന്നും അദ്ദേഹം കരുതി.

പദ്ധതി ഒരു പിഴവും വരാതെ ആസൂത്രണം ചെയ്ത ശേഷം സോക്രട്ടീസിനെ വിവരം ധരിപ്പിക്കാൻ ജയിലിലെത്തിയ ക്രിറ്റോ കണ്ടത് അദ്ദേഹം ശാന്തമായി ഉറങ്ങുന്നതാണ്. മരണം തൊട്ടുമുമ്പിലെത്തി നിന്നിട്ടും സമാധാനത്തോടെ ഉറങ്ങുന്ന ഗുരുവിനെ കണ്ട് ക്രിറ്റോ ആശ്ചര്യപ്പെട്ടു. പക്ഷേ ഗുരു ഉണരുന്നതു കാത്തു നില്ക്കാൻ സമയമില്ല. ഓരോ നിമിഷവും വിലപ്പെട്ടതാണ്. ക്രിറ്റോ സോക്രട്ടീസിനെ വിളിച്ചുണർത്തി. ഗുരുവിനെ രക്ഷപ്പെടുത്താൻ താൻ ആസൂത്രണം ചെയ്തിരിക്കുന്ന പദ്ധതികൾ വിശദീകരിച്ചു.

സോക്രട്ടീസ് ശാന്തമായി എല്ലാം കേട്ടു. കൈക്കൂലി കൊടുത്ത് രാജ്യത്തിന്റെ നിയമങ്ങൾ ലംഘിച്ചു രക്ഷപെടാൻ ശ്രമിക്കുന്നതു ശരിയല്ല എന്നു സോക്രട്ടീസ് പറഞ്ഞു. ഇങ്ങനെ രക്ഷപെടുന്നതു താൻ മുറുകെപ്പിടിച്ച തത്ത്വങ്ങളെ ബലി കഴിക്കുന്നതിനു തുല്യമാണെന്ന് അദ്ദേഹം വാദിച്ചു.അതേ സമയം അധികാരികളുടെ അധാർമികമായ ഒരു നടപടിക്കു മുൻപിൽ തല കുനിച്ചു കൊടുക്കാൻ പാടില്ലെന്ന് ക്രിറ്റോയും എതിർവാദം നിരത്തി.(സോക്രട്ടീസിന്റെ മറ്റൊരു ശിഷ്യനായ പ്ളേറ്റോ രചിച്ച 'ക്രിറ്റോ' എന്ന ഗ്രന്ഥത്തിൽ സോക്രട്ടീസും ക്രിറ്റോയും ധാർമികതയെക്കുറിച്ചു നടത്തിയ വാദപ്രതിവാദങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്).

ഒടുവിൽ തന്നെ കൊലപ്പെടുത്തുന്നത് അധാർമികമാണെങ്കിലും തിന്മയ്ക്കു പകരം തിന്മ പ്രവർത്തിക്കുന്നതുകൊണ്ട് പ്രയോജനമെന്ത് എന്നൊരു ചോദ്യം സോക്രട്ടീസിൽ നിന്നുയർന്നു. ക്രിറ്റോയ്ക്ക് അതിനു മറുപടി ഉണ്ടായില്ല. ... അങ്ങനെ സോക്രട്ടീസ് വിധിയെ ധൈര്യപൂർവ്വം സ്വീകരിക്കുവാൻ തീരുമാനിച്ചു. ക്രിറ്റോ നിരാശയോടെ ജയിലറ വിട്ടു. സോക്രട്ടീസിനെ കൂടാതെ കപ്പൽ തീരം വിട്ടു യാത്രയായി.സോക്രട്ടീസ് മരണത്തിനു മുൻപ് അധികാരികളോടു പറഞ്ഞു "നിങ്ങളെക്കാൾ ഞാൻ ദൈവത്തെ അനുസരിക്കും. എനിക്കു പല തവണ മരിക്കേണ്ടി വന്നാലും ഞാൻ സത്യത്തിന്റെയും ധാർമികതയുടെയും മാർഗ്ഗത്തിൽ നിന്നും മാറുകയില്ല."

താൻ കാത്തുസൂക്ഷിച്ച ജീവിതമൂല്യങ്ങളോടുള്ള പ്രതിബദ്ധത ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുകയില്ലെന്നു കാണാൻ സോക്രട്ടീസിനെ സഹായിച്ചു.

ലക്ഷ്യം പോലെ മാർഗ്ഗവും സംശുദ്ധമായിരിക്കുവാൻ നാം ശ്രദ്ധിക്കുമോ?.

Printed, Published and owned by T. IPe. Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam, Tel: 2569847. Editor-Geoji. T. Samuel.

# ജീവമൊഴികൾ

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

വാല്യം 7 – ലക്കം 5 മേയ് 2009 Rs. 7.00



ക്രിസ്ത്യാനികളുടെ ഏറ്റവും വലിയ ശത്രു — എ.ഡബ്ള്യു.ടോസർ
കഷ്ടതകൾ എന്തിന്? — സാധു സുന്ദർ സിങ്
നാൾക്കു നാൾ പുതുക്കം പ്രാപിക്കുക — സാക് പുന്നൻ
കുരിശും കഠാരയും — ഡേവിഡ് വിൽക്കേഴ്സൺ

# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ *(യോഹ 6: 68)*

വാല്യം 7 **മെയ് 2009** ലക്കം 5



## എഡിറ്റോറിയൽ ബോർഡ്

**ജോജി ടി. സാമുവൽ** (കോട്ടയം)
**ജോസ് മാത്യു** (തിരുവനന്തപുരം)
**മാത്യു ജോർജ്** (തിരുവല്ല)
**ബോബി ചെറിയാൻ** (റാന്നി)
**സാജു ജോസഫ്** (ആലപ്പുഴ)

**മാനേജർ**
**ജേക്കബ് മാത്യു** (കായംകുളം)
ഫോൺ: 0479-2472643 (Res.)



'മാസിക കിട്ടിയില്ല' തുടങ്ങിയ സർക്കുലേഷൻ സംബന്ധമായ പരാതികൾക്കു താഴെ ചേർക്കുന്ന നമ്പറുകളിൽ ഏതുസമയത്തും ബന്ധപ്പെടാവുന്നതാണ്:
9495234087/9249516234

## വാർഷികവരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :

**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള-686 016, ഫോൺ: 0481-2392753,
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

മൂന്നുവർഷം വരെയുള്ള വരിസംഖ്യ ഒന്നിച്ചടയ്ക്കാവുന്നതാണ്.



## വിദേശപ്രതിനിധികൾ

**യു. എസ്. എ**
ബിനോയി ജയിംസ്
ഫോൺ : 512990-2808 (R)
512826-5028 (O)
E-mail: benoyjames@hotmail.com

**ദുബായ്**
ഫ്രാൻസിസ് ജോൺ (റജി)
E-mail: **francis.reji@gmail.com**


## മൊഴി മുത്ത്



### ദൈവസാന്നിദ്ധ്യം

എനിക്കു ചുറ്റും കനത്ത മതിലുകളുണ്ടായാലും സ്വർഗ്ഗീയപിതാവിന്റെ സാന്നിദ്ധ്യം എന്റെ സന്തോഷമായിരിക്കും.

എന്നെ ജയിലിലടയ്ക്കാൻ നിങ്ങൾക്കു കഴിയും. എന്നാൽ ദൈവസാന്നിദ്ധ്യത്തിൽ നിന്നെന്നെ അകറ്റാൻ ആർക്കു കഴിയും?

ഇരുട്ടറയ്ക്കുള്ളിൽ ഞാൻ ഇരുന്നാലും എന്റെ ഹൃദയത്തിൽദൈവിക സാന്നിദ്ധ്യത്തിന്റെ വെളിച്ചം എപ്പോഴും നിറഞ്ഞു കത്തും.

ആ ദിവ്യകരങ്ങൾ .എന്റെ നെടുവീർപ്പു നീക്കി എന്റെ കണ്ണുനീർ തുടയ്ക്കും.

എന്റെ ഹൃദയം എപ്പോഴും അവിടുത്തെ നാമം കീർത്തിക്കും. അവിടുത്തെ ഹിതം എന്റെ സന്തോഷമായിരിക്കും. അവിടുത്തെ നാമം എന്റെ മാനവും ലാഭവും സമ്പത്തുമായിരിക്കും.

-മാഡം ഗയോൺ

## TheWonders of the Human Body-V

*"I will praise you, for I am fearfully and wonderfully made. Marvelous are your works. And that my soul knows very well"* (Psalms. 139:14)

**HAND** Nothing is as handy as hand.If you make a list of all the task that a human hand has to perform and then feed that list into a computer- and if the computer has the software that will make a grafic design of a tool that would best accomplish all those tasks- the computer would show a perfect reproduction of a human hand. Hand is so important that a special area of the brain is assigned to it, quite distinct from the area associated with the fingers.

## മുള്ളൻപന്നി ദമ്പതികൾ





www.joyfultoons.com © 2007 Michael D. Waters


സകലത്തിനും മുമ്പേ തമ്മിൽ ഉറ്റ സ്നേഹമുള്ളവരായിരിപ്പീൻ. സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നു-

*(1 പത്രോ.4: 8)*

**എഡിറ്റോറിയൽ**

# സ്വയംതൃപ്തി



ആഗോളവത്ക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്ന രണ്ടു വാക്കുകളാണ് പുരോഗതിയും വികസനവും.(progress and development). നിലവിലുള്ള അവസ്ഥയിൽനിന്നു നാളുകൾ കഴിയുന്തോറും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്കുള്ള വികാസത്തെയാണ് ഇവ കുറിക്കുന്നത്.ഒരു യാത്രയോട് ഇതിനെ ഉപമിച്ചാൽ മുന്നോട്ടുള്ള പ്രയാണമാണിത്.

ക്രിസ്തീയജീവിതത്തിലും നാൾ കഴിയും തോറും നാം പുരോഗമിക്കണമെന്ന്, മുന്നോട്ടുപോകണമെന്ന്, ദൈവം ആഗ്രഹിക്കുന്നു. ഈ യാത്ര ആന്തരികമായ ഒരു തലത്തിലാണ് ദൈവം പ്രതീക്ഷിക്കുന്നത്.'അകമേയുള്ളവനാണല്ലോ നാൾക്കുനാൾ പുതുക്കം പ്രാപിക്കേണ്ടത്'(2കൊരി.4:16).

എന്നാൽ ഇന്നു ക്രിസ്തീയഗോളത്തിൽ ബാഹ്യമായ തലത്തിലുള്ള പുരോഗതിയെയാണ് പലപ്പോഴും ആത്മീയപുരോഗതിയെന്ന് തെറ്റിദ്ധരിക്കുന്നത്. ആളുകളുടെ എണ്ണം, പ്രവർത്തനങ്ങളുടെ വൈപുല്യം, സംഘടന എന്ന നിലയിലുള്ള സഭയുടെ അഭിവൃദ്ധി എന്നിവയെ അടിസ്ഥാനമാക്കിയാണ് സഭകളുടെ പുരോഗതിയെ ഇന്ന് അളക്കുന്നതും വിലയിരുത്തുന്നതും. എന്നാൽ യഥാർത്ഥ ആത്മീയത എപ്പോഴും ആന്തരികമായിരിക്കുമെന്ന് പതിനേഴാം നൂറ്റാണ്ടിലെ പ്രശസ്ത ക്രിസ്തീയ മിസ്റ്റിക്ക് മൈക്കൽ ഡി മോളിനോസ് തന്റെ 'സ്പിരിചൽ ഗൈഡ്' എന്ന ഗ്രന്ഥത്തിൽ പറഞ്ഞുവച്ചിട്ടുള്ളത് ശ്രദ്ധിക്കുക. സഭയെന്നുവച്ചാൽ അടിസ്ഥാനപരമായി അതിലെ അംഗങ്ങൾ ആണ്. അപ്പോൾ സഭാംഗങ്ങൾ ആത്മിയതയിൽ വർദ്ധിച്ചുവരുന്നതാണ് സഭയുടെ യഥാർത്ഥപുരോഗതി. ബാക്കിയെല്ലാം നിത്യതയുമായി ബന്ധമില്ലാത്ത ബാഹ്യമായ വളർച്ച മാത്രമാണ്.

വിശ്വാസികൾ കൂടുതൽ ക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപരായിത്തീരുന്നുണ്ടോ, അവർക്ക് പാപത്തിന്മേൽ ജയം ലഭിക്കുന്നുണ്ടോ എന്നതായിരിക്കണം സത്യത്തിൽ സഭയുടെ ആത്മിയപുരോഗതിയെ അളക്കാനുള്ള മാനദണ്ഡം. പക്ഷേ ഈ ബോധ്യം ഇന്ന് എത്രപേർക്കുണ്ട്?യേശുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുന്ന, പാപത്തിന്മേൽ ജയമുള്ള, വിജയകരമായ ഒരു ക്രിസ്തീയജീവിതം വാസ്തവത്തിൽ സ്വസ്ഥതയുള്ള ഒരു ജീവിതമാണ്. വിശ്വാസികൾ എല്ലാവരും ആ സ്വസ്ഥതയിൽ പ്രവേശിക്കണമെന്ന് എബ്രായലേഖനകാരൻ ആവശ്യപ്പെടുന്നു.(എബ്രാ.4:11). എന്നാൽ എന്തുകൊണ്ടാണ് ഇന്ന് വിശ്വാസികളോ സഭകളോ അത് ഉന്നം വയ്ക്കാത്തത്?

ഈ ചോദ്യത്തിന് ഉത്തരം തേടുമ്പോൾ പഴയനിയമത്തിലെ യിസ്രായേലിന്റെ അനുഭവങ്ങളിൽ നിന്ന് നമുക്ക് ചില പാഠങ്ങൾ ഉൾക്കൊള്ളാൻ കഴിയും. ദൈവം യിസ്രായേലിനെ ഈജിപ്റ്റിൽനിന്നു വിമോചിപ്പിച്ചു കൊണ്ടുവന്നതിന് ഒരു ഉദ്ദേശ്യമുണ്ടായിരുന്നു. അതവരെ സ്വസ്ഥതയിൽ(കനാൻ നാട്ടിൽ) പ്രവേശിപ്പിക്കുക എന്നതായിരുന്നു(എബ്രാ.3:16–4:13; 1കൊരി.10:1–11)

എന്നാൽ ദൈവത്തിന്റെ ആഗ്രഹത്തിനെതിരായി അവർ കനാൻനാട്ടിൽ പ്രവേശിക്കാൻ ആദ്യം വിസമ്മതിക്കുകയാണുണ്ടായത്(സംഖ്യാ.13,14). മത്സരം(എബ്രാ.3:15,16;സംഖ്യ.14:9), ഭയം(സംഖ്യ.13:31–33; 14:1,29), അവിശ്വാസം(എബ്രാ.3:19;4:2), അനുസരണക്കേട്(എബ്രാ.3:18; 4:6,11) തുടങ്ങിയവയായിരുന്നു കാരണങ്ങൾ. എന്നാൽ ആയിരുന്ന അവസ്ഥയിലുള്ള തൃപ്തിയും (ആവ.1:6,7; 2:3,7; 1കൊരി10:7) കനാനിൽ പ്രവേശിക്കാനുള്ള അവരുടെ ആഗ്രഹത്തെ തീർത്തും കെടുത്തിക്കളഞ്ഞുവെന്ന് കാണാം.

ഈ സ്വയംതൃപ്തി കനാനിൽ പ്രവേശിക്കന്നതിന് രണ്ടാമതും തടസ്സമാകുന്നുണ്ട്. 38 വർഷത്തിനു ശേഷം യോശുവയുടെ നേതൃത്വത്തിൽ യിസ്രായേൽ വീണ്ടും കനാനിൽ പ്രവേശിക്കുവാൻ തയ്യാറാകുമ്പോൾ ഇതാ രൂബേന്യരും ഗാദ്യരും മനശ്ശെയുടെ പാതി ഗോത്രവും തങ്ങൾ യോർദ്ദാനിക്കരെ പാർത്തുകൊള്ളാം എന്നു പറയുന്നു. ആടുമാടുകളെ വളർത്താൻ പറ്റിയ സ്ഥലമാണതെന്നാണ് കാരണം. ചുരുക്കത്തിൽ അവരെ കനാനിൽ പ്രവേശിക്കുന്നതിൽ നിന്നു തടഞ്ഞത് യോർദ്ദാനിക്കരെയുള്ള ദേശത്തെ സമൃദ്ധിയിലുള്ള തൃപ്തിയാണ്.(സംഖ്യ.32:1–5 വായിക്കുക). അവർ മോശെയോട് അപേക്ഷിക്കുന്നത് ഇങ്ങനെയാണ്:"നിനക്ക് അടിയങ്ങളോട് കൃപയുണ്ടെങ്കിൽ.....ഞങ്ങളെ യോർദ്ദാനക്കരെ കൊണ്ടുപോകരുതേ(32:5). ('ഞങ്ങളോടു കൃപയുണ്ടെങ്കിൽ തിരുസാന്നിധ്യം ഞങ്ങളോടുകൂടെ പോരേണമേ(പുറ.33:15,16)എന്നപേക്ഷിച്ച് ദൈവത്തോട് എത്രയും ചേർന്നിരിക്കാൻ ആഗ്രഹിച്ച മോശെയുടെ മനോഭാവത്തിൽ നിന്ന് എത്രയോ കാതം അകലെയാണ് യിസ്രായേൽ ഗോത്രങ്ങളുടെ ഈ ചിന്താഗതി!)

ദൈവത്തോട് എത്രയും ചേർന്നിരിക്കുന്ന അനുഗൃഹീതമായ അവസ്ഥയുടെ വാഗ്ദാനമാണ് ഇന്ന് വിജയകരമായ ക്രിസ്തീയജീവിതംഎന്നകനാനിന്റെ അനുഭവം മുന്നോട്ടു വയ്ക്കുന്നത്. എന്നാൽ യിസ്രായേലിലെ രണ്ടര ഗോത്രത്തിനു സംഭവിച്ചതുപോലെ ഭൗതികസമൃദ്ധി(prosperity)നൽകുന്ന സംതൃപ്തിയല്ലേ പല വിശ്വാസികളെയും ഈ അനുഭവത്തിൽ പ്രവേശിക്കുന്നതിൽ നിന്നു തടയുന്നത്?

'കനാനിനു പുറത്തു വസിക്കുവാൻ അവർ നിർബന്ധം പിടിച്ചപ്പോൾ മോശെയും ദൈവവും അത് സമ്മതിച്ചല്ലോ; അതുകൊണ്ട് ഇന്നു വിശ്വാസികൾ കനാനിന്റെ സ്വസ്ഥതയിൽ പ്രവേശിച്ചില്ലെങ്കിലും സാരമില്ല' എന്ന് കരുതുന്നവരുണ്ടാകാം. എന്നാൽ യിസ്രായേൽ മുഴുവനും കനാനിൽ വസിക്കുക എന്നതായിരുന്നു ദൈവത്തിന്റെ പൂർണ്ണഹിതം(perfect will)എന്ന് ഓർക്കണം. യോർദ്ദാനിക്കരെ അവരെ തങ്ങാൻ സമ്മതിച്ചത് അവിടുത്തെ അനുവദനീയമായ ഹിതം(permissive will)മാത്രമായിരുന്നു.

ദൈവത്തിന്റെ പൂർണ്ണഹിതത്തിനു താഴെ തൃപ്തി കണ്ടെത്തി അവിടെ ഒതുങ്ങിപ്പോയതുകൊണ്ട് ഈ ഗോത്രങ്ങൾക്കു സംഭവിച്ച ദുരിതങ്ങളും നമുക്ക് മുന്നറിയിപ്പാകേണ്ടതുണ്ട്. യോശുവയുടെ കാലത്തുതന്നെ യോർദ്ദാനിക്കരെയുള്ള ഗോത്രങ്ങൾക്ക് യാഗപീഠത്തിന്റെ ഒരനുകരണവും യഥാർത്ഥ ആരാധനയുടെ ഒരു സമ്പ്രദായവും(pattern)കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു.(യോശുവ 22–ാം അദ്ധ്യായം കാണുക).

അതുപോലെ ആടുമാടുകളെ തീറ്റാൻ വേണ്ടി യോർദ്ദാനു കിഴക്ക് തമ്പടിച്ചവർ യേശുവിന്റെ കാലം ആയപ്പോഴേക്കും ആടുകളെ വിട്ട് യഹൂദന് അറപ്പായ പന്നികളെ മേയിക്കുന്നവരായി മാറി. (മർക്കോ.5:11,14,16,17). എന്തൊരു അധഃപതനം! ദൈവപുത്രൻ അവിടേക്ക് ചെന്നപ്പോൾ എതിരേല്പാൻ വന്നവന്റെ പ്രത്യേകതയും ശ്രദ്ധിക്കുക: ഒട്ടേറെ വ്യക്തിത്വങ്ങൾ ഒരൊറ്റ ആളിൽ കുടികൊള്ളുന്ന(split personality)തരത്തിൽ അശുദ്ധാത്മാവ് ബാധിച്ചവൻ!!(5:2,9)ഇതെല്ലാം വിരൽ ചൂണ്ടുന്നത് ഒന്നിലേക്കാണ്—ദൈവത്തിന്റെ പരമഹിതത്തിന് താഴെ തൃപ്തി കണ്ടെത്തിയാൽ ദുരിതമായിരിക്കും ഫലം.

നമ്മെ സംബന്ധിച്ച് ദൈവത്തിന്റെ പരമഹിതം നാമെല്ലാം വിജയകരമായ ജീവിതമായ കനാനിന്റെ സ്വസ്ഥതയിലേക്ക് പ്രവേശിക്കണമെന്നതാണ്. എന്നാൽ അതിൽനിന്നു മാറി യോർദ്ദാന്റെ കിഴക്കേക്കരയിൽ സ്വയംതൃപ്തിയുടെ പുതിയ മേച്ചിൽപ്പുറങ്ങൾ തേടുകയാണോ നാം? എങ്കിൽ യിസ്രായേലിന്റെ അനുഭവം നമുക്ക് മുന്നറിയിപ്പാകട്ടെ. "ഇതു ദൃഷ്ടാന്തമായി അവർക്കു സംഭവിച്ചു ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്ക് ബുദ്ധ്യുപദേശത്തിനായി എഴുതിയുമിരിക്കുന്നു"
(1കൊരി.10:11)

സന്ദേശം

# സ്വയംതൃപ്തി : ക്രിസ്ത്യാനിയുടെ ഏറ്റവും വലിയശത്രു

എ.ഡബ്ള്യു. ടോസർ



**സഭയെ നന്നാക്കാൻ തങ്ങളിലേക്ക് വിരൽ ചൂണ്ടേണ്ടതിനു പകരം ആളുകൾ മറ്റുള്ളവരിലേക്ക് വിരൽ ചൂണ്ടിയാൽ സഭ അഴുകുന്നു എന്നതിന്റെ വ്യക്തമായ തെളിവാണത്.**

യോർദ്ദാനക്കരെ മോവാബ് ദേശത്തു വെച്ച് മോശെ ഈ ന്യായപ്രമാണം വിവരിച്ചുതുടങ്ങിയത് എങ്ങനെയെന്നാൽ:ഹോരേബിൽ വെച്ച് നമ്മുടെ ദൈവമായ യഹോവ നമ്മോട് കൽപിച്ചത്: നിങ്ങൾ ഈ പർവ്വതത്തിൽ പാർത്തതു മതി. തിരിഞ്ഞു യാത്രചെയ്ത് അമോര്യരുടെ പർവ്വതത്തിലേക്കും അതിന്റെ അയൽപ്രദേശമായ അരാബ, മലനാട്, താഴ്‌വീതി, തെക്കേദേശം,കടൽക്കര എന്നിങ്ങനെയുള്ള കനാന്യദേശത്തിലേക്കും ലെബാനോനിലേക്കും ഫ്രാത്ത് എന്ന മഹാനദി വരെയും പോകുവിൻ. ഇതാ ഞാൻ ആ ദേശം നിങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്നു. നിങ്ങൾ കടന്ന് യഹോവ നിങ്ങളുടെ പിതാക്കന്മാരായ അബ്രഹാമിനും യിസ്സഹാക്കിനും യാക്കോബിനും അവരുടെ സന്തതിക്കും കൊടുക്കുമെന്ന് സത്യം ചെയ്ത ദേശത്തെ കൈവശമാക്കുവിൻ”(ആവർത്തനം 1:5-8)

പഴയനിയമത്തിൽ യിസ്രായേൽ നേരിട്ട ഏറ്റവും വലിയ ഭീഷണി അവർ നിത്യസാധാരണമായ കാര്യങ്ങളുടെ അധീശത്വത്തിൻ കീഴിലായിപ്പോയി എന്നതാണ്. യിസ്രായേൽ വട്ടത്തിൽ ചുറ്റിനടക്കുകയും പർവ്വതത്തിന്റെ സുരക്ഷിതത്വത്തിൽ കുറച്ചുനാൾ താമസിക്കുന്നതിൽ തൃപ്തിപ്പെടുകയുമാണ് ചെയ്തത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സാധാരണ കാര്യങ്ങളിൽ തൃപ്തിപ്പെട്ടിരിക്കുന്ന മനോഭാവമാണിത്. ഒടുവിൽ ദൈവം ആ ഗതാനുഗതികത്വം തകർത്ത് അതിൽ ഇട

പെടുന്നു-"നിങ്ങൾ ഈ പർവ്വതത്തിങ്കൽ പാർത്തത് മതി. തിരിഞ്ഞു യാത്ര ചെയ്യുക."(1:6-7)

ഒരു ആത്മികാനുഭവമോ, ഒരു ആത്മിക അവസ്ഥയോ ആണ് നമ്മെ സംബന്ധിച്ച് ഈ പർവ്വതം. ദൈവം അവർക്കു വാഗ്ദാനം ചെയ്ത നാട്ടിൽ എന്നെങ്കിലും എത്തിച്ചേരാം എന്ന പ്രതീക്ഷ കൈവിട്ടതാണ് യിസ്രായേലിന്റെ ഏറ്റവും വലിയ പ്രശ്നം. വട്ടത്തിൽ ചുറ്റി നടക്കുകയും നല്ല സൗകര്യപ്രദമായ സ്ഥലങ്ങളിൽ പാളയം അടിക്കുകയും ചെയ്യുന്നതിൽ തൃപ്തരായിരുന്നു അവർ.'സ്ഥിരംപരിപാടിയുടെ ആവർത്തനം' എന്ന വൃത്തത്തിൽ അവർ കടുങ്ങിക്കിടന്നു. ദൈവം വാഗ്ദാനം ചെയ്ത സമൃദ്ധി കൈയാളാൻ കഴിയാതെ തങ്ങൾ ആയിരുന്നിടത്ത് അത് അവരെ തളച്ചിട്ടു.

അവരുടെ ശത്രുക്കളായ ഏദോമ്യർ അവരുടെ പിന്നാലെ വന്നിരുന്നെങ്കിൽ യിസ്രായേലിലെ അവസാന ആൾ വരെ ഏദോമ്യർക്കെതിരെ യുദ്ധം ചെയ്ത് അവരെ തോൽപിക്കുകയും അങ്ങനെ യിസ്രായേൽ മുന്നോട്ടു പോകുകയും ചെയ്യുമായിരുന്നു. പകരം യിസ്രയേൽ കൈയും കെട്ടിയിരിക്കുകയും പതിവു കാര്യങ്ങൾ പതിവായി ആവർത്തിക്കുകയും ചെയ്തു!

ഇന്ന് സഭ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി എന്താണ്? ഇവിടെയാണ് ധാരാളം അയാഥാർത്ഥ്യവും അബോധപൂർവ്വമായ കാപട്യവും കടന്നു വരുന്നത്. "സ്വതന്ത്രചിന്താഗതിക്കാരായ ആളുകളാണ് നമ്മുടെ ഏറ്റവും വലിയ ശത്രു" എന്നു പറയാൻ പലരും തയ്യാറാണ്. എന്നാൽ ശരാശരി സുവിശേഷവിഹിതസഭയ്ക്ക് ലിബറൽ ആശയങ്ങൾ മൂലം വലിയ കുഴപ്പം ഉണ്ടാകുകയില്ല എന്നത് ലളിതമായ ഒരു വസ്തുതയാണ്. മോശെയുടെ പഞ്ചഗ്രന്ഥങ്ങൾ വെറും കെട്ടുകഥയാണെന്ന് ആരും നമ്മുടെ സഭായോഗങ്ങളിൽ എഴുന്നേറ്റു നിന്ന് സമർത്ഥിക്കുകയില്ല. സൃഷ്ടിയുടെ കഥ വെറും മതപരമായ വേദശാസ്ത്രമാണെന്ന് ആരും പറയുകയില്ല. യേശു വെള്ളത്തിനു മീതെ നടന്നതിനെയോ മരിച്ചവരിൽ നിന്ന് ഉയിർത്തതിനെയോ ആരും നിഷേധിക്കുകയില്ല. യേശു ദൈവപുത്രനല്ലെന്നും അവിടുന്ന് മടങ്ങി വരികയില്ലെന്നും ആരും നമ്മുടെ കൂടിവരവുകളിൽ എഴുന്നേറ്റു നിന്ന് പറയുകയില്ല. തിരുവെഴുത്തുകളുടെ ദൈവശ്വാസീയതയെ ആരും നിഷേധിക്കുകയില്ല. ചുരുക്കത്തിൽ നമുക്ക് ലിബറലിസത്തിന്റെ പിന്നിൽ മുഖം ഒളിപ്പിച്ച് അതാണ് ഏറ്റവും വലിയ ശത്രു എന്ന് പറയാൻ കഴിയുകയില്ല. തങ്ങൾക്കു ലഭിച്ച സത്യങ്ങളെ മുറുകെ പിടിക്കുന്നവരാണ് സുവിശേഷവിഹിത ക്രിസ്ത്യാനികൾ. അതുകൊണ്ടുതന്നെ സ്വതന്ത്രചിന്താഗതിക്കാരല്ല അവരുടെ ഏറ്റവും വലിയ ശത്രുക്കൾ.

നമുക്ക് ഭരണകൂടവുമായും പ്രശ്നമൊന്നുമില്ല. ആളുകൾക്ക് ഇഷ്ടമുള്ള കാര്യങ്ങൾ നമ്മുടെ രാജ്യത്ത് ചെയ്യാം. സർക്കാർ അതിലൊന്നും കൈ കടത്തുകയില്ല. നമുക്കു വേണമെങ്കിൽ രാത്രി മുഴുവൻ പ്രാർത്ഥന നടത്താം. ഗവൺമെന്റ് അതു ശ്രദ്ധിക്കുകയോ നമ്മെ വിളിച്ചു ചോദ്യം ചെയ്യുകയോ ചെയ്യുന്നില്ല. നമ്മുടെ എല്ലാ നീക്കങ്ങളും ശ്രദ്ധയോടെ വീക്ഷിച്ച് ഒരു രഹസ്യപോലിസുകാരനും നമ്മുടെ പിന്നാലെ നടക്കുന്നില്ല.. നമ്മൾ ഒരു സ്വതന്ത്രരാജ്യത്ത് ജീവിക്കുന്നു. ആ സൗകര്യത്തിനായി നാം ദിവസവും ദൈവത്തെ സ്തുതിക്കേണ്ടിയിരിക്കുന്നു.

### പതിവുകാര്യങ്ങളുടെ അധീശത്വം

പതിവുകാര്യങ്ങളുടെ ഏകാധിപത്യഭരണമാണ് ഇന്ന് യേശുക്രിസ്തുവിന്റെ സഭ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ശത്രു. സഭയുടെ മേൽ 'പതിവുകൾ' കർത്തൃത്വം നടത്തുന്നു! പരിപാടികൾ ആസൂത്രണം ചെയ്യുന്നു; നിലവിലുള്ള സാഹചര്യത്തെ സ്വാഭാവികം എന്ന് അംഗീകരിക്കുന്നു. അടുത്ത ഞായറാ





ഴ്ചത്തെ സഭായോഗം എങ്ങനെയിരിക്കുമെന്നും എന്തു സംഭവിക്കുമെന്നും ആർക്കും പ്രവചിക്കാം. സഭ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഭീഷണി ഇതാണെന്നു തോന്നുന്നു. എല്ലാം മുൻകൂർ പറയാൻ കഴിയുകയും ആരും ദൈവത്തിൽ നിന്നും അസാധാരണമായി ഒന്നും പ്രതീക്ഷിക്കാതിരിക്കുകയും ചെയ്യുമ്പോൾ നാം ഒരു പതിവു ചാലിൽ വീഴുകയാണ്. പതിവുകൾ കാര്യങ്ങളെ നിയന്ത്രിക്കുന്നു; ഫലം അടുത്ത ഞായറാഴ്ചയും അടുത്ത മാസവും കാര്യങ്ങൾ മെച്ചപ്പെട്ടില്ലെങ്കിൽ അടുത്ത വർഷവും എന്തു സംഭവിക്കും എന്ന് നമുക്ക് നേരത്തേ പറയാൻ കഴിയും! അപ്പോൾ നാം എത്തിച്ചേരുന്നത് കഴിഞ്ഞ കാര്യങ്ങൾ ഇന്നിനെ തീരുമാനിക്കയും ഇന്ന് നാളയെ തീരുമാനിക്കയും ചെയ്യുന്ന ഇടത്താണ്.

ഒരു സെമിത്തേരിയെ സംബന്ധിച്ചിടത്തോളവും ഇത് സ്വാഭാവികവും പൂർണ്ണമായി ശരിയുമാണ്. ഏകതാനതയ്ക്ക് അപ്പുറത്ത് ആരും ഒന്നും സെമിത്തേരിയിൽ നിന്നും പ്രതീക്ഷിക്കുന്നില്ല.പൊതു സെമിത്തേരിയിൽ ഉറങ്ങുന്നവരാണ് എല്ലാറ്റിനോടും യോജിച്ചുപോകുന്നവർ. അവർ ആരെയും ശല്യപ്പെടുത്തുന്നില്ല. അവർ അവിടെ വെറുതെ കിടക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം അത് പൂർണ്ണമായും അനുയോജ്യമായ കാര്യമാണ്.സെമിത്തേരിയെ സംബന്ധിച്ച് എല്ലാ കാര്യവും മുൻകൂട്ടി പ്രവചിക്കാൻ കഴിയും . പതിവുകാര്യങ്ങളെ സെമിത്തേരിയും സെമിത്തേരിയിലുള്ളവരും സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. മരിച്ചവരുടെ ഇടയിൽ നിന്ന് അസാധാരണമായി എന്തെങ്കിലും ആരും പ്രതീക്ഷിക്കുകയില്ല. എന്നാൽ സഭയൊരു സെമിത്തേരി അല്ല. അതിൽ നിന്നു നാം കൂടുതൽ പ്രതീക്ഷിക്കണം. കഴിഞ്ഞ കാര്യങ്ങൾ ഇന്ന് സംഭവിക്കുന്നതിനെ നിർണ്ണയിക്കുകയും ഇന്ന് നാളെയെ നിർവചിക്കുകയും ചെയ്യാൻ പാടില്ല. ദൈവജനങ്ങൾ വളരേണ്ടിയിരിക്കുന്നു.

. പതിവുകാര്യങ്ങളെ സെമിത്തേരിയും സെമിത്തേരിയിലുള്ളവരും സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. മരിച്ചവരുടെ ഇടയിൽ നിന്ന് അസാധാരണമായി എന്തെങ്കിലും ആരും പ്രതീക്ഷിക്കുകയില്ല. എന്നാൽ സഭയൊരു സെമിത്തേരി അല്ല. അതിൽ നിന്നു നാം കൂടുതൽ പ്രതീക്ഷിക്കണം. കഴിഞ്ഞ കാര്യങ്ങൾ ഇന്ന് സംഭവിക്കുന്നതിനെ നിർണ്ണയിക്കുകയും ഇന്ന് നാളെയെ നിർവചിക്കുകയും ചെയ്യാൻ പാടില്ല. ദൈവജനങ്ങൾ വളരേണ്ടിയിരിക്കുന്നു.

വളർച്ച ഉള്ളിടത്തോളം പ്രവചനാതീതമായ ഒന്നുണ്ട്. പല സഭകളെ സംബന്ധിച്ചും എന്തു സംഭവിക്കും എന്ന് നമുക്ക് ഏറെക്കുറെ പ്രവചിക്കാം.-പൂർണ്ണമായും ശരിയല്ലെങ്കിലും -എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് എല്ലാവർക്കും അറിയാം. ഇതാണ് നമ്മുടെ ഏറ്റവും വലിയ ശത്രു. നമ്മൾ പിശാചിനെയും അന്ത്യകാലത്തെയും എന്നു വേണ്ട നമുക്കു ചിന്തിക്കാൻ കഴിയുന്ന എല്ലാറ്റിനെയും അപകടകാരികളെന്ന് മുദ്രകുത്തുകയും പഴി പറയുകയും ചെയ്യും. എന്നാൽ ഏറ്റവും വലിയ ശത്രു നമ്മുടെ വെളിയിലല്ല, അത് ഉള്ളിലാണ്. കാര്യങ്ങളെ അതേപോലെ, ആയിരിക്കുന്ന നിലയിൽ തന്നെ സ്വാഭാവികം എന്നംഗീകരിക്കുന്ന മനോഭാവമാണത്. 'എന്താണ്' എന്നത് 'എന്തായിരിക്കും' എന്നതിനെ നിർണ്ണയിക്കും എന്ന് നാം വിശ്വസിക്കുന്നു. ഫലം നാം പ്രതീക്ഷയിൽ വളരുന്നില്ല.

### പുരോഗതിയുടെ ഘട്ടങ്ങൾ

ആത്മീയ ജീവിതത്തിൽ മുന്നോട്ടു പോകുന്നതിനെപ്പറ്റി ഇതുപോലെ ആരെങ്കിലും പറഞ്ഞാൽ ഉടനെ ദൈവജനം പ്രതികരിക്കുന്നത് ബാഹ്യമായി ധാരാളം

പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടാണ്. പക്ഷേ ഞാൻ ആത്മീയപുരോഗതിയെക്കുറിച്ച് പറയുമ്പോൾ തികച്ചും ആന്തരികമായ നീക്കമാണ് ഉദ്ദേശിക്കുന്നത്. വാസ്തവത്തിൽ ദേഹിയും മനസ്സുമാണ് നമ്മുടെ പെരുമാറ്റത്തെ ആത്യന്തികമായി നിർണയിക്കുന്നത്. ആത്മീയപുരോഗതിയുടെ ഘട്ടങ്ങൾ ഞാൻ നിങ്ങളെ കാണിക്കാം

***യാന്ത്രികമായി ഉരുവിടുക*** എന്നു ഞാൻ വിളിക്കുന്ന മനോനിലയെക്കുറിച്ച് ആദ്യമായി പറയാം.. പ്രത്യേകിച്ച് വികാരമൊന്നുമില്ലാതെ'തത്തമ്മേ പൂച്ച' എന്ന മട്ടിൽ യാന്ത്രികമായി ആവർത്തിച്ചു പറയുന്നതിനെയാണ് യാന്ത്രികമായ ഉരുവിടൽ എന്നപ്രയോഗം കൊണ്ട് ഞാനിവിടെ ഉദ്ദേശിക്കുന്നത്. ആരെങ്കിലും ഒരിക്കൽ തിരുവെഴുത്ത് വായിച്ച് വിശ്വസിക്കയോ മഹത്തായ ക്രിസ്തീയകീർത്തനങ്ങളിൽ പറയുന്നത് വിശ്വാസത്താൽ ഏറ്റെടുക്കുകയോ ചെയ്താൽ ചുരുങ്ങിയ സമയത്തിനുള്ളിൽ അനുഗൃഹീതമായ ഒരു ആത്മീയവിപ്ളവം വ്യക്തിപരമായി നടക്കും. പക്ഷേ പലരും പിന്നീട് ഒരു യാന്ത്രികതയാൽ പിടിക്കപ്പെട്ട് വൈകാരികമായ ഉണർത്തലോ ,അർത്ഥബോധമോ, അത്ഭുതമോ, ആഹ്ളാദപരമായ വിസ്മയമോ, പ്രതീക്ഷയോ ഇല്ലാതെ കാര്യങ്ങൾ ആവർത്തിക്കാൻ തുടങ്ങും.. നമ്മുടെ ശുശ്രുഷകളിൽ ദൈവത്തിന് ഇടപെടാൻ അവസരമില്ല; കാരണം ദൈവത്തിനുള്ള സ്ഥാനം നാം നിശ്ചയിച്ചു വച്ചിരിക്കുകയാണ്. "കർത്താവേ, ഞങ്ങൾ എല്ലാം ഈ നിലയിൽ ആസൂത്രണം ചെയ്തു വച്ചിരിക്കുന്നു. ദയവായി ഈ പദ്ധതികളെ അനുഗ്രഹിച്ചാലും!" എന്നാണ് നാം കർത്താവിനോടു പറയുന്നത്. നാം വികാരമൊന്നും കൂടാതെ ആവർത്തിക്കുന്നു. അർത്ഥമറിയാതെ നാം ഉരുവിടുന്നു. വിസ്മയം ഇല്ലാതെ നാം പാടുന്നു. അത്ഭുതം ഇല്ലാതെ നാം കേട്ടിരിക്കുന്നു- ഇതാണ് യാന്ത്രികം എന്നതുകൊണ്ട് ഞാൻ അർത്ഥമാക്കുന്നത്.

ഇനി നമുക്ക് ഒരു പടി കൂടിമുന്നോട്ടുപോയി *'വെട്ടിലാവുക'* എന്ന അവസ്ഥയെക്കുറിച്ച് ചിന്തിക്കാം. നാം മുമ്പു കണ്ട യാന്ത്രികമായ ഉരുവിടലിനോടുള്ള ബന്ധനമാണിത്.യാന്ത്രികതയോടു നമുക്കുള്ള ബന്ധനം കാണാനോ മനസ്സിലാക്കാനോ കഴിയാത്ത അവസ്ഥയാണ് വെട്ടിലാവുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഉദാഹരണത്തിന് ഒരു മനുഷ്യൻ മാരകരോഗിയാണ്; അവന് അതറിയാൻ പാടില്ല എന്നിരിക്കട്ടെ. ഡോക്ടറന്മാർ അദ്ദേഹത്തിന്റെ ഭാര്യയോട് ഇങ്ങനെ പറഞ്ഞേക്കും. "നിങ്ങളുടെ ഭർത്താവിനെ ഭയപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷേ ഏതു നിമിഷവും അദ്ദേഹത്തിനു മരണം സംഭവിച്ചേക്കാം. അദ്ദേഹം അതീവഗുരുതരമായ നിലയിൽ രോഗിയാണ്. അതുകൊണ്ട് ഏതു നിമിഷവും അതു പ്രതീക്ഷിക്കുക."പക്ഷേ ആ മനുഷ്യനു തന്റെ അവസ്ഥ അറിഞ്ഞുകൂടാ. ഒന്നും സംഭവിക്കാത്തതുപോലെ അദ്ദേഹം ജോലിക്കു പോകുന്നു. ഗോൾഫോ ടെന്നീസോ കളിക്കുന്നു. നായാട്ടിനു പോലും പോയെന്നിരിക്കും. അയാൾ ഗുരുതരാവസ്ഥയിലുള്ള രോഗിയാണ്. പക്ഷേ തന്റെ യഥാർത്ഥ അവസ്ഥ അയാൾ അറിയുന്നില്ല. ഇതുതന്നെ അയാളുടെ അന്ത്യം ത്വരിതപ്പെടുത്തിയെന്നിരിക്കും. യഥാർത്ഥസ്ഥിതി അറിയാതിരിക്കുന്നത് അപകടകരമായ ഒരവസ്ഥയാണ്.

> **നമ്മുടെ ശുശ്രുഷകളിൽ ദൈവത്തിന് ഇടപെടാൻ അവസരമില്ല; കാരണം ദൈവത്തിനുള്ള സ്ഥാനം നാം നിശ്ചയിച്ചു വച്ചിരിക്കുകയാണ്. "കർത്താവേ ഞങ്ങൾ എല്ലാം ഈ നിലയിൽ ആസൂത്രണം ചെയ്തു വച്ചിരിക്കുന്നു. ദയവായി ഈ പദ്ധതികളെ അനുഗ്രഹിച്ചാലും!" എന്നാണ് നാം കർത്താവിനോടു പറയുന്നത്. നാം വികാരമൊന്നും കൂടാതെ ആവർത്തിക്കുന്നു. അർത്ഥമറിയാതെ നാം ഉരുവിടുന്നു. വിസ്മയം ഇല്ലാതെ നാം പാടുന്നു. അത്ഭുതം ഇല്ലാതെ നാം കേട്ടിരിക്കുന്നു.**





ആത്മീയമായിപറഞ്ഞാൽ യാന്ത്രികതയോടുള്ള അടിമത്തമാണ് വെട്ടിലാവുന്ന അവസ്ഥ. ഈ അടിമത്തം മനസ്സിലാകുന്നില്ല എന്നതിലാണ് ഏറെ അപകടമുള്ളതും.

മൂന്നാമത് ഒരു വാക്കുണ്ട് അത് സത്യത്തിൽ ഉപയോഗിക്കാൻ എനിക്കു താത്പര്യമില്ല. എന്നാൽ സഭാചരിത്രത്തിൽ അതു ധാരാളം കാണാം. ആ വാക്ക് ***'ചീയുക'*** എന്നതാണ്. അഴുകി കട്ടപിടിച്ച അവസ്ഥയാൽ സഭ പലപ്പോഴും പീഡിതമായിട്ടുണ്ട്. എല്ലാ പ്രതീക്ഷയും കൈവിട്ട അവസ്ഥയാണത്. അതായത് ആത്മീയമായ കാഠിന്യം നമ്മെ കീഴ്പ്പെടുത്തുന്നു. മെച്ചമായ ഒന്നും ഭാവന ചെയ്യാനാവാത്ത, നന്നാകണമെന്ന ആഗ്രഹം പോലും കൈമോശം വന്ന സ്ഥിതി.

ഇതിനു ചിലർ ഈ രീതിയിൽ എതിർന്യായം ഉന്നയിച്ചേക്കാം:"വളർച്ച ആഗ്രഹിക്കുന്ന, ആളുകളുടെ സംഖ്യ വർദ്ധിപ്പിക്കുന്ന ധാരാളം സുവിശേഷവിഹിതസഭകൾ എനിക്കറിയാം.വളരാനവർക്ക് ആഗ്രഹമുണ്ട്. ജനങ്ങളുടെ എണ്ണവും കൂടുന്നു."അതു ശരിയായിരിക്കാം. പക്ഷേ ആളുകൾ വന്ന് അവരുടെ വെട്ടിലായി തങ്ങളുടെ ചാല് അവരോട് പങ്കിടാനാണ് അവർ ആഗ്രഹിക്കുന്നത്. തങ്ങളുടെ ചാലിൽ വന്ന് ഒടുവിൽ ആ ചീയലിന്റെ ഭാഗമാകാൻ വേണ്ടിയാണ് അവർക്ക് ആളുകളെ വേണ്ടത്. കാരണം നമ്മുടെ കൂടിവരവുകളിൽ പ്രവർത്തിക്കാൻ പരിശുദ്ധാത്മാവിന് ഒരവസരമില്ല. ആരും അനുതപിക്കുന്നില്ല; ദൈവത്തെ അന്വേഷിക്കുന്നില്ല. തങ്ങളുടെ വഴികളെ ക്രമപ്പെടുത്തുന്നതിനായി തുറന്ന ബൈബിളുമായി ആരും ഒരു ദിവസം ദൈവത്തിനായി കാത്തിരിക്കുന്നില്ല. ആരും ഇതൊന്നും ചെയ്യുന്നില്ല. നമുക്ക് ആളുകളെ വേണമെന്നേയുള്ളു. പക്ഷേ എന്തിനു വേണ്ടിയാണ് ആളുകൾ? അവർ വന്ന് വികാരമോ അർത്ഥമോ അത്ഭുതമോ വിസ്മയമോ ഇല്ലാതെ നമ്മുടെ ചത്ത ശുശ്രൂഷകൾ ആവർത്തിക്കണം. അത്രമാത്രം. യാന്ത്രികമായ ഉരുവിടലിനോടുള്ള നമ്മുടെ അടിമത്തത്തിൽ പങ്കാളികളാകാൻ നമുക്ക് ആളുകളെ ആവശ്യമുണ്ട്. പല സ്ഥലങ്ങളിലും ആത്മീയകാഠിന്യം വളരെ കൂടുതലാണ്; അതെത്രത്തോളമുണ്ടെന്ന് അറിയാൻ പോലും കഴിയാത്തത്ര കാഠിന്യം!

> **ഒരു ഭയങ്കരപാപമാണ് സ്വയം തൃപ്തി. "കർത്താവേ, എന്റെ ആത്മീയനിലവാരത്തെക്കുറിച്ച് ഞാൻ തൃപ്തനാണ്. ഈ ദിവസങ്ങളിൽ ഒന്നിൽ അവിടുന്ന് വീണ്ടും വരികയും ഞാൻ അങ്ങയുടെ അടുത്തേക്ക് ചേർക്കപ്പെടുകയും അഞ്ചു പട്ടണങ്ങളെ ഭരിക്കുവാൻ ഞാൻ നിയമിക്കപ്പെടുകയും ചെയ്യുമെന്ന് ഞാൻ കരുതുന്നു."- ഇതാണ് ചിലരുടെ മനോഭാവം. ഈ ആളുകൾക്ക് അവരുടെ വീടോ കുടുംബമോ പോലും ഭരിക്കാൻ കഴിയുന്നില്ല, എന്നാൽ അഞ്ചു പട്ടണങ്ങളുടെ മേൽ വാഴുമെന്ന് അവർ കരുതുന്നു!**

**സഭയെന്നാൽ എന്താണ്?**

വ്യക്തതയ്ക്കായി ചോദിക്കട്ടെ സഭയെന്നാൽ എന്താണ്? സഭ യാന്ത്രികതയിൽ അഭിരമിച്ച ഒരു ചാലിൽ വീണ് ചീയുന്നതിനെക്കുറിച്ചെല്ലാം പറയുമ്പോൾ ഞാൻ എന്താണ് അർത്ഥമാക്കുന്നത്?

ഒന്നാമത് സഭ എന്നാൽ ഒരു കെട്ടിടം അല്ല. സഭയെന്നാൽ വ്യക്തികളുടെ ഒരു കൂട്ടമാണ്. ഈകാലങ്ങളിൽ സഭയെക്കുറിച്ച് അർത്ഥമില്ലാത്ത ധാരാളം വാചകമടികൾ നാം കേൾക്കുന്നു. അത് അർത്ഥമില്ലാത്തതാണ്. കാരണം സഭയ്ക്ക് തനിയേ ഒരു നിലനിൽപില്ലെന്ന്

വെറുതെ വാചകം പറയുന്നവർ ഓർക്കുന്നില്ല. സഭയ്ക്ക് അതിൽത്തന്നെ ഒരു അസ്തിത്വമില്ല. മറിച്ച് അത് വ്യക്തികൾ ചേർന്നതാണ്. രാജ്യത്തെക്കുറിച്ചു പറയുമ്പോഴും ഈ തെറ്റ് സംഭവിക്കാറുണ്ട്. ചിലപ്പോൾ രാഷ്ട്രീയക്കാർ രാജ്യത്തെക്കുറിച്ചു പറയുന്നതു കേട്ടാൽ അതിന് അതിൽത്തന്നെ ഒരസ്തിത്വമുണ്ടെന്ന് തോന്നിപ്പോകും.. സാമൂഹികപ്രവർത്തകർ സമൂഹത്തെപ്പറ്റി പറയുന്നു. പക്ഷേ സമൂഹം എന്നു പറയുന്നത് ആളുകളാണ്. സഭയും അങ്ങനെതന്നെ. സഭ പണിയപ്പെട്ടിരിക്കുന്നത് യഥാർത്ഥ ആളുകളെക്കൊണ്ടാണ്. അവർ ഒന്നിച്ചു വരുമ്പോൾ സഭയുണ്ടാകുന്നു. ആളുകൾ എങ്ങനെയുള്ളവരാണോ സഭയും അങ്ങനെ തന്നെ- ഒട്ടും മെച്ചവുമല്ല, ഒട്ടും മോശവുമല്ല. വിശുദ്ധിയിലോ തീക്ഷ്ണതയിലോ ആരാധനയിലോ ഒന്നും ആളുകളെ കവിഞ്ഞ് സഭയ്ക്കു പോകാനാവില്ല. സഭയെ മാറ്റണമെങ്കിൽ, മെച്ചപ്പെടുത്തണമെങ്കിൽ, വ്യക്തികളിൽ അതു തുടങ്ങണം.

സഭയെ നന്നാക്കാൻ തങ്ങളിലേക്ക് വിരൽ ചൂണ്ടേണ്ടതിനു പകരം ആളുകൾ മറ്റുള്ളവരിലേക്ക് വിരൽ ചൂണ്ടിയാൽ സഭ അഴുകുന്നു എന്നതിന്റെ വ്യക്തമായ തെളിവാണത്. മൂന്നു പാപങ്ങളാണ് അതു വ്യക്തമാക്കുന്നത്: സ്വയം നീതീകരണം എന്ന പാപം,കുറ്റാരോപണം എന്ന പാപം, സ്വയംതൃപ്തി എന്ന പാപം.

“നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും”(മത്തായി26:21) എന്ന് കർത്താവു പറഞ്ഞപ്പോൾ ആരും ചോദിച്ചില്ല “കർത്താവേ അത് അവനാണോ”? പകരം “കർത്താവേ അതു ഞാനാണോ”? എന്നു ചോദിക്കാനുള്ള ആത്മീയകാഴ്ചപ്പാട് അവർക്കുണ്ടായിരുന്നു (26:22) അവർ ആ നിലയിൽ പ്രതികരിച്ചില്ലായിരുന്നെങ്കിൽ ഒരു പെന്തക്കോസ്ത് ഉണ്ടാകുമായിരുന്നില്ല. എന്നാൽ തങ്ങളുടെ നേരെ തന്നെ വിരൽ ചൂണ്ടാനുള്ള താഴ്മ അവർക്കുണ്ടായിരുന്നതിനാൽ പരിശുദ്ധാത്മാവിന്റെ ചൊരിച്ചിൽ അവരുടെ മേൽ ഉണ്ടായി.

> **യേശുക്രിസ്തു നമുക്കു വേണ്ടി ചെയ്തത് എല്ലാം നമുക്ക് ഈ കാലഘട്ടത്തിൽ തന്നെ പ്രാപിക്കാൻ കഴിയും . വിജയകരമായ ജീവിതം, സന്തോഷഭരിതമായ ജീവിതം, വിശുദ്ധമായ ജീവിതം, ഫലം നൽകുന്ന ജീവിതം, ത്രീയേകദൈവത്തെക്കുറിച്ചുള്ള അത്ഭുതകരമായ പരിജ്ഞാനം-ഇവയെല്ലാം നമ്മുടേതാണ്. മുൻപ് അറിഞ്ഞിട്ടില്ലാത്ത ശക്തി, പ്രാർത്ഥനയുടെ സ്വപ്നം പോലും കാണാൻ കഴിയാത്ത ഉത്തരങ്ങൾ-ഇതെല്ലാം നമ്മുടേതാണ്.**

ദൈവജനത്തിന്റെ മദ്ധ്യത്തിലുള്ളഏറ്റവും വലിയ പാപങ്ങളിൽ ഒന്നാണ് സ്വയംനീതീകരണം.നാം എന്തായിരിക്കണമെന്ന് നാം ആഗ്രഹിക്കുന്നതലത്തിൽ നാം അതായി എന്നു കരുതിപ്പോയാൽ നമുക്കു പുരോഗതിയില്ല. നാം നമ്മുടെ ജീവിതത്തിൽ ഒരു മാറ്റത്തിനോ മെച്ചമായ ഒരനുഭവത്തിനോ വേണ്ടി പിന്നെ ആഗ്രഹിക്കുകയില്ല. ഇതു സ്വാഭാവികമായി മറ്റുള്ളവരെ വിധിക്കുന്നതിലേക്ക് നമ്മെ നടത്തും. ഈ വിധിയെയാണ് നാം ശ്രദ്ധിക്കേണ്ടത്. നാം മറ്റുള്ളവരെ വിധിക്കുന്നത് പ്രാദേശികസഭയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കും.

സ്വയം നീതീകരണം സ്വയംതൃപ്തിയിലേക്ക് നയിക്കും. ഞാൻ നേരത്തേ ഒരു ചാലിൽ വീണ് ചീയുന്നതിനെക്കുറിച്ച് പറഞ്ഞ എല്ലാ കാര്യത്തെയും മൂടിവയ്ക്കുന്ന ഒരു ഭയങ്കരപാപമാണ് സ്വയംതൃപ്തി. “കർത്താവേ, എന്റെ ആത്മീയ നിലവാരത്തെക്കുറിച്ച് ഞാൻ തൃപ്തനാണ്. ഈ ദിവസങ്ങളിൽ ഒന്നിൽ അവിടുന്ന് വീണ്ടും വരികയും ഞാൻ അങ്ങയുടെ അടുത്തേക്ക് ചേർക്കപ്പെടുകയും അഞ്ചു പട്ടണങ്ങളെ ഭരിക്കുവാൻ ഞാൻ നിയമിക്കപ്പെടുകയും ചെയ്യുമെന്ന് ഞാൻ





കരുതുന്നു.”- ഇതാണ് ചിലരുടെ മനോഭാവം. ഈ ആളുകൾക്ക് അവരുടെ വീടോ കുടുംബമോ പോലും ഭരിക്കാൻ കഴിയുന്നില്ല, എന്നാൽ അഞ്ചു പട്ടണങ്ങളുടെ മേൽ വാഴുമെന്ന് അവർ കരുതുന്നു!

**ഇതാണ് സ്വയംവഞ്ചന**

നാം നമ്മെത്തന്നെ വിഡ്ഢികളാക്കുകയാണോ എന്നു ഞാൻ അത്ഭുതപ്പെടുന്നു. ഒട്ടേറെ കാര്യങ്ങളിൽ നാം സ്വയംവഞ്ചനയുടെ പിടിയിലാണോ എന്നും സംശയിക്കുന്നു''നിങ്ങൾ ആയിരിക്കുന്നിടത്ത് നിങ്ങൾ ആവശ്യത്തിലേറെ നേരം ചെലവഴിച്ചുകഴിഞ്ഞു. പാളയം പുറപ്പെടട്ടെ. പർവ്വതപട്ടണത്തിലേക്ക് നിങ്ങൾ നീങ്ങുക” എന്ന് യേശു നമ്മോടു പറയുന്നത് ഞാൻ കേൾക്കുന്നു. ഇത് നമുക്കു വേണ്ടിയുള്ള ദൈവത്തിന്റെ ഒരു പുതിയ ആത്മീയ അനുഭവമാകാം. യേശുക്രിസ്തു നമുക്കു വേണ്ടി ചെയ്തത് എല്ലാം നമുക്ക് ഈ കാലഘട്ടത്തിൽ തന്നെ പ്രാപിക്കാൻ കഴിയും . വിജയകരമായ ജീവിതം, സന്തോഷഭരിതമായ ജീവിതം, വിശുദ്ധമായ ജീവിതം, ഫലം നൽകുന്ന ജീവിതം, ത്രീയേകദൈവത്തെക്കുറിച്ചുള്ള അത്ഭുതകരമായ പരിജ്ഞാനം-ഇവയെല്ലാം നമ്മുടേതാണ്. മുൻപ് അറിഞ്ഞിട്ടില്ലാത്ത ശക്തി, പ്രാർത്ഥനയുടെ സ്വപ്നം പോലും കാണാൻ കഴിയാത്ത ഉത്തരങ്ങൾ -ഇതെല്ലാം നമ്മുടേതാണ്. “പോകുവിൻ ഇതാ ഞാൻ ആ ദേശം നിങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്നു.........ദേശത്തെ കൈവശമാക്കുവിൻ”(ആവർത്തനം 1:8) കർത്താവ് അതു നിങ്ങൾക്ക് ഒരു ഉടമ്പടിയായി തന്നിരിക്കുകയാണ്. പോയി കൈവശമാക്കുവിൻ, അതു നിങ്ങളുടേതാണ്. യേശു പ്രാർത്ഥിച്ചു“ഞാൻ ഇവർക്കു വേണ്ടി മാത്രമല്ല ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും അത്രേ അപേക്ഷിക്കുന്നത്”(യോഹ.17:20) യേശുക്രിസ്തുവിന്റെ സഭയിൽ ഉള്ള എല്ലാവരെയും ഈ പ്രാർത്ഥന ഉൾക്കൊള്ളുന്നു.

നാം യേശുവിനെ കർത്താവ് എന്നു വിളിക്കുന്നുവെങ്കിൽ ഗതാനുഗതികത്വത്തിന്റെ വെട്ടിൽ ഇനി തുടരാൻ എങ്ങനെ ധൈര്യപ്പെടും? മുന്നോട്ടുപോകാനാണ് കർത്താവു നമ്മെ വിളിച്ചിരിക്കുന്നത്. പക്ഷേ ആളുകൾ പുറത്തു വരാതെ തങ്ങൾ ആയിരിക്കുന്ന ചാലിൽത്തന്നെ കഴിയാനാണ് തീരുമാനിക്കുന്നതെങ്കിൽ ഗബ്രിയേൽ ദൂതനുപോലും അവരെ സഹായിക്കുവാൻ കഴിയുകയില്ല. ഇത് നിങ്ങൾക്കു നേരേയുള്ള ഒരു കുറ്റാരോപണമല്ല; മറിച്ചൊരു നിർദ്ദേശമാണ്. നിങ്ങൾ ഒരു വെട്ടിലല്ലായിരിക്കാം എന്നാൽ മറ്റു ചിലർ അതിലാണ്. നിങ്ങൾ അതേ സമയം ആ അവസ്ഥയിലാണെങ്കിൽ അതിൽ നിന്നു പുറത്തു വരേണ്ടതുണ്ട്.

മരം കൊണ്ടുള്ള ഒരു കൃത്രിമ കാലും യഥാർത്ഥ കാലും തമ്മിലുള്ള വ്യത്യാസം എന്താണ്? തടിക്കാലിൽ കുത്തിയാൽ അയാൾ അത് ശ്രദ്ധിക്കുകപോലുമില്ല. ഉണങ്ങി വരണ്ട ഒരു സഭയിൽ സജീവമായ ഒരു സഭയും തമ്മിലുള്ള വ്യത്യാസം ഇതുപോലെയാണ്.നിങ്ങൾ കുത്തിയാൽ ജീവനുള്ള സഭ പ്രതികരിക്കും.ജീവനുള്ള ഒരു മരം പച്ച ഇലകളുമായി തഴച്ചു നിൽക്കുന്നു. ഒരു കത്തി എടുത്ത് അതിന്റെ പുറംതൊലി ആഴത്തിൽ മുറിക്കുക അതിൽനിന്ന് കറ വാർന്ന് വീഴും. അത് ജീവനുള്ളതാണ്. മറിച്ച് മറ്റൊരിടത്ത് ഇതാ കാക്കകൾക്കു താവളമായി ഉണങ്ങി വരണ്ട ഒരു പടുമരം നിൽക്കുന്നു. നിങ്ങളുടെ കത്തിയെടുത്ത് അതിന്റെ തടി ആഴത്തിൽ തുരന്ന് എടുക്കുക പ്രത്യേകിച്ച് ഒന്നും സംഭവിക്കുകയില്ല; കാരണം ആ മരം ചത്തതാണ്.

എന്റെ സന്ദേശത്തെക്കുറിച്ചും ഇതു ശരിയാണ്. ഇതിനെച്ചൊല്ലി നിങ്ങൾ സന്തോഷിക്കുകയോ ദുഃഖിക്കുകയോ ദേഷ്യത്തോടെ പ്രതികരിക്കുകയോ ചെയ്യുന്നില്ലെങ്കിൽ ഇനി ഒന്നും ചെയ്യാനില്ല.എന്നാൽ ജീവനുള്ള ചിലരുണ്ട്; അവരാണ് ഭൂരിപക്ഷമെന്നും ഞാൻ വിശ്വസിക്കട്ടെ.

മൂകസന്ദേശം-17

# പന്നിയും പൂച്ചയും

## സന്ദീപ് പുന്നൻ

ഈ മാസവും ഞാൻ എന്റെ പിതാവിൽ നിന്നും പഠിച്ച ഒരു പാഠം നിങ്ങളുമായി പങ്കു വയ്ക്കാം. എന്നെ ഈ പാഠം ആദ്യമേ പഠിപ്പിച്ച വ്യക്തി എന്ന നിലയിൽ അദ്ദേഹത്തോടുള്ള കടപ്പാട് ആദ്യമേ അറിയിക്കട്ടെ.

പന്നികൾക്കും പൂച്ചകൾക്കും പല കാര്യങ്ങളിൽ വ്യത്യാസമുണ്ട്. രണ്ടു മൃഗങ്ങളെയും ഒരിക്കലെങ്കിലും കണ്ടിട്ടുള്ള ആരും തന്നെ ഒന്നിനെ മറ്റൊന്നായി തെറ്റിദ്ധരിക്കുകയില്ല. പൂച്ചയെ പന്നിയിൽ നിന്നും വ്യത്യസ്തമാക്കുന്ന ഒരു ഗുണവിശേഷം മാത്രം എടുത്തു പറയാനാണ് ആഗ്രഹിക്കുന്നത്. അതു മറ്റൊന്നുമല്ല; പൂച്ചയുടെ ശുചിത്വബോധമാണ്!

'ചെളിക്കുണ്ടിൽ ഉരുളുക' എന്നു കേൾക്കുമ്പോഴേ മനസ്സിൽ വരുന്ന ചിത്രം പന്നിയുടേതാണ്. പന്നികൾ ചെളിയിൽ ഉരുളുന്നു എന്നു മാത്രമല്ല അതിൽ വളരെ ആനന്ദം കണ്ടെത്തുകയും ചെയ്യുന്നു എന്നതാണ് സത്യം. ഈ പ്രത്യേകസ്വഭാവത്തിന് പല കാരണങ്ങൾ ഉള്ളതായി ഞാൻ മനസ്സിലാക്കുന്നു. മറ്റു പല മൃഗങ്ങളെപ്പോലെ പന്നിയ്ക്ക് പ്രവർത്തനക്ഷമമായ വിയർപ്പുഗ്രന്ഥികളില്ല. അതിനാൽ ശരീരം തണുപ്പിക്കുന്നത് ചെളിയിൽ പുതഞ്ഞാണ്. കൂടാതെ അവയുടെ ത്വക്കിനെ സൂര്യാഘാതത്തിൽ നിന്നും സംരക്ഷിക്കുന്ന ഒരു സംരക്ഷണകവചമായി ചേറ് പ്രയോജനപ്പെടുന്നുണ്ട്. അങ്ങനെ പന്നി ചെളിയിൽ കുളിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നു എന്നുമാത്രമല്ല ചെളിനീക്കി വൃത്തിയാക്കാൻ വലിയ താത്പര്യം കാണിക്കാറുമില്ല!

എന്നാൽ പൂച്ചകൾ തികച്ചും വ്യത്യസ്തരാണ്. വൃത്തിഹീനരായിരിക്കാൻ ഒട്ടും ഇഷ്ടപ്പെടാത്ത പൂച്ചകൾ കുളിച്ചൊരുങ്ങിയിരിക്കാൻ ആഗ്രഹിക്കുന്നു എന്നല്ലേ തോന്നൂ? നാക്കിനെ സ്വാഭാവികബ്രഷ് ആയി ഉപയോഗിച്ച് പൂച്ച അതിന്റെ രോമം നക്കി വൃത്തിയാക്കുന്നത് നാം കൗതുകത്തോടെ നോക്കാറില്ലേ?

എന്നാൽ മേൽപറഞ്ഞ കാരണങ്ങളാൽ പൂച്ചകൾ സൽസ്വഭാവികളും പന്നികൾ കൊള്ളരുതാത്തവരും ആകുന്നില്ല. എന്നാൽ ഇതിൽനിന്നും നമുക്ക് ഉൾക്കൊള്ളേണ്ട വിലപ്പെട്ട ഒരു പാഠമുണ്ട്. നാം ക്രിസ്തുവിനെ കണ്ടുമുട്ടിയതിനു മുമ്പും ക്രിസ്തുവിനായി നമ്മുടെ ജീവിതം അടിയറവു വച്ചതിനു ശേഷവും ഉള്ള മനോഭാവങ്ങളെ ഗ്രഹിക്കാൻ പന്നിയും പൂച്ചയും നമ്മെ സഹായിക്കും. മാനസാന്തരത്തിനു ശേഷമുള്ള ഒരുവന്റെ മനോഭാവത്തിലുള്ള വ്യത്യാസം മറ്റൊരു ജന്തുവിന്റെ സ്വഭാവമായിരിക്കണം; പഴയ ജന്തുവിന് അല്പം പരിഷ്ക്കാരം വരുത്തുന്നതല്ല. ക്രിസ്ത്യാനികൾ ഉൾപ്പെടെ ഭൂരിപക്ഷം ആളുകളും ക്രിസ്തീയതയെപ്പറ്റി ചിന്തിക്കുന്നത് മോശമായ മനുഷ്യരെ നല്ലവരാക്കാനുള്ള ഒരു ജീവിതരീതി എന്ന നിലയിലാണ്. ഇതല്ല ക്രിസ്തീയതയുടെ കാതൽ. ഒരു വ്യക്തി യേശുക്രിസ്തുവിനായി തന്റെ ജീവിതം സമ്പൂർണ്ണമായി സമർപ്പിക്കുമ്പോൾ അവിടുന്ന് അവന്റെ സ്വഭാവത്തിൽ





അടിസ്ഥാനപരമായ രൂപാന്തരമാണ് വാഗ്ദാനം ചെയ്യുന്നത്.

ഇതു വിശ്വസിക്കുക എളുപ്പമല്ല. മിക്ക ക്രിസ്ത്യാനികളിലും അത്തരത്തിലുള്ള വിപ്ളവകരമായ രുപാന്തരം കാണാറേയില്ല എന്നതും സത്യമാണ്. ഇതിന്റെ കാരണത്തെപ്പറ്റി ചിന്തിക്കുന്നതിനു മുൻപേ ഒരു കാര്യം വ്യക്തമാക്കട്ടെ; ബൈബിൾ വാഗ്ദാനം ചെയ്യുന്ന മാറ്റം സമൂലമായ ഒരു രൂപാന്തരം ആണ്. 2പത്രോ.1:4ൽ വളരെ വ്യക്തമായി ഈ കാര്യം പറഞ്ഞിട്ടുണ്ട്.“ലോകത്തിൻ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞ് ദിവ്യസ്വഭാവത്തിന് നിങ്ങൾ കൂട്ടാളികൾ ആകാൻ വിലയേറിയതും മഹത്വമുള്ളതുമായ വാഗ്ദാനങ്ങൾ ദൈവം നല്കിയിരിക്കുന്നു.”

നേരത്തെ സൂചിപ്പിച്ച ചെളി, ലോകത്തിൻ മോഹത്താൽ ഉളവാകുന്ന നാശത്തിന്റെ ഒരുനല്ല ചിത്രമാണ്. നമ്മുടെ ആത്മാക്കളെ കളങ്കപ്പെടുത്തുകയും നമ്മെ ദൈവത്തിൽ നിന്നും അകറ്റിക്കളയുകയും ചെയ്യുന്ന തിന്മയത്രേ ഇത്. 'നാം ദിവ്യസ്വഭാവത്തിന് കൂട്ടാളികൾ ആകണം' എന്നുള്ള മഹത്വകരമായ ഒരു ലക്ഷ്യം മാത്രം മുമ്പിൽ കണ്ടാണ് ദൈവം നമുക്ക് വിലയേറിയ വാഗ്ദാനങ്ങൾ അവിടുത്തെ വചനത്തിലുടനീളം നല്കിയിരിക്കുന്നത്.

കൂട്ടാളികൾ എന്ന പദം ചിലർക്കെങ്കിലും അത്ര പരിചിതമായിരിക്കയില്ല.. 'പങ്കുകാരാകുക' എന്ന അർത്ഥമാണ് മൂലഭാഷയിൽ. ദൈവികവാഗ്ദാനങ്ങൾ നമുക്ക് നല്കപ്പെട്ടിരിക്കുന്നത് നാം തന്നോടൊപ്പം അവിടത്തെ ദിവ്യസ്വഭാവം പങ്കിടേണ്ടതിനത്രേ! ഇത് എത്ര മഹത്തരമായ കാര്യം എന്ന് നാം അറിയുന്നുണ്ടോ? ഈ വചനം വീണ്ടും വീണ്ടും ശ്രദ്ധാപൂർവ്വം വായിക്കയും ദൈവികവാഗ്ദാനത്തിന്റെ വലിപ്പം നമ്മുടെ ഹൃദയങ്ങളിലേക്ക് ആഴത്തിൽ ഇറങ്ങുകയും ചെയ്യട്ടെ.

ദൈവം അവിടുത്തെ സ്വഭാവം നമുക്ക് നൽകാൻ ആഗ്രഹിക്കുന്നു. ദൈവം കേവലം അവിടുത്തെ സൽഗുണങ്ങളോ, അനുഗ്രഹങ്ങളോ, ഹൃദയമോ മാത്രമല്ല നാമുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നത്. ദൈവത്തിന്റെ ദിവ്യസ്വഭാവം തന്നെ നമ്മിലേക്ക് പകരാനാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. നാം ദൈവകുടുംബത്തിന്റെ ഭാഗമാകണമെന്ന് അവിടുന്ന് ആഗ്രഹിക്കുമ്പോൾദൈവം കരുണയുള്ളവനായി അഭിനയിക്കുകയല്ല. നമ്മെ തന്റെ കുടുംബത്തിലേക്ക് ദത്തെടുക്കുന്നതുകൊണ്ട് അവസാനിപ്പിക്കാതെ തന്റെ നാമം നമുക്ക് നല്കുകയും തന്റെസ്വഭാവം നമുക്ക് തരികയും ചെയ്യുന്നു. നാം ദൈവത്തിന്റെ വകയാണെന്ന് പറഞ്ഞുകേൾക്കുന്നതുകൊണ്ട തൃപ്തനാകാതെ നമ്മിലൂടെ തന്റെദിവ്യസ്വഭാവം വെളിപ്പെടുവാനാണ് സ്വർഗ്ഗീയപിതാവ് ആഗ്രഹിക്കുന്നത്.

ഈ ദിവ്യസ്വഭാവം, വിശേഷാൽ പാപത്തോടുള്ള നമ്മുടെ മനോഭാവത്തിലാണ് വെളിപ്പെടേണ്ടത്. പന്നി ചെളിയിൽ കുളിക്കുവാൻ ഇഷ്ടപ്പെടുമ്പോൾ പൂച്ച ഏറ്റവും വൃത്തിയുള്ളതായിരിക്കുവാൻ ശ്രമിക്കുന്നതുപോലെ സത്യത്തിനായി ആഴമായ സ്നേഹവും പാപത്തിന്റെ മലിനതയ്ക്കെതിരേ ദൈവികമായ ഒരു വെറുപ്പും നമ്മിൽ ഉണ്ടായിരിക്കണം.

യേശുവാണ് ഇവിടെയും നമ്മുടെ മാതൃക. എല്ലാ സമയത്തും പാപത്തെ മുഴുഹൃദയത്തോടും എതിർത്ത് ജീവിച്ച യേശുവാണ് നമ്മുടെ പാപങ്ങൾക്കായി പൂർണ്ണതയുള്ള യാഗമായിത്തീർന്നത്. തന്നിലുണ്ടായിരുന്ന ദിവ്യസ്വഭാവത്താലാണ് യേശുവിന് ഈ കാര്യം സാദ്ധ്യമായത്.

യേശുവിനെപ്പറ്റിയുള്ള സുവാർത്ത കേവലം തന്റെ പാപയാഗത്തിൽ അവ

സാനിപ്പിക്കാതിരിക്കാൻ നമുക്ക് ഉത്സാഹിക്കാം. സുവിശേഷത്തിന്റെ ആദ്യഭാഗം മാത്രമാണത്. സുവിശേഷത്തിന്റെ ബാക്കിഭാഗം നമ്മെയും അതേ ദിവ്യസ്വഭാവത്തിന് പങ്കാളികളാകാൻ വിളിച്ചിരിക്കുന്നു എന്നുള്ളതാണ്. യേശുവിലുള്ള അതേ ആത്മാവിനെയത്രേ നമ്മിലും പകർന്നിരിക്കുന്നത്. നാം ദൈവകുടുംബത്തിലെ അംഗങ്ങളും യേശുവിന്റെ ഇളയ സഹോദരീസഹോദരന്മാരും അത്രേ. പരിശുദ്ധാത്മാവിനാൽ യേശുവിൽ ഉണ്ടായിരുന്ന അതേ ആത്മികജനിതക കോഡ് നമുക്കും വീണ്ടുംജനനത്തിൽ ലഭ്യമാണ്.

നമുക്ക് വ്യാജമായ താഴ്മയുടെ മറപിടിക്കാതിരിക്കാം. അങ്ങനെ പാപത്തിന്റെ ചെളിക്കുണ്ടിൽ പുതയുന്ന ഒരു ജീവിതത്തിന് ന്യായം കണ്ടെത്താതിരിക്കാം. ദൈവവചനത്തിലെ അത്ഭുതകരമായ വാഗ്ദാനങ്ങൾ അവകാശം പറഞ്ഞുകൊണ്ട് നമുക്ക് ധൈര്യത്തോടെ ദൈവപിതാവിന്റെ മുമ്പാകെ ചെല്ലാം. ദൈവസ്വഭാവം പാപത്തെ വെറുക്കുന്നതാണെന്നും ആ ദിവ്യസ്വഭാവമാണ് നമുക്കും തന്നിരിക്കുന്നതെന്നും ഓർക്കാം.

ദൈവം നിങ്ങളെയും എന്നെയും ഈ കാര്യത്തിൽ ധാരാളമായി സഹായിക്കട്ടെ.

## സ്വർഗ്ഗവും നരകവും

സി എസ് ലൂയിസിന്റെ 'ദി ഗ്രെയിറ്റ് ഡിവോഴ്സി'ലെ ഒരു രംഗം ഇങ്ങനെ:

നരകത്തിൽ നിന്ന് ഒരാൾ സ്വർഗ്ഗം കാണാനായി എത്തി. അവിടെഇതാ തന്റെ പഴയ കമ്പനിയിലെ ജീവനക്കാരനും ജീവിച്ചിരുന്ന കാലത്ത് ഒരു കൊലക്കുറ്റത്തിന് ശിക്ഷിക്കപ്പെട്ടവനുമായ ഒരുവൻ രാജകീയമായി സ്വർഗ്ഗത്തിൽ കഴിയുന്നു! നരകവാസിയായ ആൾ ഞെട്ടിപ്പോയി. അയാൾ തന്റെ പഴയ ജീവനക്കാരനോട് തന്റെ യോഗ്യതകൾ ഇങ്ങനെ വിവരിച്ചു:"ഞാൻ ജീവിച്ചിരുന്ന കാലത്ത് വളരെ മതഭക്തൻ ആയിരുന്നു എന്ന് നിനക്ക് അറിയാമല്ലോ. എല്ലാം നല്ല നിലയിൽ ഒരു തെറ്റും ഇല്ലാതെ ചെയ്യുന്ന ഒരുവൻ. ഞാൻ ഒരു പണിക്ക് പ്രതിഫലം വാങ്ങിയാൽ അത് കൃത്യമായി ചെയ്തുകൊടുത്തിട്ടുണ്ട്. ഞാൻ ഒരു പാത്രം വെള്ളം കുടിച്ചിട്ടുണ്ടെങ്കിൽ അതിനു ഞാൻ പണം കൊടുത്തിട്ടുണ്ട്. പള്ളിക്കുള്ള ദശാംശം നയാപൈസ കുറയാതെ കൃത്യമായി കൊടുക്കുമായിരുന്നു. ആരുടേതും ഒന്നും ഞാൻ വെറുതെ അനുഭവിച്ചിട്ടില്ല.....അങ്ങനെയുള്ള മാന്യനായ എനിക്ക് അവകാശപ്പെട്ടതാണ് സ്വർഗ്ഗം. ഞാൻ ആരുടെയും ഔദാര്യമല്ല ചോദിക്കുന്നത്."

സ്വർഗ്ഗത്തിലുള്ള ആൾ പറഞ്ഞു:"അതാണ് നമ്മൾ തമ്മിലുള്ള വ്യത്യാസം. കൊലപാതകനും ദുർമ്മാർഗ്ഗിയും ആയിരുന്നതിനാൽ എനിക്കു സ്വർഗ്ഗത്തിനു അർഹത ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഞാൻ കാൽവറിരക്തത്തിന്റെ ഔദാര്യത്തിനായി യാചിച്ചു. നിങ്ങൾക്ക് സ്വന്തയോഗ്യതയെക്കുറിച്ച് മതിപ്പുണ്ടായിരുന്നതിനാൽ ആ ഔദാര്യത്തിനായി നിങ്ങൾ യാചിച്ചില്ല."

തന്റെ അയോഗ്യത അറിയാവുന്നവരും സഹായം ചോദിക്കാൻ മടിയില്ലാത്തവരുമാണ് സ്വർഗ്ഗത്തിലുള്ളത്. ആരുടെയും സഹായം ആവശ്യമില്ലാത്തവരും സ്വന്ത ദൃഷ്ടിയിൽ യോഗ്യരുമായ ആളുകൾക്കുള്ള ഇടം നരകമാണ്.





# ഡേവിഡ് ബ്രെയ്നാർഡ്: മിന്നിപ്പൊലിഞ്ഞ നക്ഷത്രം

പകർച്ചവ്യാധികൾ പരത്തുന്നതിൽ സജീവമായ പങ്കു പഹിക്കുന്ന രോഗാണുവാഹകരെ 'കാരിയേഴ്സ്' എന്നു വൈദ്യശാസ്ത്രം വിളിക്കുന്നു. അത്തരക്കാർ സ്വയം രോഗബാധിതരാകുന്നില്ല എന്നതാണ് അത്ഭുതകരമായ കാര്യം. എന്നാൽ യഥാർത്ഥ ക്രിസ്തീയത പരത്തുന്ന കാര്യത്തിൽ ഇത്തരം 'കാരിയേഴ്സ്' ഇല്ലെന്നുള്ളതാണ് സത്യം. യഥാർത്ഥ ക്രിസ്തീയ വിശ്വാസം നമ്മിൽ ഇല്ലെങ്കിൽ അത് മറ്റൊരു വ്യക്തിയിലേക്ക് പരത്തുവാൻ നമുക്ക് കഴിയുകയില്ല.



ഈ സത്യം ഗ്രഹിച്ച സുവിശേഷസ്നേഹികളായ വിശുദ്ധന്മാർ മിക്കപ്പോഴും അവർക്ക് ക്രിസ്തുവിനോടുള്ള ഭക്തി മിഷനറിവേലയിലൂടെ വെളിപ്പെടുത്താൻ തുനിഞ്ഞിട്ടുണ്ട്. വ്യക്തിപരമായ ത്യാഗത്തിലൂടെ ആയിരക്കണക്കിനു ഭക്തർ രക്ഷകനോടുള്ള സ്നേഹം വിളിച്ചുപറയുന്നെങ്കിലും ഡേവിഡ് ബ്രെയ്നാർ ഡിന്റെ മിഷനറിജീവിതത്തിന്റെ ചരിത്രം പോലെ മറ്റുള്ളവരുടെ ജീവിതത്തെ വെല്ലുവിളിക്കുന്ന മറ്റൊന്ന് കാണാൻ പ്രയാസമത്രേ.

1718ൽ കണക്ടിക്കട്ട് സംസ്ഥാനത്തെ ഹാർട്ട്ഫോർഡിൽ പിറന്ന ബ്രെയ്നാർഡ് പതിനാലാം വയസ്സിൽ അനാഥനായി. പുറമേ ഭക്തിയുള്ള ഒരു ചെറുപ്പക്കാരനായിരുന്നു. സ്വന്തം സാക്ഷ്യം അനുസരിച്ച് നല്ല ഒരു ബാഹ്യജീവിതം നയിച്ച് ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ മനസ്സുവച്ചിരുന്ന ഒരു ചെറുപ്പക്കാരൻ. 1739ൽ ക്രിസ്തുവിങ്കലേക്ക് ആഴമായ ഒരു മാനസാന്തരം നടന്നപ്പോൾ ബ്രെയ് നാർഡ് തികച്ചും വ്യത്യസ്തനായി. രക്ഷയ്ക്ക് തന്റെ സ്വന്തം ഭക്തി തികച്ചും ശക്തിഹീനമാണെന്നും ദൈവത്തിന്റെ കരുണ മാത്രമേ തന്നെ രക്ഷിക്കുകയുള്ളു എന്നും തിരിച്ചറിവുണ്ടായി.

മാനസാന്തരത്തിനുശേഷം യേൽ കോളേജിൽ ഉപരിപഠനത്തിനായി ചേർന്നെങ്കിലും 1742ൽ ഒരദ്ധ്യാപകനെക്കുറിച്ചു പറഞ്ഞ അപക്വമായ അഭിപ്രായത്തിന്റെ പേരിൽ കോളേജിൽ നിന്നു പുറത്തായി.സ്വന്തമായി ക്രിസ്തീയശുശ്രൂഷയ്ക്കായി തയ്യാറെടുത്ത ബ്രെയിനാർഡിനെ സ്കോട്ടിഷ് സൊസൈറ്റി

എന്ന മിഷനറി സംഘടന അമേരിക്കൻ ഇൻഡ്യാക്കാരുടെ ഇടയിൽ മിഷനറിയായി നിയമിച്ചു. അമേരിക്കൻ കോളനികളിൽ നടന്ന 'മഹാനവോത്ഥാന'ത്തിന്റെ സുപ്രധാനകണ്ണിയായിത്തീരുകയായിരുന്നു ഈ മിഷനറിവീരൻ.

കിഴക്കൻ പെൻസിൽവേനിയായിലും ന്യൂജേഴ്സിയിലുമുള്ള റെഡ് ഇൻഡ്യാക്കാരുടെ നടുവിലും തളരാതെ അദ്ദേഹം ക്രിസ്തീയസാക്ഷ്യം വഹിച്ചു. 1745 ആയപ്പോഴേക്കും വ്യത്യസ്തകാലാവസ്ഥകളിൽ കുതിരപ്പുറത്ത് മൂവായിരത്തിലധികം മൈലുകൾ ബ്രെയ്നാർഡ് സഞ്ചരിച്ചു കഴിഞ്ഞിരുന്നു. ചിലപ്പോൾ ഒരു ദിവസം മുഴുവൻ പ്രാർത്ഥനാനിരതനായിക്കഴിഞ്ഞിരുന്നു. കലശലായ രോഗം കുറെക്കാലത്തേക്ക് വിശ്രമിക്കാൻ അദ്ദേഹത്തെ നിർബന്ധിച്ചു. സുഖം പ്രാപിക്കുമെന്നുള്ള പ്രതീക്ഷയിലായിരുന്നു അദ്ദേഹം. ന്യൂഇംഗ്ളണ്ടിലെ ജോനാഥാൻ എഡ്വേർഡിന്റെ ഭവനത്തിൽ വച്ചായിരുന്നു ഈ മിഷനറിവീരന്റെ അന്ത്യം.

ഡേവിഡ് ബ്രെയ്നാർഡിന്റെ 'ജേർണലിൽ' നിന്നുള്ള ഉദ്ധരണിയാണ് ഇതോടൊപ്പം ചേർക്കുന്നത്. പ്രസ്തുത ഓർമ്മക്കുറിപ്പുകൾ മിഷനറിവേലയ്ക്കായി നൂറുകണക്കിന് വ്യക്തികളെ ഉത്തേജിപ്പിച്ചിട്ടുണ്ട്. ജോനാഥാൻ എഡ്വേർഡ്, ജോൺ വെസ്ലി, വില്യം കേരി, ഹെന്റി മാർട്ടിൻ തുടങ്ങിയ പ്രസിദ്ധരുടെ ജീവിതത്തെ ശക്തമായി സ്വാധീനിച്ച പ്രസ്തുതഗ്രന്ഥത്തിന്റെ ഈ ചെറിയഭാഗം തന്നെ എത്രമാത്രം

# മഹാനവോത്ഥാനം

ശക്തമാണെന്ന് ശ്രദ്ധിക്കുക:

ഉച്ചകഴിഞ്ഞ് ഏതാണ്ട് അറുപതിയഞ്ചോളം റെഡ് ഇൻഡ്യക്കാരോട് ഞാൻപ്രസംഗിച്ചു. പുരുഷന്മാരും സ്ത്രീകളും കുട്ടികളും അടങ്ങുന്ന ഒരു കൂട്ടം. ലൂക്കോസ് പതിനാലാം അദ്ധ്യായം 16മുതൽ 23 വരെയുള്ള വചനങ്ങളെ ആധാരമാക്കി പ്രസംഗിച്ച എനിക്ക് അസാധാരണമായ ആന്തരികസ്വാതന്ത്ര്യം അനുഭവപ്പെട്ടു. ഞാൻ പൊതുവായി പ്രസംഗിക്കുമ്പോൾതന്നെ അവർ അത്യന്തം ജാഗ്രതയോടെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. എന്നാൽ കൂടുതൽ താത്പര്യം കാണിച്ചവരോട് വ്യക്തിപരമായി സംസാരിച്ചപ്പോൾ ദൈവശക്തി 'കൊടിയ കാറ്റടിക്കുന്നതുപോലെ' ഇറങ്ങിവരുന്നതായി എനിയ്ക്കു ബോധ്യമായി. ആ ആത്മാവിന്റെ കാറ്റ് മുമ്പിലുള്ള എല്ലാവരെയും കീഴടക്കുന്ന ഒന്നായിരുന്നു.

എന്റെ പ്രസംഗം കേട്ട എല്ലാവരെയും കടന്നുപിടിച്ച ഉയരത്തിൽനിന്നുള്ള ആ ശക്തി എന്നെ അത്ഭുതപ്പെടുത്തി. എതിർത്തുനില്ക്കാൻ കഴിയാത്ത ഒരു മഹാപ്രവാഹത്തിന്റെ ശക്തി, അല്ലെങ്കിൽ ഒരു മഹാപ്രളയം എന്നൊക്കെ മാത്രമേ ആ ശക്തിയെ എനിക്കു വിശേഷിപ്പിക്കാൻ കഴിയൂ. എല്ലാ പ്രായത്തിലുമുള്ളവരെ ആ ദിവ്യശക്തി കീഴ്പ്പെടുത്തുകയും വിസ്മയകരമായ ഒരു മഹാപ്രവൃത്തി വ്യക്തിജീവിതങ്ങളിൽ നടക്കുകയും ആയിരുന്നു. അനേകനാളുകളായ വൃദ്ധരായ സ്ത്രീപുരുഷന്മാർ മുതൽ ആറോ ഏഴോ വയസ്സുമാത്രമുള്ള കുട്ടികൾ വരെ പാപബോധത്താൽ ഞെരുങ്ങുന്നതു കാണാമായിരുന്നു. തലേദിവസം അവരുടെ ഇടയിലെ ഒരു ഗോത്രത്തലവൻ എന്നോടു വളരെ ധൈര്യത്തോടെ പറയുകയുണ്ടായി, പത്തു വർഷത്തിലധികമായി താൻ ഒരു ക്രിസ്ത്യാനിയാണെന്ന്. ആ മനുഷ്യൻ ഇപ്പോൾ തന്റെ ആത്മാവിന്റെ രക്ഷക്കായി വേദനയോടെ കരയുന്ന കാഴ്ചയാണ് ഞാൻ കണ്ടത്.





**ഈ മഹാ നവീകരണം, ഈ വലിയ ആത്മീയമായ ദാഹം ഒരിക്കലും ശിക്ഷാവിധിയെപ്പറ്റിയുള്ള ഭയത്തിൽനിന്നും ഉളവായതല്ലായിരുന്നു. അത്ഭുതകരമായ ദൈവകൃപയുടെ ഒരു പ്രവൃത്തി ഇവരുടെ മദ്ധ്യത്തിൽ നടക്കുന്നു. ഈ മഹാപ്രവൃത്തിയുടെ നായകൻ ഈ ഉണർവ് ഇവരുടെ ഇടയിൽ നിലനിർത്തട്ടെ. ഈ നവീകരണത്തിന്റെ ജ്വാല ഇവിടെ കെട്ടടങ്ങിപ്പോകാതെ 'സകലഭൂമിയും തന്റെ മഹത്വംകൊണ്ട് നിറയുന്നതുവരെ' എല്ലായിടത്തും അതു പരത്തുകയും ചെയ്യട്ടെ!**

ഞങ്ങൾ ഒരുമിച്ച് കൂടിയ ആ ഭവനത്തിന്റെ ഓരോ മൂലയിലും കേഴ്വിക്കാർ ഒരുപോലെ പ്രാർത്ഥിക്കയും ദൈവത്തിന്റെ കരുണയ്ക്കായി നിലവിളിക്കുകയും ചെയ്യുന്നത് കാണാമായിരുന്നു. സ്ഥലപരിമിതി മൂലം പലരും വീടിനു വെളിയിൽ ആയിരുന്നു. പലർക്കും പോകാനോ നിൽക്കുവാനോ കഴിയാത്ത അവസ്ഥ.....

ദരിദ്രരായ, അജ്ഞരായ ഈ ഇൻഡ്യാക്കാരോട് ഈ വിടുവായൻ എന്താണ് പറയുന്നത് എന്നറിയാനുള്ള ജിജ്ഞാസ മൂലം കടന്നുവന്ന ചില വെള്ളക്കാർ ഉണർത്തപ്പെട്ടു. ചിലർ അവരുടെ ആത്മീയമായി നഷ്ടപ്പെട്ട അവസ്ഥയെപ്പറ്റി മുറിവേറ്റവരായി കാണപ്പെട്ടു. അടുത്തകാലത്ത് പാപക്ഷമ പ്രാപിച്ച പലരും ഈ സന്ദർഭത്തിൽ ദൈവികസമാധാനം പ്രാപിക്കയും സ്വസ്ഥരായി ക്രിസ്തുവേശുവിൽ സന്തോഷിക്കുന്ന അനുഭവത്തിലേക്കു വരികയും ചെയ്തു.. അവരിൽ ചിലർ പാപബോധം മൂലം നിലവിളിക്കുന്ന ചില സ്നേഹിതരുടെ കരം ഗ്രഹിച്ച് ക്രിസ്തുവിന്റെ നന്മയെപ്പറ്റി സംസാരിക്കുകയും തന്നിലൂടെ അനുഭവിക്കുവാൻ കഴിയുന്ന ആശ്വാസത്തിനായി ഹൃദയങ്ങൾ കർത്താവിന് സമർപ്പിക്കാൻ അവരെ ക്ഷണിക്കുകയും ചെയ്യുന്നുണ്ടായിരുന്നു....

റെഡ് ഇൻഡ്യക്കാരുടെ ഇടയിൽ ഒട്ടും പ്രതീക്ഷിക്കാത്ത, ഒട്ടും സാദ്ധ്യതയില്ലാത്ത ഒരു സമയത്താണ് ദൈവം ഇത്തരം ഒരു പ്രവൃത്തി തുടങ്ങിയത് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ഇൻഡ്യാക്കാരെക്കുറിച്ച് എന്റെ ഹൃദയത്തിൽ ഭാരമുണ്ടായിരുന്നെങ്കിലും അവരുടെ മാനസാന്തരത്തെപ്പറ്റി എന്റെ പ്രതീക്ഷകൾ ഏറ്റവും കുറവായിരുന്ന സമയമായിരുന്നു അത്. ഈ മഹത്വകരമായ വേല തുടങ്ങുവാൻ ദൈവം തെരഞ്ഞെടുത്ത സമയം അതുതന്നെ ആയിരുന്നു എന്ന കാര്യം എനിക്കിന്നും അത്ഭുതം തന്നെ!

ഈ മഹാ നവീകരണം, ഈ വലിയ ആത്മീയമായ ദാഹം ഒരിക്കലും ശിക്ഷാവിധിയെപ്പറ്റിയുള്ള ഭയത്തിൽനിന്നും ഉളവായതല്ലായിരുന്നു. ക്രൂശിൽ ജീവൻ വെടിഞ്ഞ രക്ഷകന്റെ സ്നേഹം, സുവിശേഷത്തിന്റെ അനന്തസാധ്യതകൾ, ആവശ്യക്കാർക്ക് ലഭ്യമാകുന്ന ദിവ്യമായ കൃപ ഇവയെപ്പറ്റിയൊക്കെ ഞാൻ സംസാരിക്കുക മാത്രമാണ് ചെയ്തത്. ആകെക്കൂടി ഇത്രമാത്രം പറയാൻ കഴിയും: അത്ഭുതകരമായ ദൈവകൃപയുടെ ഒരു പ്രവൃത്തി ഇൻഡ്യക്കാരുടെ മദ്ധ്യത്തിൽ നടക്കുന്നു. ഈ മഹാപ്രവൃത്തിയുടെ നായകൻ ഈ ഉണർവ് ഇവരുടെ ഇടയിൽ നിലനിർത്തട്ടെ. ഈ നവീകരണത്തിന്റെ ജ്വാല ഇവിടെ കെട്ടടങ്ങിപ്പോകാതെ 'സകലഭൂമിയും തന്റെ മഹത്വംകൊണ്ട് നിറയുന്നതുവരെ' എല്ലായിടത്തും അതു പരത്തുകയും ചെയ്യട്ടെ! ആമേൻ.

(കടപ്പാട്:All the saints adore Thee-Bruce Shelly)

**സമ്പാദകൻ:-മാത്യു ജോർജ്**

## മാതാപിതാക്കളും മക്കളും 10

# ക്ഷമയോടെ അഭ്യസിപ്പിക്കുക

ജോസ് മാത്യു, തിരുവനന്തപുരം

ദൈവികവഴികളിൽ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കുകയെന്നതാണ് മാതാപിതാക്കളുടെ മൂന്നാമത്തെ ഉത്തരവാദിത്വം എന്നായിരുന്നല്ലോ കഴിഞ്ഞ അധ്യായത്തിൽ നാം ചിന്തിച്ചുവന്നത്. മക്കളെ അഭ്യസിപ്പിക്കുകയെന്നാൽ നിത്യതയ്ക്കായി അവരെ സജ്ജരാക്കുകയാണെന്നും നാം കണ്ടുകഴിഞ്ഞു. അതേ, നിശ്ചയമായും ഇത് കനമേറിയ ഉത്തരവാദിത്വം തന്നെയാണ്.

"ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക"1. എന്നാണല്ലോ തിരുവെഴുത്ത് മാതാപിതാക്കളെ ആഹ്വാനം ചെയ്യുന്നത്. ക്രിസ്തീയവിശ്വാസികളുടെ മക്കളെ സംബന്ധിച്ച് അവർ നടക്കാൻ പാടില്ലാത്ത നിരവധി വഴികൾ ഈ ലോകത്തിലുണ്ടെന്ന് നാം തിരിച്ചറിയണം. യഥാസമയം നാമവരെ ശരിയായ വഴിയേത് തെറ്റായ വഴിയേത് എന്നു ഗ്രഹിപ്പിച്ചു കൊടുക്കാത്തപക്ഷം അവർ വഴി തെറ്റിപ്പോകാൻ സാധ്യത ഏറെയാണ്.

കുഞ്ഞുങ്ങൾ ഓരോരുത്തരെയും സംബന്ധിച്ചുള്ള ദൈവികപദ്ധതിയുടെ ദിശയും പൊരുളും തിരിച്ചറിയാൻ മാതാപിതാക്കൾ ആദ്യം മുതൽക്കേ മനസ്സുവയ്ക്കണം; പ്രാർത്ഥനാപൂർവ്വം അന്വേഷിക്കണം. എന്നിട്ട് ആ ദിശയിൽ അവരെ തിരിച്ചു വിടുകയും ചെയ്യണം.

**സ്വപ്നസാക്ഷാൽക്കാരം ?**

ഇവിടെ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട ഒരു പ്രത്യേകവസ്തുതയുണ്ട്. തങ്ങൾ മനസ്സിൽ താലോലിച്ചിരുന്നതും ചെറുപ്പത്തിൽ ആഗ്രഹിച്ചിരുന്നതും എന്നാൽ പല സാഹചര്യങ്ങൾ നിമിത്തം സാക്ഷാൽകരിക്കാൻ കഴിയാഞ്ഞതുമായ ചില ജീവിതലക്ഷ്യങ്ങൾ മക്കളിലൂടെ സഫലീകരിക്കാൻ പലരും ശ്രമിക്കും. കോളജ് അദ്ധ്യാപകനോ ശാസ്ത്രജ്ഞനോ ആയിത്തീരാനാഗ്രഹിച്ച ഒരു പിതാവ്, തനിക്കത് സാധിച്ചില്ലെങ്കിലും പകരം തന്റെ മക്കൾ ആ നിലയിൽ എത്തിച്ചേരണമെന്ന് ആഗ്രഹിക്കുന്നു; അവരെ അതിനായി പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്യുന്നു. മകളെ നഴ്സോ ഡോക്ടറോ ഉയർന്ന സർക്കാരുദ്യോഗസ്ഥയോ ഒക്കെ ആയിക്കാണാൻ അമ്മയ്ക്ക് അതിയായ ആഗ്രഹം! മക്കളുടെ കഴിവുകൾക്കും അഭിരുചികൾക്കും നിരക്കാത്ത പല ലക്ഷ്യങ്ങളുമായിരിക്കും മിക്കപ്പോഴും ഇവ്വിധം മാതാപിതാക്കൾ അവരുടെ മേൽ അടിച്ചേല്പിക്കുന്നത്.

സ്ഥാപനങ്ങളുടെ കണക്കുകൾ എഴുതുന്നതിൽ മികവു തെളിയിച്ച ഒരു പിതാവിനെപ്പറ്റി അറിയാം; തന്റെ ഇളയ മകനെ പഠിപ്പിച്ച് ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് ആക്കുവാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചു. പിതാവിന്റെ അഭീഷ്ടം പൂർത്തീകരിക്കുവാൻ വേണ്ടി ആ മകൻ ആവുന്നത്ര ശ്രമിച്ചെങ്കിലും വിജയിച്ചില്ല; കാരണം, അതവന്റെ കഴിവിനപ്പുറമായിരുന്നു. തങ്ങളുടെ പൂവണിയാത്ത മോഹങ്ങളും സ്വപ്നങ്ങളുമെല്ലാം സഫലമാക്കാനുള്ള കരുക്കളായി മക്കളുടെ ജീവിതങ്ങളെ മാതാപിതാക്കൾ ഒരിക്കലും കാണാൻ പാടില്ല. നിർദ്ദോഷമെന്നു തോന്നാവുന്ന ഈ മനോഭാവം തികച്ചും അപകടകാരിയാണ്; ഈ ചിന്താഗതി നിങ്ങൾ പാടേ ഉപേക്ഷിക്കുകയാണ് വേണ്ടത്.

മക്കൾ ആരായിത്തീരണം, എന്തായിത്തീരണം എന്ന പിടിവാശി ഉപേക്ഷിച്ച്, അവരെക്കുറിച്ചുള്ള ദൈവഹിതം തിരിച്ചറിഞ്ഞ് ആ വഴിയിൽ പ്രയാണം ചെയ്യുന്നതിനാവശ്യമായ കൈത്താങ്ങൽ നല്കുകയാണ് അമ്മയപ്പന്മാരുടെ കടമ. അവരുടെ വ്യത്യസ്തങ്ങളായ കഴിവുകൾ, താലന്തുകൾ, വാസനകൾ എന്നിവ മനസ്സിലാക്കി അവയെ പരിപോഷിപ്പിക്കുകയാണ് നാം ചെയ്യേണ്ടത്. ഇപ്രകാരം 'നടക്കേണ്ടുന്ന വഴിയിൽ കുഞ്ഞുങ്ങളെ അഭ്യസിപ്പിച്ച്' ക്രിസ്തുവിന്റെ വീരസാക്ഷികളായി നമുക്കവരെ നയിക്കാം.

**വളരെ ക്ഷമയോടെ........**

എപ്രകാരമാണ് മക്കളെ അഭ്യസിപ്പിക്കേണ്ടത്? കുഞ്ഞുങ്ങളെ നാം വളരെ ക്ഷമയോടും സഹനത്തോടും മാത്രമേ കൈകാര്യം ചെയ്യാവൂ. അവർ മറവിയുള്ളവരാണ്; കാര്യങ്ങൾ ഗ്രഹിക്കാൻ താമസമുള്ളവരാണ്. മുതിർന്നവരെപ്പോലെ ഒരേ കാര്യത്തിൽ വളരെനേരം ശ്രദ്ധിച്ചിരിക്കാൻ അവർക്കാകില്ല--അങ്ങോട്ടും ഇങ്ങോട്ടും വേഗം ശ്രദ്ധ പതറിപ്പോകും. ഏതാണ്ട് ബാല്യകൗമാരഘട്ടം വരെയുള്ള കുട്ടികൾ ഈ അവസ്ഥയിലുള്ളവരാണെന്ന് മുതിർന്നവർ ഗ്രഹിച്ചിരിക്കണം.

കുഞ്ഞുങ്ങളെ ഒരു കാര്യം ഒരു പ്രാവശ്യം നന്നായി പഠിപ്പിച്ചാൽ പിന്നെ ആജീവനാന്തം അവർ അത് ഓർത്തിരുന്ന് തെറ്റിക്കാതെ കൃത്യമായി ചെയ്തുകൊള്ളുമെന്ന് മാതാപിതാക്കൾ ഒരിക്കലും പ്രതീക്ഷിക്കരുത്.'ഞാനവനോട് എത്രപ്രാവശ്യം പറഞ്ഞുകൊടുത്തതാ.....'എന്നിങ്ങനെ പരിതപിച്ചുകൊണ്ട് അസ്വസ്ഥമാകുന്ന പ്രകൃതമാണോ നിങ്ങളുടേത്? എങ്കിൽ ഇക്കാര്യം ഓർത്തുകൊള്ളുക:

കുഞ്ഞുങ്ങൾ അശ്രദ്ധയും മറവിയും നിറഞ്ഞവരാണ്. ഒരേ കാര്യം തന്നെ നിങ്ങൾ അനേകം തവണ ആവർത്തിച്ച് അഭ്യസിപ്പിക്കേണ്ടി വരും. അസ്വസ്ഥതയും കോപവും വെടിഞ്ഞ് യാഥാർത്ഥ്യബോധത്തോടെ, സ്നേഹത്തോടെ, ക്ഷമയോടെ വീണ്ടും നിങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുക—ക്രമേണ അവർ കാര്യങ്ങൾ ഗ്രഹിച്ച് നന്നായി പ്രതികരിക്കും. "ദൈവേഷ്ടം ചെയ്ത് വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്കാവശ്യം.2".എന്ന പ്രബോധനം മക്കളെ അഭ്യസിപ്പിക്കുന്നതു സംബന്ധിച്ചും പ്രസക്തമായതുതന്നെ.

കുഞ്ഞുങ്ങളുടെ അഭ്യസനം സ്വന്തഭവനങ്ങളിൽത്തന്നെ ആരംഭിക്കണം; കാര്യഗൗരവം നിറഞ്ഞ സമഗ്രമായ ബോധന (thorough instruction)ത്തോടെയാണതു തുടങ്ങേണ്ടത്. ആത്മികമോ ഭൗതികമോ ആയ ഏതു വിഷയവുമാകട്ടെ, കാര്യങ്ങളുടെ പ്രാധാന്യം ചോർന്നുപോകാതെ, പൂർണ്ണഗൗരവത്തോടെ വിശദമായി അവരെ പറഞ്ഞ് മനസ്സിലാക്കണം. കുഞ്ഞുങ്ങളിൽനിന്ന് നാം എന്താണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമായി അവരെ ബോധ്യപ്പെടുത്തുക. പറഞ്ഞുകൊടുക്കുന്ന കാര്യങ്ങൾ അവർ മനസ്സിലാക്കുന്നു എന്ന് നാം ഉറപ്പുവരുത്തണം. നാം നല്കുന്ന നിർദ്ദേശങ്ങൾ എപ്രകാരം പ്രാവൃത്തികമാക്കണമെന്ന് വ്യക്തമായി കാണിച്ചുകൊടുക്കുകയും വേണം.

മിക്കപ്പോഴും അമ്മയപ്പന്മാർ മക്കൾക്കു നല്കുന്ന ആജ്ഞകൾ അവർ വേണ്ടവിധം ശ്രദ്ധിക്കുകയോ മനസ്സിലാക്കുകയോ ചെയ്യുന്നില്ല--തൽഫലമായി അവരത് ചെയ്യാറുമില്ല. എന്നാലിതിനെ മക്കളുടെ അനുസരണക്കേടായോ ധിക്കാരമായോ തെറ്റിധരിച്ച് മുതിർന്നവർ അസ്വസ്ഥരാകുകയും മക്കളെ അകാരണമായി ശിക്ഷിക്കുകയും ചെയ്യാറുണ്ട്. ആകയാൽ മാതാപിതാക്കൾ വളരെ ക്ഷമാപൂർവ്വം കുഞ്ഞുങ്ങളുടെ പരിമിതികൾ മനസ്സിലാക്കി അവർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കണം.

നിർദ്ദേശങ്ങൾ അവർശരിയായി ഗ്രഹിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും കൃത്യമായ അനുസരണം അവരിൽനിന്ന് ആവശ്യപ്പെടുകയും ചെയ്യണം.(demand obedience)

**ശരിയായി പരിശീലിപ്പിക്കുക:**

ക്രിസ്തീയഭവനങ്ങളിൽ കർത്താവായ യേശുക്രിസ്തുവിന്റെ സ്വഭാവം, ജീവിതമൂല്യങ്ങൾ, ഉപദേശങ്ങൾ എന്നിവയ്ക്കായിരിക്കണം മേൽക്കൈ--മനശ്ശാസ്ത്രങ്ങൾക്കോ നാട്ടുകാരുടെയും ബന്ധുക്കളുടെയും സഹപ്രവർത്തകരുടെയും അഭിപ്രായങ്ങൾക്കോ ആയിരിക്കരുത്. ദൈവികപ്രമാണങ്ങളും മൂല്യങ്ങളും ആദ്യം

മുതല്ക്കേ നിങ്ങളുടെ കുടുംബത്തിന്റെ അടിസ്ഥാനനിയമങ്ങളാക്കി സ്ഥാപിച്ച് ഉറപ്പിച്ചു കൊള്ളുക. അവയുടെ അടിസ്ഥാനത്തിലായിരിക്കണം ഏതു കാര്യവും വീട്ടിൽ തീരുമാനിക്കപ്പെടേണ്ടത്.മാത്രമല്ല ഈ ദൈവികനിയമവാഴ്ച തുടർന്നുകൊണ്ടിരിക്കുകയും വേണം. ഓരോ കുടുംബത്തിലും പിതാവ് അഥവാ മാതാവ്--ആരെങ്കിലും ഒരാൾ ഈ ഉത്തരവാദിത്വം സ്വമേധയാ ഏറ്റെടുത്ത് നിലനിർത്തിക്കോണ്ട് പോകേണ്ടതാണ്.

മക്കൾക്ക് സുസ്ഥിരവും സമഗ്രവുമായ ബോധനം(പഠിപ്പിക്കൽ) നൽകണമെന്ന് ദൈവം യിസ്രായേൽ ജനങ്ങളോട് കൽപിച്ചിരുന്നു: "....ഈ ന്യായപ്രമാണവചനങ്ങളുടെ അടിസ്ഥാനത്തിൽ.....നിന്നെത്തന്നെ ജാഗ്രതയോടെ കാത്തുകൊള്ളുക; നിന്റെ മക്കളോടും മക്കളുടെ മക്കളോടും അവയെ ഉപദേശിക്കേണം.''3. ബൈബിൾപ്രമാണങ്ങൾ ഓരോ ഭവനത്തിലും സ്ഥാപിക്കപ്പെടണം എന്നും ദൈവം അവരോട് ആവശ്യപ്പെട്ടു:"വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും നിങ്ങൾ അവയെക്കുറിച്ച് സംസാരിച്ചുകൊണ്ട് നിങ്ങളുടെ മക്കൾക്ക് അവയെ ഉപദേശിച്ചുകൊടുക്കേണം;....അവയെ നിന്റെ വീടിന്റെ കട്ടിളകളിന്മേലും പടിവാതിലുകളിലും എഴുതേണം."4.

സങ്കീർത്തനങ്ങളിലും ഇതു സംബന്ധിച്ച് നാം വായിക്കുന്നു:''അവൻ യാക്കോബിൽ ഒരു സാക്ഷ്യം സ്ഥാപിച്ചു;യിസ്രായേലിൽ ഒരു ന്യായപ്രമാണം നിയമിച്ചു; നമ്മുടെ പിതാക്കന്മാരോട് അവയെ തങ്ങളുടെ മക്കളെ അറിയിപ്പാൻ കൽപിച്ചു."5. അതേ, ഇന്നും നാം നമ്മുടെ ഭവനങ്ങളിൽ ദൈവികപ്രമാണങ്ങൾ ഉറപ്പായി സ്ഥാപിക്കുകയും ശുഷ്ക്കാന്തിയോടെ അവ മക്കളെ അഭ്യസിപ്പിക്കയും ചെയ്യേണ്ടതാണ്.

**ചട്ടങ്ങൾ(rules)സ്ഥാപിക്കുക:**

"ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം"ഈ പദ്യശകലം നമുക്ക് പരിചിതമാണല്ലോ. ബാല്യത്തിൽ ലഭിക്കുന്ന ശരിയായശീലം അഥവാ പരിശീലനം ഒരായുഷ്ക്കാലം മുഴുവൻ ഒരു വ്യക്തിക്കു ദിശാബോധം നൽകാൻ പര്യാപ്തമാണെന്ന് സാരം. ഒരു ട്രെയിൻ സുഗമമായി ഓടണമെങ്കിൽ തറയിൽ നന്നായി ഉറപ്പിക്കപ്പെട്ട രണ്ടു പാളങ്ങൾ അതിന് അത്യന്താപേക്ഷിതമാണ്. നമ്മുടെ കുഞ്ഞുങ്ങളുടെ ജീവിതത്തെ ഈ ട്രെയിനിനോട് ഉപമിക്കാം. അങ്ങനെയെങ്കിൽ പാളങ്ങൾ എന്തിനെക്കുറിക്കുന്നു? സംശയം വേണ്ട, കുഞ്ഞുങ്ങൾക്ക് ഗ്രഹിക്കാൻ കഴിയുന്ന, ബൈബിൾ മൂല്യങ്ങളിലധിഷ്ഠിതമായ ചട്ടങ്ങളാണവ. അമ്മയപ്പന്മാർ അവ തെളിവായി തങ്ങളുടെ ഭവനങ്ങളിൽ സ്ഥാപിക്കണം.—ചില കൽപ്പനകൾ, ചില അരുതുകൾ, ചില വിലക്കുകൾ, ചില ഭയനിർദ്ദേശങ്ങൾ അഥവാ മുന്നറിയിപ്പുകൾ, ചില വാഗ്ദാനങ്ങൾ, ചില പ്രോത്സാഹനങ്ങൾ ഇത്യാദി.

**ഒരു ട്രെയിൻ സുഗമമായി ഓടണമെങ്കിൽ തറയിൽ നന്നായി ഉറപ്പിക്കപ്പെട്ട രണ്ടു പാളങ്ങൾ അതിന് അത്യന്താപേക്ഷിതമാണ്. നമ്മുടെ കുഞ്ഞുങ്ങളുടെ ജീവിതത്തെ ഈ ട്രെയിനിനോട് ഉപമിക്കാം. അങ്ങനെയെങ്കിൽ പാളങ്ങൾ എന്തിനെക്കുറിക്കുന്നു? സംശയം വേണ്ട, കുഞ്ഞുങ്ങൾക്ക് ഗ്രഹിക്കാൻ കഴിയുന്ന, ബൈബിൾ മൂല്യങ്ങളിലധിഷ്ഠിതമായ ചട്ടങ്ങളാണവ. അമ്മയപ്പന്മാർ അവ തെളിവായി തങ്ങളുടെ ഭവനങ്ങളിൽ സ്ഥാപിക്കണം.—ചില കൽപ്പനകൾ, ചില അരുതുകൾ, ചില വിലക്കുകൾ, ചില ഭയനിർദ്ദേശങ്ങൾ അഥവാ മുന്നറിയിപ്പുകൾ, ചില വാഗ്ദാനങ്ങൾ, ചില പ്രോത്സാഹനങ്ങൾ...**

ഉദാഹരണത്തിന് "നമ്മുടെ വീട്ടിൽ സത്യം മാത്രമേ പാടുള്ളു--കാപട്യവും നുണയും പടിക്കു പുറത്ത്'' അല്ലെങ്കിൽ,"മാതാപിതാക്കളെ പെട്ടെന്ന്, സന്തോഷത്തോടെ പൂർണ്ണമായും അനുസരിക്കണം.-വൈകിയുള്ള അനുസരണം അനുസരണക്കേടാണ്." മറ്റൊന്ന്, "ഇവിടെ ക്രൂരതയും കോപവും വിരോധവും അനുവദി





ച്ചിട്ടില്ല.--സ്നേഹം ,നന്മ, കരുണ,ദയ എന്നിവ മതി." അഥവാ, "സംസാരിക്കാവുന്ന കുഞ്ഞുങ്ങൾക്ക് കരഞ്ഞു കാര്യം സാധിക്കാൻ ഇവിടെ അനുവാദമില്ല." ഇനി മറ്റൊന്ന് , "ഈ വീട്ടിലെ സംസാരവും കരച്ചിലും മറ്റും അടുത്തവീട്ടിൽ കേൾക്കാൻ പാടില്ല." ആവശ്യാനുസരണം എത്രയെത്ര നല്ല ചട്ടങ്ങൾ നിങ്ങൾക്ക് ഭവനത്തിൽ സ്ഥാപിക്കാൻ കഴിയും!

കുടുംബത്തിൽ ചട്ടങ്ങൾ സ്ഥാപിക്കുമ്പോൾ എതിർദിശയിലുള്ള രണ്ട് അപകടങ്ങളെ ഒഴിവാക്കി മുമ്പോട്ട് പോകാൻ ശ്രദ്ധിക്കണം. അവയിലൊന്ന് ചട്ടങ്ങൾ തീരെയില്ലാത്ത നിയമരാഹിത്യത്തിന്റെ അവസ്ഥയാണ്; നിയമങ്ങളുടെ ബാഹുല്യവും കാഠിന്യവും നിമിത്തം കുഞ്ഞുങ്ങൾ പൊറുതിമുട്ടുന്ന വിപരീതനിലയാണ് മറ്റേത്. ഈ രണ്ടു ധ്രുവങ്ങളും ഒഴിവാക്കി വിട്ടുവീഴ്ചകൾക്ക് അവസരം നല്കിക്കൊണ്ട് ഏതാണ്ടൊരു മധ്യനിര സ്വീകരിക്കുന്നതാണ് അഭികാമ്യം.

വ്യക്തമായ ചട്ടങ്ങൾ ഇല്ലാത്ത വീട്ടിൽ കുട്ടികളുടെ ജീവൻ അങ്ങോട്ടും ഇങ്ങോട്ടും ആടിയുലയുന്ന സ്ഥിതിയിലായിരിക്കും--തങ്ങളുടെയോ അല്ലെങ്കിൽ മാതാപിതാക്കളുടെയോ തോന്നലുകളും വിചാരങ്ങളും ആശ്രയിച്ചുള്ള ചാഞ്ചാട്ടങ്ങൾ. എന്നാൽ മറിച്ച് വ്യക്തമായ ക്രമങ്ങളും നിയന്ത്രണങ്ങളും ഉള്ളിടത്ത് കുഞ്ഞുങ്ങൾ അവയുടെ സഹായത്താൽ ആർത്തുവളർന്നു വരും. നിങ്ങൾ ആദ്യമായി നിയമങ്ങൾ സ്ഥാപിക്കാനൊരുങ്ങുമ്പോൾ തുടക്കത്തിൽ കുട്ടികൾ അവയ്ക്കെതിരായി മുറുമുറുപ്പ് കാട്ടിയെന്നു വരാം —കാരണം, അവരിതുവരെ ശിക്ഷണത്തിനു വിധേയരായിരുന്നില്ലല്ലോ.

നമ്മുടെ കുഞ്ഞുങ്ങളുടെ ഇച്ഛാശക്തിയും പെരുമാറ്റവും സ്വഭാവവും എല്ലാം ഉറപ്പായി സ്ഥാപിക്കപ്പെട്ട ചട്ടങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കുമ്പോൾ മാത്രമേ ദൈവരാജ്യത്തിനു പ്രയോജനമുള്ള ഉത്തമപൗരന്മാരായി അവർ വളർന്നു വരൂ. "വടിയും ശാസനയും ജ്ഞാനത്തെ നൽകുന്നു; തന്നിഷ്ടത്തിനു വിട്ടിരുന്ന ബാലനോ അമ്മയ്ക്കു ലജ്ജ വരുത്തുന്നു."6 ഇവിടെ പ്രതിപാദിക്കുന്ന 'വടിയും ശാസനയും' ഒരു ഭവനത്തിൽ സ്ഥാപിച്ചിട്ടുള്ള ആരോഗ്യകരമായ ചട്ടങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയരല്ലാത്ത മക്കൾ തന്നിഷ്ടക്കാരും മത്സരികളുമായി വളർന്നു വരും; ഒടുവിൽ അവർ അമ്മയപ്പന്മാർക്ക് അപമാനവും വ്യസനവും സമ്മാനിക്കുകയും ചെയ്യും!

എന്നാൽ ഒരു കാര്യം നാം അംഗീകരിച്ചേ തീരൂ:കുടുംബത്തിൽ നല്ല ചട്ടങ്ങൾ സ്ഥാപിച്ച് നിലനിർത്തിപ്പോരുന്നതിന് വളരെ നിശ്ചയദാർഢ്യവും ഇച്ഛാശക്തിയും ഉത്സാഹവും മാതാപിതാക്കളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. ഒരിക്കൽ സ്ഥാപിക്കപ്പെട്ട നല്ല നിയമങ്ങൾ തന്നെ കുട്ടികളുടെ സമ്മർദ്ദത്തിന് വഴങ്ങി പിൽക്കാലത്ത് മാറ്റിക്കളയാൻ എളുപ്പമാണ്. അങ്ങനെചെയ്താൽ ഭവനത്തിൽ ദൈവവ്യവസ്ഥയുടെ ലംഘനവും അരാജകത്വവുമായിരിക്കും അനന്തരഫലം!

കൃപയുടെ ഈ യുഗത്തിൽ ജീവിക്കുന്ന ദൈവമക്കളുടെ വീട്ടിൽ മനുഷ്യനിർമ്മിതമായ ചട്ടങ്ങളോ?, കുടുംബപ്രാർത്ഥനയോ? വാക്യങ്ങൾ മനഃപാഠം പഠിക്കലോ? അരുതുകളും വിലക്കുകളുമോ?—ചിലർ നെറ്റി ചുളിച്ചേക്കാം. ഉവ്വ്, നാം ദൈവകൃപയാൽ രക്ഷിക്കപ്പെട്ടവരും ക്രിസ്തുവിന്റെ പ്രമാണങ്ങൾക്ക് കീഴ്പ്പെട്ടവരുമാണ്.എന്നാൽ നമ്മുടെ കുഞ്ഞുങ്ങൾ അങ്ങനെയല്ല; അവർ മുതിർന്നു വന്ന് ക്രിസ്തുവിനെ അറിയുന്നതുവരെ 'ന്യായപ്രമാണത്തിൻ കീഴി'ലാണ്.-അതായത് അവർക്ക് ഈ ഘട്ടത്തിൽ ശിശുപാലകരുടെ പരിചരണം ആവശ്യമാണ്.(ഗലാത്യർ3:23-26നോക്കുക) ക്രിസ്തുവിനെ അറിയുവാനും സ്നേഹിക്കുവാനും പ്രാപ്തരാകുമാറ് അവരുടെ ചിന്താഗതികളും മനസ്സും ഒരുക്കപ്പെടണം. ആയതിന് സുവ്യക്തമായ നല്ല ചട്ടങ്ങൾ ഭവനങ്ങളിൽ അവർക്കായി സ്ഥാപിക്കപ്പെടേണ്ടത് അത്യാവശ്യം തന്നെ.

**(ശേഷം പേജ് 41 ൽ)**

# നാൾക്കു നാൾ പുതുക്കം പ്രാപിക്കുക

**സാക് പുന്നൻ**

**ന**മുക്ക് ഈ ലോകത്തിൽ നൽകപ്പെട്ടിട്ടുള്ള ദിവസങ്ങൾ ഓരോന്നും എണ്ണപ്പെട്ടവയാണെന്നും അവയെല്ലാം ദൈവത്തിന്റെ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നും ദൈവവചനം നമ്മെ പഠിപ്പിക്കുന്നു(സങ്കീ.139:16). വർഷങ്ങളല്ല ദിവസങ്ങളാണ് എണ്ണപ്പെട്ടിട്ടുള്ളതെന്ന കാര്യം ശ്രദ്ധിക്കുക. ദൈവത്തിന്റെ മുമ്പിൽ ഓരോ ദിവസവും പ്രധാനമാണ്. ഇതിനാലാണ്- "ഞങ്ങൾ ജ്ഞാനമുള്ളൊരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കേണമേ" എന്നു മോശെ പ്രാർത്ഥിച്ചത്(സങ്കീ.90:12). ഇത് പഴയനിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രാർത്ഥനകളിൽ ഒന്നാണ്. നമ്മുടെ പ്രാർത്ഥനയും ഇതായിരിക്കട്ടെ. ജീവിതത്തിന്റെ അന്ത്യഘട്ടത്തിലെത്തുമ്പോൾ ഞങ്ങളെപ്പറ്റിയുള്ള ദൈവോദ്ദേശ്യം നിറവേറ്റിയവരായി ദൈവജ്ഞാനം നിറഞ്ഞ ഒരു ഹൃദയം അവിടുത്തേക്കു കാഴ്ചവയ്ക്കുവാൻ കഴിയുമാറ് ഞങ്ങളുടെ നാളുകൾ വിനിയോഗിക്കുവാൻ ഞങ്ങളെ സഹായിക്കണമേ എന്നു നമുക്കു പ്രാർത്ഥിക്കാം

നമ്മുടെ പുറമേയുള്ള മനുഷ്യൻ(ഭൗതിക ശരീരം) ക്ഷയിച്ചുകൊണ്ടിരുന്നാലും നമ്മുടെ അകമെയുള്ളവൻ നാൾ തോറും(വർഷം തോറുമല്ല) പുതുക്കം പ്രാപിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. (2കൊരി.4:16 നോക്കുക). ഇതിനെ സംബന്ധിച്ച് അതിമനോഹരമായ ഒരു ചിത്രം വേദപുസ്തകത്തിന്റെ ഒന്നാമധ്യായത്തിൽ തന്നെ നമുക്കു കാണാം. ലൂസിഫറിന്റെയും മറ്റു ചില ദൈവദൂതന്മാരുടെയും പാപത്തിന്റെ ഫലമായി ഭൂമി പാഴായും,ശൂന്യമായും,ഇരുളടഞ്ഞതായും ഇരുന്നുവെന്ന് അവിടെ നാം വായിക്കുന്നു (ഉൽപത്തി 1: 2). ആ ഘട്ടത്തിൽ ദൈവം ഈ ഭൂമിയിൽ പ്രവർത്തിക്കുകയും, തൽഫലമായി "എത്രയും നല്ലത്" എന്ന് അവിടുന്ന് തന്നെ പറയുവാൻ തക്കവണ്ണം (ഉൽപത്തി 1: 31) അതിനെ ദൈവം രൂപാന്തരപ്പെടുത്തുകയും ചെയ്തു. ഈ ദൈവം തന്നെ ഇപ്പോൾ പാഴും ശൂന്യവും ഇരുണ്ടതുമായ നമ്മുടെ ജീവിതങ്ങൾക്ക് ഇതേ പുതുക്കം നൽകുമാറ് നമ്മെ മുഴുവനായി വിശുദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്നു. ഇതിലുപരിയായി, ഉൽപത്തി ഒന്നാം അദ്ധ്യായത്തിൽ നാം കാണുന്ന ഏറ്റവും രസകരമായ കാര്യം, ഓരോ ദിവസവും ഈ ഭൂമിയിൽ ദൈവം ഒരു പ്രത്യേക പ്രവൃത്തി ചെയ്തു എന്നുള്ളതാണ്. ഓരോ സന്ധ്യയിലും ഉഷസ്സിലും ചില ചില കാര്യങ്ങൾ നിർവഹിക്കപ്പെട്ടു. അങ്ങനെ ആറു ദിവസം കൊണ്ട് ആ പ്രവൃത്തി പൂർത്തിയായി. ഇതു പോലെ തന്നെ നമ്മുടെ ഇഹലോകജീവിതത്തിലെ ഓരോ ഉഷസ്സിലും സന്ധ്യയിലും ദൈവത്തിനു പ്രത്യേകമായ ഒരു പരിപാടിയുണ്ട്. ഈ പരിപാടി നമ്മിൽ നിറവേറുന്നുവോ ഇല്ലയോ എന്ന കാര്യം അവിടുത്തെ ആത്മാവിന്റെ പ്രവർത്തനങ്ങളോട് നാം എങ്ങനെ പ്രതികരിക്കുന്നു, അവിടുത്തെ വചനത്തിനു നാം എത്രമാത്രം നമ്മെത്തന്നെ കീഴ്പ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു(ഉൽപത്തി 1:2,3). ആറു ദിവസം കൊണ്ടുള്ള ഈ നവീകരണ പരി◌ീപാടിക്കു ശേഷമാണ് വേദപുസ്തകത്തിൽ ആദ്യമായി "ശുദ്ധീകരിച്ചു" എന്ന പദം പ്രത്യക്ഷപ്പെടുന്നത്(ഉൽപത്തി 2:3). നമ്മുടെ ശുദ്ധീകരണവും ഇതുപോലെ തന്നെ. നമ്മുടെ ജീവിതങ്ങളിൽ ദൈവം ദിനം തോറും നടത്തുന്ന നവീകരണ പ്രവർത്തനത്തിന്റെയെല്ലാം അന്തിമ ഫലമാണിത്.





*നമ്മുടെ ഇഹലോകജീവിതത്തിലെ ഓരോ ഉഷസ്സിലും സന്ധ്യയിലും ദൈവത്തിനു പ്രത്യേകമായ ഒരു പരിപാടിയുണ്ട്. ഈ പരിപാടി നമ്മിൽ നിറവേറുന്നുവോ ഇല്ലയോ എന്ന കാര്യം അവിടുത്തെ ആത്മാവിന്റെ പ്രവർത്തനങ്ങളോട് നാം എങ്ങനെ പ്രതികരിക്കുന്നുഎന്നതിനെ ആശ്രയിച്ചിരിക്കുന്നു*

ഇതിലേക്ക് നാം ദിനം തോറും ചെയ്യണമെന്ന് ദൈവവചനം അനുശാസിക്കുന്ന മൂന്നു കാര്യങ്ങളുണ്ട്.

**നാൾ തോറും ദൈവത്തിലുള്ള ആശ്രയം**

"ദിവസം പ്രതി എന്റെ പടിവാതിൽക്കൽ ജാഗരിച്ചും എന്റെ വാതിൽക്കട്ടളയ്ക്കൽ കാത്തും കൊണ്ട് എന്റെ വാക്കു കേട്ടനുസരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ (സദൃശ. 8:34).

ദൈവത്തിലുള്ള ആശ്രയത്തോടുകൂടി നാം നമ്മുടെ അനുദിനജീവിതം ക്രമീകരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. യെശയ്യാവ് 50:4ൽ യേശുക്രിസ്തുവിനെപ്പറ്റി പ്രസ്താവിച്ചിട്ടുള്ള പ്രവാചകവാക്യത്തിൽ ഒരു ശിഷ്യനെന്ന നിലയിൽ ദൈവവചനങ്ങളെ ശ്രദ്ധിക്കുവാനായി ദൈവം രാവിലെ തോറും യേശുവിനെ ഉണർത്തുന്നതായി നാം വായിക്കുന്നു. അപ്രകാരം യേശു ഒരു മനുഷ്യനെന്ന നിലയിൽ തന്റെ ഇഹലോകജീവിതം നയിച്ചത്, അതിരാവിലെ മുതൽ ദിവസം മുഴുവനും തന്റെ പിതാവിന്റെ വാക്കു കേൾക്കുവാൻ ശ്രദ്ധിച്ചു കൊണ്ടിരിക്കുന്ന ഒരു മനോഭാവത്തിലാണ്. ഓരോ ദിവസവും എല്ലാ സമയവും ദൈവത്തിന് നമ്മോടെന്താണ് പറയുവാനുള്ളതെന്ന കാര്യം ശ്രദ്ധിച്ചുകൊണ്ടിരിക്കുമാറ് നമ്മുടെ ആത്മാവിന്റെ ഏരിയൽ (ആന്റിന) നാം ഉയർത്തി സ്ഥാപിച്ചിരിക്കണം. നമ്മുടെ പ്രതിദിന ജോലികൾക്കിടയിലും നാം അങ്ങുമിങ്ങും യാത്ര ചെയ്യുമ്പോഴും "കർത്താവേ സംസാരിക്കണമേ അടിയൻ കേൾക്കുന്നു" എന്നതായിരിക്കണം നമ്മുടെ ആത്മാവിന്റെ മനോഭാവം. അങ്ങനെയെങ്കിൽ നമ്മിൽ പുതുക്കം വരുത്തുവാനും, നമ്മെ വിശുദ്ധീകരിക്കുവാനുമായി തന്റെ വചനം നമുക്കു നൽകുവാൻ ദൈവത്തിനു കഴിയും. മരുഭൂമിയിൽ വച്ച് ഓരോ പ്രഭാതത്തിലും യിസ്രായേൽ മക്കൾക്ക് മന്ന നൽകി

ക്കൊണ്ട് അവരെ പഠിപ്പിക്കുവാൻ ദൈവം ആഗ്രഹിച്ച പ്രഥമപാഠം ഇതായിരുന്നു. ഓരോ ദിവസത്തേക്ക് വേണ്ടത് അവർ അന്നന്ന് പോയി പെറുക്കിക്കൊള്ളണമായിരുന്നു (പുറപ്പാട് 14:4). ദൈവത്തിന്റെ വായിൽ നിന്നു പുറപ്പെടുന്ന സകല വചനം കൊണ്ടുമാണ് മനുഷ്യർ ജീവിക്കേണ്ടതെന്ന് ദൈവം ഈ വിധത്തിൽ അവരെ പഠിപ്പിച്ചു (ആവ.8:3). താൻ തന്നെ ഈ ഭൂമിയിൽ എങ്ങനെ ജീവിച്ചു എന്ന് കാണിക്കുവാൻ യേശു ഈ വാക്കുകൾ സാത്താന്റെ മുമ്പിൽ ഉദ്ധരിച്ചു എന്ന കാര്യം പ്രത്യേകം പ്രാധാന്യം അർഹിക്കുന്നതാണ്.

ഈ ലോകത്തിൽ നമുക്കുള്ള ഭൗതികമായ അവശ്യങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ കൂടി യേശു നമ്മെ പഠിപ്പിച്ചു. എന്നാൽ ഇന്നത്തെ ആഹാരത്തിനു വേണ്ടി മാത്രം പ്രാർത്ഥി ക്കുവാനാണ് അവിടുന്ന് കൽപിച്ചിട്ടുള്ളത് (മത്തായി 6:11). നമുക്ക് ഇന്നത്തേക്കാവശ്യമായ ആഹാരവും മറ്റ് ഭൗതികാവശ്യങ്ങളും ദൈവം തരുന്നു എങ്കിൽ അതു മതിയാകും. നാളത്തെ ആവശ്യങ്ങളെപ്പറ്റിപ്പോലും നാം ഒരിക്കലും വ്യാകുലപ്പെടരുതെന്ന കാര്യം ഈ ഭാഗത്ത് മത്തായി ആറാമദ്ധ്യായത്തിൽ തന്നെ യേശു തുടർന്നു പഠിപ്പിച്ചിട്ടുണ്ട്. കാരണം നാളത്തെ ദിവസം ഇന്നായി മാറുമ്പോൾ ദൈവം ആ ദിവസത്തിനു വേണ്ടി കരുതിക്കൊള്ളും (മത്തായി 6:34). നമ്മുടെ ഭൗതികാവശ്യങ്ങളിൽ ദൈവം തൽപരനാണ്. ജീവിതത്തിലെ ആഡംബരങ്ങൾ നമുക്ക് നൽകാമെന്ന് ദൈവം വാഗ്ദാനം ചെയ്തിട്ടില്ല. (എന്നാൽ അതും ചിലപ്പോൾ കുറെയൊക്കെ അവിടുന്ന് നമുക്ക് നൽകാറുണ്ട്.) എങ്കിലും നാം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുന്ന പക്ഷം ഉണ്ണാനും, ഉടുപ്പാനും, (വസിപ്പാനും) ഉള്ളവ നമുക്കു നൽകാമെന്ന് അവിടുന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട് (മത്തായി 6:33).

നാം സമ്പൂർണ്ണമായ പുതുക്കവും വിശുദ്ധീകരണവും പ്രാപിക്കണമെങ്കിൽ അതിലേക്ക് നാം പഠിക്കേണ്ട ഒന്നാമത്തെ പാഠം ഇതാണ്: ദൈവവചനത്തിനായും ഭൗതികാവശ്യങ്ങൾക്കായും ദിനം പ്രതി ദൈവത്തിലാശ്രയിക്കുന്ന ഒരു ജീവിതം നയിക്കുക എന്നതു തന്നെ.

**2. നാൾ തോറും നമുക്കു തന്നെ മരിച്ചവരായിത്തീരുക.**

"എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ'' (ലൂക്കോ.9:23).

നാൾ തോറും നാം ചെയ്യേണ്ട രണ്ടാമത്തെ കാര്യമാണിത്. തന്നെത്താൻ ത്യജിക്കയും നമ്മുടെ അഹന്തയെ (സ്വയത്തെ) മരിപ്പിക്കയും ചെയ്യുക(ഇതാണ് ക്രൂശെടുക്കുക എന്നതിന്റെ അർത്ഥം). ഇത് ഒരിക്കലായി നാം ചെയ്യുന്ന ഒരു കാര്യമല്ല; പിന്നെയോ നാൾ തോറും ചെയ്യേണ്ട ഒന്നാണ്. ദിവസം പ്രതിയുള്ള വിശുദ്ധീകരണത്തിന്റെ മാർഗ്ഗം ഇതു തന്നെ. "ഞാൻ ദിവസേന മരിക്കുന്നു"(1 കൊരി 15:31) എന്നു പൗലൊസ് പറയുന്നു. അദ്ദേഹത്തിന്റെ ജീവിതം അത്ഭുതാവഹമായ വിധം ഫലപൂർണ്ണമായിരുന്നതിന്റെ രഹസ്യം അതാണ്.

മേലുദ്ധരിച്ച വാക്യത്തിൽ യേശു പറഞ്ഞിട്ടുള്ളതനുസരിച്ച് ഒന്നാമത്തെ പടി ക്രൂശെടുക്കയല്ല, തന്നെത്താൻ ത്യജിക്കയാണ്. തന്നെത്താൻ ത്യജിക്കയെന്നു വച്ചാൽ അഹന്തയെ (സ്വയത്തെ) അതിനർഹമായ സ്ഥാനത്ത്, ഏറ്റവും ഒടുക്കത്തെ സ്ഥാനത്തു തന്നെ പ്രതിഷ്ഠിക്കുകയാണ്. ഇപ്രകാരം നമ്മെത്തന്നെ ഒടുവിലത്തെ സ്ഥാനത്ത് പ്രതിഷ്ഠിക്കുവാനും പാപത്തിനായി നമ്മെ പ്രേരിപ്പിക്കുന്ന ജഡമോഹങ്ങളെ മരിപ്പിക്കുവാനുമുള്ള ഒരവസരമായി ദൈവം നമുക്കു തരുന്ന ഓരോ ദിവസത്തെയും നാം പരിഗണിക്കണം. ഓരോ ദിവസവും ചെയ്യേണ്ട സർവ്വപ്രധാനമായ കാര്യം ഇതാണ്. നമുക്ക് നേരെ വരുന്ന അത്തരം പരീക്ഷകളിലൂടെ ഈ ഭൂമിയിൽ കർത്താവിന്റെ പ്രതിനിധികളായിരിപ്പാൻ നാം യോഗ്യരോ എന്ന് ദൈവം നമ്മെ ശോധന ചെയ്യുകയാണ്.(തുടരും)





താഴ്മ: വിശുദ്ധിയുടെ സൗന്ദര്യം II

# താഴ്മയെ സ്നേഹിക്കുക

ആൻഡ്രൂ മുറേ

ദൈവമഹത്വം കണ്ടിട്ടുള്ള ഒരുവനെ തിരിച്ചറിയുവാൻ കഴിയുന്നത് അവന്റെ സ്വയം താഴ്ത്തുന്ന സ്വഭാവത്തിൽ നിന്നാണ്. ഉദാഹരണത്തിന് വിശുദ്ധന്മാരുടെ വാക്കുകൾ ശ്രദ്ധിക്കുക:

ഇയ്യോബ് ദൈവത്തോടു പറഞ്ഞു"ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളു. ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു. ആകയാൽ ഞാൻ എന്നെത്തന്നെ വെറുത്ത് പൊടിയിലും ചാരത്തിലും കിടന്ന് അനുതപിക്കുന്നു."(ഇയ്യോ.42:5,6). യെശയ്യാവ് പറഞ്ഞത്"എനിക്ക് അയ്യോ കഷ്ടം, ഞാൻ നശിച്ചു.ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ. ശുദ്ധിയില്ലാത്ത അധരങ്ങളുള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു. എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ"(യെശ.6:5). പത്രോസ് കർത്താവിനോടു പറഞ്ഞു"കർത്താവേ ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ട് എന്നെ വിട്ട് പോകേണമേ"(ലൂക്കോ.5:8). പൗലൊസിന്റെ കുറ്റസമ്മതം കേൾക്കുക"എന്നിൽ എന്നുവച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു. നന്മ ചെയ്യാനുള്ള താത്പര്യം എനിക്കുണ്ട്. പ്രവർത്തിക്കുന്നതോ ഇല്ല.'' (റോമ.7:18) യോഹന്നാൻ പറയുന്നു "അവനെ കണ്ടിട്ട് ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു."(വെളി.1:17)

സ്വന്ത വിശുദ്ധിയിൽ നിഗളമുള്ള ഒരുവന്റെ മനോഭാവം വെളിവാകുന്നത് അവന്റെ വാക്കുകളിലൂടെ എന്നതിനെക്കാൾ മറ്റുള്ളവരോട് സംസാരിക്കുന്ന രീതി, സ്വരം എന്നിവയിലൂടെയാണ്. അത്തരം ഒരുവന്റെ സ്വയശക്തി ആത്മവിവേചനമുള്ളവർക്ക് എളുപ്പം മനസ്സിലാകും. എന്തിന് ലോകർ പോലും സൂക്ഷ്മതയുള്ള കണ്ണുകൾകൊണ്ട് ഇതു കണ്ടെത്തുകയും സ്വർഗ്ഗീയജീവിതം അവകാശപ്പെടുന്ന ഇവർക്ക് പ്രത്യേകിച്ച് സ്വർഗീയമായ ഫലങ്ങൾ ഒന്നുമില്ലെന്നതിന്റെ തെളിവായി ഇതു ചൂണ്ടിക്കാട്ടുകയും ചെയ്യും.

സഹോദരന്മാരേ ശ്രദ്ധിക്കുക, ഓരോ ചുവടുവെയ്പ്പിലും വിശുദ്ധിയോടു കൂടുതൽ അടുത്തുകൊണ്ടിരിക്കുന്നുവെന്ന് നാം കരുതുന്നു. എന്നാൽ താഴ്മയിൽ വർദ്ധിച്ചു വരുന്നതു നമ്മുടെ ലക്ഷ്യമാക്കിയില്ലെങ്കിൽ കേവലം ഒരു പുതിയ ഉപദേശത്തിലും വിശുദ്ധികരണത്തെക്കുറിച്ചുള്ള മനോഹരമായ ചിന്തകളിലും അനുഭൂതികളിലും സന്തോഷിക്കുക മാത്രമാണുണ്ടായതെന്ന് അന്ത്യദിവസത്തിൽ നാം കണ്ടെത്തും. സ്വയത്തിന്റെപടിപടിയായ ശോഷണം(അതു മാത്രമാണല്ലോ ദൈവസാന്നിദ്ധ്യത്തിന്റെ തെറ്റിക്കൂടാത്ത അടയാളം) നമ്മിൽ സംഭവിച്ചില്ലെന്ന് അന്നു മാത്രമാണ് നാം ഞെട്ടലോടെ തിരിച്ചറിയുക. അതുകൊണ്ട് പ്രിയരേ, നമുക്ക് യേശുവിങ്കലേക്ക് ഓടിയണയാം. അവിടുത്തെ താഴ്മ നമ്മെ ധരിപ്പിക്കുന്നതു വരെ തന്നിൽ മറയാം. യഥാർത്ഥ വിശുദ്ധി അതാണ്, അതു മാത്രം.

തങ്ങളുടെ പാപങ്ങളിൽ ദത്തശ്രദ്ധരായിരിക്കുന്നതു മാത്രമാണ് താഴ്മയിൽ തുടരാനുള്ള ഒരേയൊരു മാർഗമെന്നു കരുതുന്നവരെക്കുറിച്ച് നേരത്തെ നാം ചിന്തിച്ചു കഴിഞ്ഞു.ഇത് ഒരു തരം വ്യാജമായ താഴ്മയാണ്. പൗലൊസ് തന്നെക്കുറിച്ചുതന്നെ 'പാപികളിൽ ഒന്നാമൻ' എന്നു കരുതിയി

രുന്നു. 'ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ. ആ പാപികളിൽ ഞാൻ ഒന്നാമൻ'(1തിമോ.1:15). എന്നാൽ തന്റെ എഴുത്തുകളിൽ ഒരിടത്തും ബോധപൂർവ്വമായ ഏതെങ്കിലും പാപത്തെക്കുറിച്ച് പൗലൊസ് ഒരു കുറ്റസമ്മതം നടത്തുന്നതായി നാം കാണുന്നില്ല. മറിച്ച് മനുഷ്യരുടെയും ദൈവത്തിന്റെയും മുമ്പാകെ കുറ്റമറ്റ ജീവിതം നയിക്കുന്നു എന്ന് വ്യക്തമാക്കുന്ന ഭാഷാപ്രയോഗങ്ങളാണ് കാണാൻ കഴിയുക.

'വിശ്വസിക്കുന്ന നിങ്ങളുടെ ഇടയിൽ ഞങ്ങൾ എത്ര പവിത്രമായും നീതിയായും അനിന്ദ്യമായും നടന്നു എന്നതിനു നിങ്ങളും ദൈവവും സാക്ഷി.......ഞങ്ങൾ ലോകത്തിൽ, വിശേഷാൽ നിങ്ങളോട്, ജഡജ്ഞാനത്തിൽ അല്ല ദൈവകൃപയിലത്രേ, ദൈവം നലകുന്ന വിശുദ്ധിയിലും നിർമ്മലതയിലും പെരുമാറിയിരിക്കുന്നു എന്ന് ഞങ്ങളുടെ മനസ്സാക്ഷിയുടെ സാക്ഷ്യം തന്നെ ഞങ്ങളുടെപ്രശംസ'(1തെസ്സ.2:10;2കൊരി.1:12) എന്നും പൗലൊസിനു മറ്റു വിശ്വാസികളോടു പറയുവാൻ കഴിയുമായിരുന്നു.

ആത്മനിന്ദനത്തിലും സ്വന്തം തെറ്റുകളെ വിധിക്കുന്നതിലും മുഴുകുമ്പോൾ അതു നമ്മെ ഒരിക്കലും സ്വയത്തിൽ നിന്നു മോചിപ്പിക്കയില്ല. പാപത്തെ വിധിക്കുന്ന പ്രമാണമല്ല, അതിൽ നിന്നു നമ്മെ മോചിപ്പിക്കുന്ന കൃപയാണ് നമ്മെ താഴ്മയിലെത്തിക്കുന്നത്. ന്യായപ്രമാണം ഹൃദയത്തെ ഭയംകൊണ്ട് തകർത്തേക്കാം പക്ഷേ കൃപയാണ് നമ്മിൽ പ്രവർത്തിച്ച് മധുരതരമായ താഴ്മയെ സ്വഭാവത്തിന്റെ ഭാഗമായി മാറ്റുന്നത്. സ്വയത്തിൽ നിന്നുള്ള മോചനം ലഭിക്കുന്നത് പാപത്തിൽ ദത്തശ്രദ്ധരായിരിക്കുമ്പോഴല്ല; മറിച്ച് ദൈവത്തിൽ ദത്തശ്രദ്ധരായിരിക്കുമ്പോഴാണ്.

താഴ്മ മരണത്തിലേക്കുള്ള മാർഗ്ഗമാണ്. കാരണം മരണത്തിലാണല്ലോ താഴ്മ പൂർത്തിയാകുന്നത്. യേശു സ്വയം മരണത്തോളം താഴ്ത്തി.അങ്ങനെ നമുക്കു നടക്കുവാൻ ജീവനുള്ള പുതുവഴി തുറന്നു. ദൈവമുമ്പാകെയുള്ള അവിടുത്തെ പൂർണ്ണമായ സമർപ്പണം മരണത്തിലൂടെയല്ലാതെ തെളിയിക്കുവാൻ യേശുവിനു കഴിയുമായിരുന്നില്ലല്ലോ. നമുക്കും അപ്രകാരം തന്നെയാണ്. ജഡശരീരത്തിൽ നിന്നു ദൈവമഹത്വത്തിലേക്കുയരുവാൻ മരണത്തിലൂടെ കടന്നുപോകാതെ യേശുവിനു മാർഗ്ഗമുണ്ടായിരുന്നില്ല. നമുക്കും അപ്രകാരം തന്നെ. ഇങ്ങനെ മാത്രമേ നമുക്ക് ജഡത്തിൽ നിന്നു സ്വാതന്ത്ര്യം നേടുവാനും ദിവ്യസ്വഭാവത്തിന്റെ പങ്കാളിത്തത്തിലേക്കുള്ള പാത കണ്ടെത്തുവാനും കഴിയുകയുള്ളു.

**താഴ്മ മരണത്തിലേക്കുള്ള മാർഗ്ഗമാണ്. യേശു സ്വയം മരണത്തോളം താഴ്ത്തി.അങ്ങനെ നമുക്കു നടക്കുവാൻ ജീവനുള്ള പുതുവഴി തുറന്നു. ദൈവമുമ്പാകെയുള്ള അവിടുത്തെ പൂർണ്ണമായ സമർപ്പണം മരണത്തിലൂടെയല്ലാതെ തെളിയിക്കുവാൻ യേശുവിനു കഴിയുമായിരുന്നില്ലല്ലോ. നമുക്കും അപ്രകാരം തന്നെയാണ്. ജഡശരീരത്തിൽ നിന്നു ദൈവമഹത്വത്തിലേക്കുയരുവാൻ മരണത്തിലൂടെ കടന്നുപോകാതെ യേശുവിനു മാർഗ്ഗമുണ്ടായിരുന്നില്ല. നമുക്കും അപ്രകാരം തന്നെ. ഇങ്ങനെ മാത്രമേ നമുക്ക് ജഡത്തിൽ നിന്നു സ്വാതന്ത്ര്യം നേടുവാനും ദിവ്യസ്വഭാവത്തിന്റെ പങ്കാളിത്തത്തിലേക്കുള്ള പാത കണ്ടെത്തുവാനും കഴിയുകയുള്ളു.**

ദൈവേഷ്ടത്തിനു വേണ്ടി സ്വന്ത ഇഷ്ടത്തെ ത്യജിച്ചതിന്റെ തെളിവ് മരണത്തിലൂടെയാണ് യേശു നൽകിയത്. സ്വയത്തിനും ജഡത്തിനും, താൻ പരീക്ഷിക്കപ്പെട്ട പാപത്തിനും പൂർണ്ണമായി മരിച്ച





തിന്റെ ഫലമായാണ് ഒരു മനുഷ്യൻ എന്ന നിലയിൽ അവിടുത്തേക്ക് ദൈവത്തിന്റെ പൂർണ്ണജീവനിലേക്ക് പ്രവേശിക്കാൻ കഴിഞ്ഞത്. സ്വയത്തിന്റെ പൂർണ്ണമായ മരണത്തിലൂടെ മാത്രമേ നമുക്കും യേശുവിന്റെ താഴ്മയിൽ പങ്കാളിയാകുവാൻ കഴിയുകയുള്ളു. സ്വന്തമായി ബഹുമാനം തേടാതെ പൂർണ്ണമായി സ്വയം ഒഴിച്ച് ദാസന്റെ വേഷം എടുത്തതാണ് സ്വയത്തിന്റെ മരണത്തിനുള്ള വ്യക്തമായ തെളിവ്.

ജഡത്തിൽ ഒരു ശൂലം നൽകപ്പെട്ടപ്പോൾ പൗലൊസിന്റെ ആദ്യത്തെ ആഗ്രഹം അതു നീങ്ങിക്കിട്ടണം എന്നുള്ളതായിരുന്നു. എന്നാൽ അവസാനം അവൻ അതിൽ പുകഴുവാനും സന്തോഷം കണ്ടെത്തുവാനും ഇടയായി.

പൗലൊസ് പറയുന്നു"വെളിപ്പാടുകളുടെ ആധിക്യത്താൽഞാൻ അതിയായി നിഗളിച്ചുപോകാതിരിപ്പാൻ എനിക്കു ജഡത്തിൽ ഒരു ശൂലം തന്നിരിക്കുന്നു. ഞാൻ നിഗളിച്ചുപോകാതിരിക്കേണ്ടതിന് എന്നെ കുത്തുവാൻ സാത്താന്റെ ദൂതനെത്തന്നെ. അത് എന്നെ വിട്ട് നീങ്ങേണ്ടതിനു ഞാൻ മൂന്നു വട്ടം കർത്തവിനോടപേക്ഷിച്ചു. അവൻ എന്നോട്: "എന്റെ കൃപ നിനക്കു മതി എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു" എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിനു ഞാൻ അതി സന്തോഷത്തോടെ എന്റെ ബലഹീനതയിൽ പ്രശംസിക്കും. അതുകൊണ്ട് ഞാൻ ക്രിസ്തുവിനു വേണ്ടി ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ട് , ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു. ബലഹീനനായിരിക്കുമ്പോൾതന്നെ ഞാൻ ശക്തനാകുന്നു"(2കൊരി.12:7-10). അപമാനത്തിന്റെ സ്ഥലമാണ് ശക്തിയുടെ ആവാസസ്ഥാനമെന്ന് പൗലൊസ് കണ്ടെത്തി.

താഴ്മയെ പിന്തുടരുന്ന എല്ലാ ക്രിസ്ത്യാനികളും ഈ രണ്ട് അവസ്ഥകളിലൂടെ കടന്നുപോകും. തന്നെ എളിമപ്പെടുത്തുന്ന സാഹചര്യത്തിൽ നിന്നുള്ള വിടുതലിനായി ആദ്യം അവൻ പ്രാർത്ഥിക്കും. കാരണം എന്തു വില കൊടുത്തും താഴ്മ കൈവശമാക്കുവാൻ അവൻ ഇപ്പോൾ പഠിച്ചിട്ടില്ല. താഴ്മയുള്ളവനായിരിക്കുക എന്ന കല്പന അവൻ അംഗീകരിച്ചിട്ടുണ്ട്. അത് അനുസരിക്കുവാനാണ് ശ്രമം. പക്ഷേ ദയനീയമായ പരാജയം ആണ് അനുഭവം. അധരം കൊണ്ട് അവൻ കൂടുതൽ താഴ്മയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു. എന്നാൽ തന്നെ എളിമപ്പെടുത്തുന്ന കാര്യങ്ങളിൽ നിന്നു മാറി നിൽക്കുവാൻ ഹൃദയം കൊണ്ട് ആഗ്രഹിക്കുന്നു. തനിക്കുള്ളതെല്ലാം വിറ്റ് അതു നേടുവാൻ തക്കവണ്ണം യേശുവിന്റെ താഴ്മയെ സ്നേഹിക്കാൻ ഇപ്പോഴും പഠിച്ചിട്ടില്ല. അതിനുവേണ്ടിയുള്ള അന്വേഷണത്തിൽ, പ്രാർത്ഥനയിൽ ഇപ്പോഴും ബന്ധനത്തിന്റെയും ഭാരത്തിന്റെയും തോന്നലാണ് അനുഭവപ്പെടുന്നത്. സ്വയം താഴ്ത്തുന്നത് ഇപ്പോഴും അവന്റെ സന്തോഷവും ആനന്ദവുമായത്തീരുകയോ ജീവന്റെ സ്വാഭാവികമായ ഒരു പ്രതികരണമായി മാറുകയോ ചെയ്തിട്ടില്ല.

കർത്താവായ യേശുവിനെക്കുറിച്ചുള്ള ഒരു പുതിയ വെളിപ്പാടാണ് പൗലൊസിനെ രണ്ടാമത്തെ അവസ്ഥയിലേക്ക് കൊണ്ടുവന്നത്. നമുക്കും അതുതന്നെയാണ് ആവശ്യം. അപ്പോൾ യേശു എല്ലാമാണെന്ന ചിന്തയാൽ നമുക്കെതിരെ മറ്റുള്ളവർ ചെയ്തതും പറഞ്ഞതുമെല്ലാം മറന്നുപോകുകയും സ്വയത്തിൽ നിന്നു മോചനം നേടുകയും ചെയ്യും.

ക്രിസ്തീയ ജീവിതത്തിലെ ഏറ്റവും വലിയനേട്ടവും സൗഭാഗ്യവും താഴ്മയിലായിരിക്കുന്നതും അവിടുത്തെ മുമ്പാകെ ഒന്നുമല്ലാതെ ഇരിക്കുന്നതുമാണെന്നു ദൈവം തന്നെ നമ്മെ പഠിപ്പിക്കട്ടെ. ദൈവം'ഉന്നതനും പരിശുദ്ധനുമായി മനസ്താപവും മനോവിനയവും ഉള്ളവരോടൊപ്പം വസിക്കുന്നു'(യെശ.57:17). നമുക്കും അവിടെ ദൈവത്തോടൊപ്പം വസിക്കാം. **(അവസാനിച്ചു)**

ചിന്തയ്ക്ക്

# കഷ്ടതകൾ എന്തിന്?

സാധു സുന്ദർസിങ്

**ലോക**ത്തിലുള്ള കഷ്ടതകൾ രണ്ടു വിധം- ആത്മികവും ഭൗതികവും.പാപത്തിന്റെ ഫലമായി ദൈവത്തിൽ നിന്നും അകലുന്നതിലൂടെയാണ് ആത്മീയദുഃഖം ഉണ്ടാകുന്നത്. ചില അസുഖങ്ങളോ ശാരീരികക്ഷതങ്ങളോ മൂലം ഭൗതികദുഃഖങ്ങളും ഉണ്ടാകുന്നു. മനുഷ്യനല്ലാത്ത മറ്റു ജീവികൾക്ക് അവയുടെ അവസ്ഥയ്ക്കനുസരിച്ച് കഷ്ടതകളും വേദനകളും ഉണ്ടാകാറുണ്ടെങ്കിലും മനുഷ്യർക്ക് അനുഭവപ്പെടുന്ന അത്രയും തീക്ഷ്ണതയോടെ അത് അവയ്ക്ക് അനുഭവപ്പെടാറില്ല. മനുഷ്യന്റെ വികാരങ്ങൾ,ബുദ്ധിശക്തി, വിവേചനശക്തി, ചിന്തകൾ എന്നിവ അവന്റെ കഷ്ടതകളെ തീവ്രമാക്കുന്നു. കാരണം കൂടുതൽ ചിന്തിക്കുന്നതിനനുസരിച്ച് അവന്റെ ക്ളേശങ്ങളും വർദ്ധിക്കുന്നു.

പല്ല്, നഖം, കൊക്ക് മുതലായവ ഉപയോഗിച്ച് ഇരകളെ റാഞ്ചുന്ന പക്ഷികളുടെയും മൃഗങ്ങളുടെയും പിടിയിൽ നിന്നു രക്ഷപെടുക അവയുടെ ഇരകളെ സംബന്ധിച്ച് പലപ്പോഴും ബുദ്ധിമുട്ടാണ്. ഇവയുടെ പിടിയിൽ അകപ്പെടുന്ന ഇരകൾ കൂടുതൽ മുറിപ്പെടുത്തലുകളും വേദനകളും അനുഭവിക്കാതെ വേഗം തന്നെ കൊല്ലപ്പെടുന്നു. ഈ വിധത്തിൽ ചിന്തിക്കുമ്പോൾ ഇതു നല്ല കാര്യമാണ്. പാമ്പു പോലെ വിഷമുള്ള ജന്തുക്കളുടെ വിഷം പ്രത്യേക അനുഭവങ്ങൾ ഒന്നും ഇല്ലാതെതന്നെ ചിലപ്പോൾ ശരീരത്തെ നിർജ്ജീവമാക്കിത്തീർക്കുന്നു. വേദനയില്ലാതെ മരണം സംഭവിപ്പിക്കുന്നു. ചില പ്രത്യേക സാഹചര്യങ്ങളിൽ ഒഴികെ എല്ലായ്പ്പോഴും മരണം സംഭവിക്കുന്നത് വേദനയില്ലാതെയായിരിക്കും. കാരണം മരണം സംഭവിക്കുന്ന വ്യക്തി ചിലപ്പോൾ മയക്കത്തിന്റെയോ ഉറക്കത്തിന്റെയോ അവസ്ഥയിലായിരിക്കാം. അതല്ലെങ്കിൽ ചില ശാരീരിക ക്ഷതങ്ങളാലോ വിഷാംശം ഏറ്റതിനാലോ ശരീരം മരവിച്ച അവസ്ഥയിലായിരിക്കാം. എന്നാൽ ഇതിൽ നിന്നു ഭിന്നമായി പാപത്തിന്റെ ഫലമായുണ്ടാകുന്ന വേദന, ആത്മീയമോ ഭൗതികമോ ആയ വലിയ ദുഃഖത്തിനും യാതനയ്ക്കും കാരണമാകും എന്നത് ഉറപ്പായ കാര്യമാണ്.

പല വിധത്തിലുള്ള കഷ്ടതകളും വേദനയും ആത്മീയജീവിതത്തിൽ വളരുന്നതിനും മുമ്പോട്ട് പോകുന്നതിനും നമ്മെ സഹായിക്കും. അരോചകവും വെറുപ്പുളവാക്കുന്നതുമായ പല വസ്തുക്കളും യഥാർത്ഥത്തിൽ വളരെ ഉപകാരപ്രദങ്ങളായിരിക്കും. ചില വിഷങ്ങളോ അരോചകമെന്ന് തോന്നുന്ന വസ്തുക്കളോ വാസ്തവത്തിൽ പല രോഗങ്ങളും ഭേദമാക്കാൻ കഴിവുള്ളവയാണ്. അല്ലെങ്കിൽ അവയെ പല അസുഖങ്ങൾക്കും മറുമരുന്നായി ഉപയോഗിക്കാൻ കഴിയും. എന്നാൽ അവയുടെ യഥാർത്ഥ സ്വഭാവത്തെക്കുറിച്ച് അറിവില്ലാത്തതിനാൽ നാം അവയെ വിഷം എന്നു വിളിക്കുന്നു. അവയുടെ യഥാർത്ഥ ഉപയോഗം അറിയാതെ കൈകാര്യം ചെയ്യുന്നതുകൊണ്ട് അത് പലപ്പോഴും നമുക്ക് ഹാനികരമായിത്തീരുന്നു. യഥാർത്ഥത്തിൽ എല്ലാത്തിനെയും ദൈവം സൃഷ്ടിച്ചിരിക്കുന്നത് പ്രത്യേകലക്ഷ്യത്തോടെയാണ്. ഓരോ





ന്നിന്റെയും യഥാർത്ഥസ്ഥാനത്ത് അല്ലെങ്കിൽ സാഹചര്യത്തിൽ ഇവ ഓരോന്നും ഉപകാരപ്രദവും സഹായകരവും ആണ്. സ്രഷ്ടാവ് തന്റെ സൃഷ്ടികളിൽ ഒന്നിനെയും മോശപ്പെട്ടതായി സൃഷ്ടിച്ചിട്ടില്ല. അതുപോലെ തന്നെ കഷ്ടങ്ങളും വേദനകളും ദൗർഭാഗ്യസംഭവങ്ങളുമെല്ലാം ആത്മീയപുരോഗതിക്കുള്ള മാർഗ്ഗങ്ങളാണ്. അനുസരണക്കേട്, ദൈവത്തിന്റെ ദാനമായ ശക്തിയുടെ തെറ്റായ ഉപയോഗം എന്നിവയിൽ നിന്നു മാത്രമേ നാശകരമായ ഫലങ്ങൾ ഉണ്ടാകുകയുള്ളു.

കഷ്ടതകളും രോഗങ്ങളും വേദനകളുമെല്ലാം അത് അനുഭവിക്കുന്ന വ്യക്തിക്കു മാത്രമല്ല, ആ വ്യക്തിയെ സഹായിക്കുന്നവർക്കും പ്രയോജനമായിത്തീരാറുണ്ട്. അതിലൂടെ അവരുടെ ആത്മീയശക്തി ഉപയോഗിക്കപ്പെടുകയും അവർ വളരുകയും ചെയ്യുന്നു. അവർ പക്വതയുള്ളവരായിത്തീരുന്നതിന് ഇത് ആവശ്യവുമാണ്. രക്ഷിക്കപ്പെട്ട് നേരേ സ്വർഗ്ഗത്തിലേക്ക് പോകുന്നതല്ല യഥാർത്ഥവിജയം. മറിച്ച് ദൈവകൃപയാൽ കഷ്ടതയെ സന്തോഷമായും ക്രൂശിനെയും മരണത്തെയും ജീവനായും തിന്മയെ നന്മയായും മാറ്റാൻ കഴിയുന്നതാണ് യഥാർത്ഥ നേട്ടം. അതുകൊണ്ടാണ് പോരാട്ടങ്ങളുടെയും പ്രതിസന്ധികളുടെയും ഇടയിൽ നമ്മുടെ ജീവിതം ദൈവം ക്രമീകരിച്ചിരിക്കുന്നത്. 'അനേക കഷ്ടങ്ങളിൽ കൂടിയാണല്ലോ നാം ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത്' (അപ്പോ പ്രവ.14:22)

കഷ്ടതകളും തിന്മയും മരണവും ഒന്നുമില്ലെങ്കിൽ അവയുടെ വിപരീതഘടകങ്ങളായ സന്തോഷം, നന്മ, ജീവൻ മുതലായവയുടെ യഥാർത്ഥ മൂല്യം മനസ്സിലാക്കുവാൻ നമുക്കു കഴിയുകയില്ല. അവിടുത്തെ രാജ്യത്തിലേക്ക് നാം കടക്കുന്നതിനും അവനോടൊപ്പം നിത്യസന്തോഷത്തിൽ നാം ജീവിക്കുന്നതിനും മുമ്പ് ഈ സാഹചര്യങ്ങളിൽ നാം യേശുവിനെ കഷ്ടങ്ങളിൽ കൂടെ അനുഭവിച്ചറിയുക എന്നതും സഹനത്തിന്റെ പാഠങ്ങൾ പഠിക്കുക എന്നതും ദൈവത്തിന്റെ ഹിതമാണ്.

മുത്തുച്ചിപ്പിക്ക് സമുദ്രത്തിൽ വലിയ വിഷമതകൾ സഹിക്കേണ്ടതായി വരാറുണ്ട്. മുത്തുച്ചിപ്പിയോടു സമീപിക്കുന്ന ഏതൊരു വസ്തുവും, അതൊരു ചെറിയ മീനാകട്ടെ ഒരു മണൽത്തരിയാകട്ടെ, എന്തും അതിനെ അലോസരപ്പെടുത്തും. ഈ അസ്വസ്ഥതയുടെ ഫലമായി മനോഹരങ്ങളായ മുത്തുകൾ രൂപപ്പെടുന്നു. ഈ മുത്തുകൾ വേണ്ടവിധം സൂക്ഷിച്ചില്ലെങ്കിൽ മറ്റു വസ്തുക്കളുമായുള്ള സമ്പർക്കത്തിന്റെ ഫലമായി അതിന്റെ ശോഭ നഷ്ടപ്പെടുവാൻ ഇടയാകും.

അതുപോലെതന്നെ കഠിനമായ ക്ളേശങ്ങളും ദുഃഖങ്ങളുമില്ലാതെ ആത്മീയജീവിതം സാധ്യമാകുകയില്ല. മുത്തുകൾ ഉണ്ടായ ശേഷം അവ സൂക്ഷിച്ചില്ലെങ്കിൽ ശോഭ നഷ്ടപ്പെടും എന്നു പറഞ്ഞതുപോലെ സന്തോഷകരമായ ഒരവസ്ഥയിൽ നാം എത്തിച്ചേർന്ന ശേഷവും കർത്താവിനോടൊന്നിച്ച് താഴ്മയിലും സ്നേഹത്തിലും നന്ദിയുള്ള ഹൃദയത്തോടെയും തുടരുന്നില്ല എങ്കിൽ ഉന്നതമായ അവസ്ഥയിൽ നിന്നു നാശകരമായ സാഹചര്യത്തിലേക്ക് നാം വീണുപോകും (1 കൊരി.10:12). അതിനാൽ വളരെ ശ്രദ്ധയോടും പ്രാർത്ഥനയോടുംകൂടെ ജീവിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

വജ്രവും വിലയേറിയ രത്നക്കല്ലുകളും മറ്റും അതിന്റെ ഭംഗിയുടെ പരിപൂർണ്ണത കൈവരിക്കുന്നത് ഭൂമിക്കടിയിൽ ആയിരക്കണക്കിനു വർഷങ്ങൾ ചൂടും തണുപ്പും നിറഞ്ഞ അവസ്ഥകൾക്ക് വിധേയമായതിനു ശേഷമാണ്.

ഇങ്ങനെ സന്തോഷവും ദുഃഖവും മാറി മാറി അനുഭവിച്ചുകൊണ്ടുമാത്രമേ നമുക്കും പക്വത പ്രാപിക്കുവാൻ സാധിക്കുകയുള്ളു. ആ വജ്രങ്ങളുടെയും രത്നങ്ങളുടെയും കാര്യം ഓർക്കുക. അവയുടെ യഥാർത്ഥ സൗന്ദര്യം ഒരു ദിവസം കൊണ്ട് നേടിയതല്ല. (മറിച്ച് മനുഷ്യൻ കൃത്രിമമായി നിർമ്മിക്കുന്ന വജ്രങ്ങളുടെ യഥാർത്ഥ പ്രകൃതവും അവയുടെ പോരായ്മകളും പരിശോധിക്കപ്പെടുമ്പോൾ വേഗം വ്യക്തമാകും.) അതുപോലെ നമ്മുടെ സ്വർഗ്ഗീയപിതാവിന്റെ സാന്നിധ്യത്തിലും കൂട്ടായ്മയിലും തുടർമാനമായി ജീവിക്കുമ്പോൾ നാം പരിപൂർണ്ണതയിലേക്ക് എത്തിച്ചേരും.

കൊടുങ്കാറ്റും മഹാമാരിയും വിനാശകാരികളാണെന്ന തോന്നൽ പ്രത്യക്ഷത്തിൽ ഉണ്ടാകാം. എന്നാൽ അവ യഥാർത്ഥത്തിൽ വളരെ പ്രയോജനമുള്ളവയാണ്. കാരണം, അവ ഹാനികരങ്ങളായ രോഗാണുക്കളെയും മറ്റും ദൂരേക്ക് വഹിച്ചുകൊണ്ടുപോകുകയും അതിലൂടെ നമുക്ക് ശാരീരികാരോഗ്യം പ്രദാനം ചെയ്യുകയും ചെയ്യുന്നു. അതുപോലെ പരിശുദ്ധാത്മാവിന്റെ കാറ്റും (യോഹ.3:8) ദുഃഖങ്ങളുടെയും വേദനകളുടെയും കൊടുങ്കാറ്റും, ആത്മീയമായ ആരോഗ്യവും അനുഗ്രഹവും നമുക്ക് പ്രദാനം ചെയ്യുന്നതിൽ വലിയ പങ്കു വഹിക്കുന്നു. സൂര്യന്റെ ചൂടേറ്റ് ജലം നീരാവി ആയിത്തീർന്ന് മേഘം രൂപം കൊള്ളുകയും മഴപെയ്യുകയും മരുഭൂമിയിൽനിന്നും ഉഷ്ണമേഖലയിൽനിന്നും കാറ്റ് രൂപമെടുക്കുകയും ചെയ്യുന്നു. അതുപോലെ നീതിസൂര്യനിൽ നിന്നു പ്രവഹിക്കുന്ന ജീവനദിയിലെ ജലം നമുക്ക് നിത്യജീവൻ പ്രദാനം ചെയ്യുന്നു.

ദൈവത്തോടുള്ള കൂട്ടായ്മയിലൂടെയാണ് ആത്മാവിന്റെ ദാഹത്തെ തൃപ്തിപ്പെടുത്തേണ്ടതെന്നു ചിലർക്കറിഞ്ഞുകൂടാ. ഇതിനുള്ള വിലപ്പെട്ട അവസരമാണ് നമുക്ക് ഈ ലോകജീവിതത്തിൽ കരഗതമായിട്ടുള്ളത്. പക്ഷേ ഈ സാധ്യത മനസ്സിലാക്കാതെ എന്തെങ്കിലും നിരാശത വരുമ്പോൾ ചിലർ ഈ ജീവിതം സ്വയം അവസാനിപ്പിക്കുന്നു! ദുർമ്മാർഗ്ഗികളോ, കുറ്റബോധമുള്ളവരോ മാത്രമല്ല വലിയ തത്ത്വജ്ഞാനികൾ പോലും ഇങ്ങനെ ആത്മഹത്യയ്ക്ക് മുതിരാറുണ്ട്

യഥാർത്ഥ ക്രിസ്ത്യാനികൾക്ക് ലോകത്തിൽ നിരവധി വിഷമതകൾ നേരിടേണ്ടതായി വരും. ഒരു വ്യക്തി ആത്മീയമായി വളരുന്നതോടൊപ്പം അദ്ദേഹത്തിന്റെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ആനുപാതികമായി വളരുന്നു എന്നതാണ് പരമാർത്ഥം. ചില കാര്യങ്ങൾ സാധാരണക്കാരും ലോകക്കാരുമായ ആളുകൾക്ക് മനസ്സിലാക്കാൻ കഴിയുകയില്ല. അതിനാൽ അത്തരം സാഹചര്യത്തിലൂടെ കടന്നുപോകുമ്പോൾ അവനോട് സഹതാപം കാണിക്കുന്നതിനും സഹായിക്കുന്നതിനും പകരം അവർ അവനെതിരായി പ്രവർത്തിക്കുന്നു. എന്നിരിക്കലും പല ക്രിസ്ത്യാനികളും തങ്ങളെത്തന്നെ തകർത്തുകളയുകയില്ലെന്ന് മാത്രമല്ല അവർ ദൈവത്തോടുള്ള സംസർഗ്ഗത്തിൽ യഥാർത്ഥ സന്തോഷവും സമാധാനവും കണ്ടെത്തുകയും ചെയ്യും. മനുഷ്യൻ വെറും മർത്യൻ ആയതുകൊണ്ട്, ദൈവം ഒരുവന്റെ ആത്മീയ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തിയാലും അവന് മറ്റ് മനുഷ്യരുടെ സഹതാപവും കൂട്ടായ്മയും ആവശ്യമുണ്ട്. എന്നാൽ ആ കൂട്ടായ്മയും സഹതാപവും നൽകാൻ മറ്റു മനുഷ്യരാരും തയ്യാറായില്ല എന്നിരിക്കട്ടെ. അങ്ങനെ വന്നാലും ക്രിസ്തു, അവിടുന്ന് ഒരേ സമയം ദൈവവും മനുഷ്യനും ആയതുകൊണ്ട്, അവിടുത്തേക്ക് ആ മനുഷ്യന്റെ രണ്ട് ആവശ്യങ്ങളും തൃപ്തി

**(ശേഷം 39 ൽ)**







# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

## അദ്ധ്യായം-8

***കഴിഞ്ഞലക്കത്തിൽ***

*അമേരിക്കയിൽ ഫിൽസ്ബർഗ്ഗിലെ ചെറിയ ഒരു സഭയുടെ ശുശ്രൂഷകനായിരുന്നു ഡേവിഡ് വിൽക്കേഴ്സൺ. അദ്ദേഹം പ്രാർത്ഥിക്കുന്ന ഒരു രാത്രി ലൈഫ് മാസികയിലെ ഒരു ചിത്രം കാണാനിടയായി. ന്യൂയോർക്കിലെ കൗമാരക്കാരുടെ അധോലോകസംഘമായ ഡ്രാഗണിലെ അംഗങ്ങളായ ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. അവർ മൈക്കൽഫാർമാർ എന്നൊരു കുട്ടിയെ മൃഗീയമായി കൊലപ്പെടുത്തിയതിന് ന്യൂയോർക്കിൽ കൊലക്കേസ് വിചാരണയെ നേരിടുകയാണ്. ഈ കുട്ടികളെ സഹായിക്കാൻ പിറ്റേന്ന് അദ്ദേഹം സഭയിലെ യൂത്ത് ഡയറക്ടർ മിൽസ് ഹോവറുമൊന്നിച്ച് കാറിൽ മുന്നൂറ്റമ്പതുകിലോമീറ്റർ അകലെയുള്ള ന്യൂയോർക്കിലേക്ക് യാത്രയായി. കോടതി നടപടികളെക്കുറിച്ച് അറിവില്ലാതിരുന്ന റവ. വിൽക്കേഴ്സൺ കുട്ടികളെ സഹായിക്കാനുള്ള വ്യഗ്രതയിൽ അവിടെ കോടതിനടപടികളിൽ ഇടപെട്ടു. കോടതിയിൽനിന്നു പുറത്താക്കപ്പെട്ടു. പരിഹാസപാത്രമായ വിൽക്കേഴ്സണിന്റെ പടവും വാർത്തയും മാധ്യമങ്ങളിലെല്ലാം വന്നു. എന്നാൽ ഒരാഴ്ചയ്ക്കുശേഷം അദ്ദേഹം വീണ്ടും ന്യൂയോർക്കിലേക്കു പോയി. അവിടെ കൗമാരക്കാരുടെ രണ്ടു തെരുവുസംഘങ്ങളെ പരിചയപ്പെട്ടു. ജയിലിലുള്ള കുട്ടികളെവിട്ട് തെരുവുകുട്ടികളെശ്രദ്ധിക്കാൻ അദ്ദേഹം തീരുമാനിച്ചു ഡേവിഡിന്റെ മുത്തശ്ശനും അതിനെ പ്രോൽസാഹിപ്പിച്ചു. ന്യൂയോർക്കിലെ ഫോർട്ട്ഗ്രീനിലുള്ള ചാപ്ളെയിൻസ്, മൗമൗ എന്നീ സംഘങ്ങളോട് പരസ്യയോഗത്തിൽവച്ച് സുവിശേഷം പങ്കുവയ്ക്കാൻ വിൽക്കേഴ്സണ് കഴിഞ്ഞു. ചാപ്ളെയിൻസിലെ ബക്ക്ബോർഡ്, സ്റ്റേജ്കോച്ച് തുടങ്ങിയവർ യേശുവിനെ പരസ്യമായി സ്വീകരിച്ചു. മൗമൗവിന്റെ പ്രസിഡന്റ് ഇസ്രായേൽ, വിൽക്കേഴ്സനോട് മാന്യമായി പെരുമാറിയെങ്കിലും വൈസ്പ്രസിഡന്റ് നിക്കിഅദ്ദേഹത്തെ ഭീഷണിപ്പെടുത്തുകയാണ് ചെയ്തത്--തുടർന്നു വായിക്കുക..*

എന്റെ ലക്ഷ്യത്തിലേക്കുള്ള ആദ്യത്തെ നാഴികക്കല്ല് പിന്നിട്ടതുപോലെ എനിക്കു തോന്നി. എനിക്കു തന്നെ വിശ്വസിക്കാൻ തോന്നാത്ത പുത്തൻ പ്രതീക്ഷകൾ എന്നിൽ തളിരിട്ടു. ഏറ്റവും കുറഞ്ഞത് ഫാർമർ കൊലക്കേസിലെ ഒന്നാംപ്രതി ലൂയിസിനെ ഒന്നു കണ്ടുമുട്ടാനെങ്കിലും കഴിയുമെന്ന് എനിക്കു പ്രതീക്ഷയായി. ലൂയിസിനെ ന്യൂയോർക്കിലെ എൽമിറാ ജയിലിലേക്ക് ഉടനെ മാറ്റുമെന്ന് അഞ്ജലോ പറഞ്ഞ് ഞാനറിഞ്ഞു.

“എനിക്ക് ജയിലിൽ ചെന്ന് ലൂയിസിനെ കാണാൻ കഴിയുമോ?” ഞാൻ അഞ്ജലോയോട് ചോദിച്ചു.

“ഒരു സാധ്യതയുമില്ല ഡേവി. ചാനലുകളിൽ എല്ലാം താങ്കളുടെ ഫോട്ടോ

വന്നിരുന്നല്ലോ. വിചാരണയിൽ ഇടപെട്ട ഉപദേശിയാണ് താങ്കളെന്ന് കാണുമ്പോഴേ അവർക്ക് മനസ്സിലാകും. പിന്നവർ ഏഴ യലത്ത് അടുപ്പിക്കുമോ?"

എങ്കിലും ഒന്ന് ശ്രമിച്ചുനോക്കാമെന്ന് ഞാൻ കരുതി. പ്രസംഗത്തിനായി എൽമി റായ്ക്ക് സമീപത്തുകൂടി അടുത്ത തവണ ഞാൻ പോയപ്പോൾ ജയിൽപുള്ളിയായ ഒരു കുട്ടിയെ സന്ദർശിക്കാൻ എന്താണ് ചെയ്യേണ്ടതെന്ന് അന്വേഷിച്ചു. ആ കുട്ടി യുമായുള്ള ബന്ധം, എന്തുകൊണ്ട് കാണുവാൻ ആഗ്രഹിക്കുന്നു എന്നീ വിവ രങ്ങൾ എല്ലാം കാണിച്ച് ഞാനൊരപേക്ഷ നൽകണം. അവർ ആ അപേക്ഷ പരിഗ ണിക്കും.

അങ്ങനെയാണെങ്കിൽ പ്രശ്നമാകും. ഞാൻ സത്യം എഴുതിക്കൊടുത്താൽ ഒരി ക്കലും അവർ എനിക്ക് അനുവാദം തരി കയില്ല. പക്ഷേ അന്നു ട്രെയിൻ വരു മ്പോൾ ഇരുപതു കുട്ടികളെ അതിൽ കൊണ്ടുവന്ന് എൽമിറാ ജയിലിലേക്ക് മാറ്റുന്നതായി വിവരം കിട്ടി. ഞാൻ സ്റ്റേഷ നിൽ ചെന്ന് കാത്തിരുന്നു. ഒടുവിൽ ട്രെയിൻ വന്നു. ഇരുപതു കുട്ടികളെ പോലിസ് അകമ്പടിയോടെ അതിൽ നിന്നിറക്കിക്കോണ്ടുവന്നു. ഞാൻ ആകാം ക്ഷയോടെ അതിൽ ഓരോ മുഖവും സശ്രദ്ധം വീക്ഷിച്ചു. പക്ഷേ ലൂയിസ് ആകൂട്ടത്തിൽ ഉണ്ടായിരുന്നില്ല.

"ലൂയിസ് അൽ വാരിസിനെ നിനക്ക റിയാമോ?"ഞാനോടിച്ചെന്ന് ഒരു കുട്ടി യോട് ചോദിച്ചു. പോലിസ് ഇടപെട്ട് എന്നെ അകറ്റുന്നതിനു മുൻപ് കഷ്ടിച്ച് 'ഇല്ല' എന്നു പറയുവാൻ അവന് അവ സരം കിട്ടി.

ഫിലിപ്സ്ബർഗ്ഗിലേക്ക് മടങ്ങുമ്പോൾ ഞാനെന്നോടുതന്നെ പറഞ്ഞു"ഞാനീ കുട്ടികളെ ഇനി കാണുമെന്നു തോന്നുന്നി ല്ല. ഒരുപക്ഷേ ഒരിക്കൽപോലും. ഇതാണ് അവിടുത്തെ ഹിതമെങ്കിൽ കർത്താവേ ഇതു വിനയത്തോടെ സ്വീകരിക്കുവാ നുള്ള കൃപ എനിക്കു നൽകുക."

പക്ഷേ പരിശുദ്ധാത്മാവ് ആ വാതിൽ എന്റെ മുമ്പിൽ അടയ്ക്കുമ്പോൾ മറ്റൊരു വാതിൽ എനിക്കായി തുറക്കുകയായിരു ന്നു. 1958 ജൂണിലെ തണുപ്പില്ലാത്ത ഒരു രാത്രിയിൽ ഞാൻ ശബ്ദമുഖരിതമായ ഒരു സ്പാനിഷ് താവളത്തിലൂടെ നടക്കു കയായിരുന്നു. പെട്ടെന്ന് ഞാനൊരു പാട്ട് കേട്ടു.

പാട്ട് സ്പാനിഷ്ഭാഷയിലായി രുന്നെങ്കിലും ട്യൂൺ കൊണ്ട് അതൊരു ക്രിസ്തീയഗാനമാണെന്ന് ഞാൻ തിരിച്ച റിഞ്ഞു. അടുത്തെങ്ങും സഭാഹാളുക ളൊന്നും കാണാനുണ്ടായിരുന്നില്ല.

ഒരു വണ്ടിയിൽ ചാരിസിഗരറ്റ് പുകച്ചു കൊണ്ടുനിന്ന ഒരു കുട്ടിയോടു ഞാൻ ചോദിച്ചു "ആരാ പാടുന്നത്?"

ആ പാട്ട് തെരുവിലെ ബഹളത്തിന്റെ ഭാഗമായായിരിക്കാം അവന് തോന്നിയത്. അതുകൊണ്ടുതന്നെ അൽപനേരം ചെവി യോർത്താണ് അവൻ ആ പാട്ട് തിരിച്ചറി ഞ്ഞത്.

"എന്തോ ചർച്ചാണെന്ന് തോന്നുന്നു" വാതിലിനു നേരേ തള്ളവിരൽ ചലിപ്പിച്ച് അവൻ പറഞ്ഞു" മുകളിൽ രണ്ടാം നില".

ഞാൻ രണ്ടാം നിലയിലെത്തി വാതി ലിൽ മുട്ടി. അത് സാവധാനമാണ് തുറ ന്നത്. പക്ഷേ അകത്തെ വെളിച്ചം എന്റെ മുഖത്ത് പതിച്ചപ്പോൾ വാതിൽ തുറന്ന സ്ത്രീ ഒരു ആഹ്ളാദസ്വരം പുറപ്പെടുവി ച്ചു. അമ്പരപ്പിൽ അവൾ പകുതി തുറന്ന വാതിൽഎന്റെ മുമ്പിലടച്ചിട്ട് അകത്തേ ക്കോടി എന്തെല്ലാമോ വികാരാവേശ ത്തോടെ സ്പാനീഷ്ഭാഷയിൽ പറഞ്ഞു. പൊടുന്നനെ വാതിൽ വിശാലമായി തുറ ക്കപ്പെട്ടു. വാതിൽക്കൽ ചിരിക്കുന്ന മുഖ ങ്ങൾ. സൗഹൃദഭാവത്തോടെ ആളുകൾ. അവർ എന്നെ കയ്യിൽ പിടിച്ച് ഉള്ളിലേ ക്കാനയിച്ചു.

''നിങ്ങളാണ് ഡേവിഡ്'' ഒരാൾ പറഞ്ഞു "നിങ്ങളല്ലേ ഡേവിഡ് വിൽക്കേ ഴ്സൺ? കോടതിയിൽ നിന്ന് പുറത്താക്ക പ്പെട്ട സുവിശേഷകൻ."

അസ്സംബ്ളീസ് ഓഫ് ഗോഡ് സഭയുടെ സ്പാനിഷ് ശാഖയുടെ ഔട്ട്സ്റ്റേഷൻ





ചർച്ചാണതെന്ന് വ്യക്തമാക്കപ്പെട്ടു. ഔട്ട്സ്റ്റേഷൻ പ്രവർത്തനമായതുകൊണ്ട് സ്വന്തമായ കെട്ടിടം ഉണ്ടാകുന്ന വരെ സ്വകാര്യവസതികളിലാണ് കൂടുന്നത്. മൈക്കൽ ഫാർമർ കേസ് വിചാരണ അവർ ശ്രദ്ധിച്ചിരുന്നു. എന്റെ പടവും കണ്ടിട്ടുണ്ട്.

"ഞങ്ങൾ നിങ്ങൾക്കുവേണ്ടി പ്രാർത്ഥി ക്കുന്നുണ്ടായിരുന്നു. ഇപ്പോഴിതാ നിങ്ങൾ ഇവിടെ വന്നിരിക്കുന്നു."ഒരാൾ പറഞ്ഞു. ആ കൊച്ചുസഭയുടെ പാസ്റ്ററായ വിൻസെന്റ് ഓർട്ടീസായിരുന്നു അത്. "നിങ്ങൾ എങ്ങനെയായിരുന്നു വിചാരണ യിൽ ഇടപെടാൻ ഇടയായത്? നിങ്ങളുടെ സാക്ഷ്യം കേൾക്കാൻ ഞങ്ങൾക്ക് താത്പര്യം ഉണ്ട്."

ചുരുക്കത്തിൽ ആ രാത്രിയിൽ എന്റെ സഭയിൽത്തന്നെപെട്ട ആ വിശ്വാസിക ളോട് ദൈവം എന്നെ ന്യുയോർക്കിലെ തെരുവിലേക്ക് അയച്ചതിനെപ്പറ്റി പറയാൻ എനിക്കൊരു അവസരം ലഭിച്ചു. തെരു വുസംഘങ്ങളുടെ പ്രശ്നങ്ങൾ ഞാൻ അടുത്തറിഞ്ഞതിനെക്കുറിച്ച് അവരോട് വിവരിച്ചു.— മദ്യപാനം, ലഹരിമരുന്നുക ളുടെ ഉപയോഗം. തെരുവുകുട്ടികളെക്കു റിച്ചുള്ള എന്റെ സ്വപ്നങ്ങളും അവരോ ടുള്ള പ്രവർത്തനത്തിൽ ഞാൻ പിന്നിട്ട ആദ്യ നാഴികക്കല്ലിനെക്കുറിച്ചും ഞാൻ പറഞ്ഞു. "ദൈവമാണ് ഈ ആശയം എന്റെ തലയിൽ തന്നതെന്നു ഞാൻ കരു തുന്നു. അവർ എല്ലാം പുതുതായി ആരം ഭിക്കണം. അവർ സ്നേഹത്തിന്റെ ഒരന്ത രീക്ഷത്തിൽ ആയിരിക്കണം." വാക്കുകൾ ഞാനിങ്ങനെ ഉപസംഹരിച്ചു.''തെരു വിൽപോലും പരിശുദ്ധാത്മാവിന് എങ്ങനെ അവരോടിടപെടാൻ കഴിഞ്ഞു എന്ന് നാം കണ്ടു അതൊരു ഗംഭീരതു ടക്കം ആയിരുന്നു. ഒരിക്കൽ അവരുടെ വീടുകളിലേക്കും പ്രവേശനം കിട്ടുകയി ല്ലെന്നാരറിഞ്ഞു?"

അതൊരു ആവേശപൂർവ്വമായ പ്രസംഗം ആയിരുന്നു. യുവാക്കൾ അഭി മുഖീകരിക്കുന്ന പ്രശ്നത്തെക്കുറിച്ച് എനിക്ക് ഞാൻ വിചാരിച്ചതിലേറെ വികാ രാവേശമുണ്ടെന്ന്, പറഞ്ഞുവന്നപ്പോൾ എനിക്കുതന്നെ വ്യക്തമായി. ഞാൻ പറ ഞ്ഞവസാനിപ്പിച്ചപ്പോഴേക്കും എന്റെ വികാരവും ആവശ്യം സംബന്ധിച്ച എന്റെ തിടുക്കവും കേൾവിക്കാരും ഉൾക്കൊണ്ട തായിത്തോന്നി.

ഒടുവിൽ ഞാൻ ഇരുന്നു കഴിഞ്ഞ പ്പോൾ അവർ അന്യോന്യം ഈ പ്രശ്ന ത്തെക്കുറിച്ചു ചർച്ച ചെയ്തു. ആവേശ ത്തോടെയുള്ള സംഭാഷണത്തിനു ശേഷം അവരുടെ വക്താവായി റവ.ഓർട്ടീസ് ഇങ്ങനെ പറഞ്ഞു"താങ്കൾക്ക് പോയിട്ട് നാളെ ഒന്നുകൂടി വരാമോ? അപ്പോൾ കുറ ച്ചുകൂടി ശുശ്രൂഷകന്മാരുണ്ടാകും. അവ രോട് വീണ്ടും ഈ സാക്ഷ്യം ഒന്ന് പങ്കു വയ്ക്കാമോ?"

വരാമെന്ന് ഞാൻ വേഗം സമ്മതിച്ചു.

ഒരു വലിയ ശുശ്രൂഷ ഇങ്ങനെയാണ് പിറന്നുവീണത്--പരിശുദ്ധാത്മാവിൽ പിറ വിയെടുക്കുന്ന എല്ലാ സംരംഭങ്ങളെയും പോലെ ഒച്ചപ്പാടില്ലാതെ ലളിതമായി, എളി മയോടെ. ആ രാത്രിയിൽ അവിടെയുണ്ടാ യിരുന്ന ഞങ്ങൾക്കാർക്കും അത് എന്തിന്റെ തുടക്കമാണെന്ന് അറിയാമായി രുന്നില്ല.

"ഇവിടത്തെ നിങ്ങളുടെ മേൽവിലാസം എന്താണ്?''റവ. ഓർട്ടീസിന്റെ ചോദ്യം''നാളത്തെ മീറ്റിംഗ് എവിടെ എപ്പോഴാണെന്ന് ഞങ്ങൾ എവിടെയാണ് വിളിച്ചറിയിക്കേണ്ടത്?"

അപ്പോൾ എനിക്ക് സ്വന്തമായി ന്യുയോർക്കിൽ ഒരു മേൽവിലാസം ഇല്ലെന്ന് സമ്മതിക്കേണ്ടി വന്നു. ഒരു ചെലവു കുറഞ്ഞ ഹോട്ടലിൽ ഒരു മുറി എടുക്കാൻ പോലും എനിക്കു പണം ഇല്ല. "സത്യം പറഞ്ഞാൽ രാത്രി ഞാനെന്റെ കാറിൽത്തന്നെയാണ് ഉറങ്ങുന്നത്."

റവ.ഓർട്ടീസിന്റെ മുഖം വിവർണ്ണമായി. "ഓ നിങ്ങൾ ഒരിക്കലും അങ്ങനെ ചെയ്യ രുത്." ഞാൻ പറഞ്ഞതെന്തെന്ന് അദ്ദേഹം പരിഭാഷപ്പെടുത്തി പറഞ്ഞപ്പോൾ ആ മുറിയിലുണ്ടായിരുന്ന എല്ലാവരും ആ

അഭിപ്രായക്കാരായിരുന്നു. "അത് അപകടമാണ്. നിങ്ങൾ ഊഹിക്കുന്നതിനേക്കാൾ അപകടകരം. നിങ്ങൾ ഇവിടെ വാ. ഇവിടെ ഞങ്ങളുടെ വീട്ടിൽ. ഈ രാത്രിയും ഇനി ടൗണിൽ എപ്പോഴൊക്കെ വരുമോ അപ്പോഴും എല്ലാം ഇവിടെ അന്തിയുറങ്ങാം."

ഈ ക്ഷണം ഞാൻ നന്ദിയോടെ സ്വീകരിച്ചു. റവ.ഓർട്ടിസ് എന്നെ അദ്ദേഹത്തിന്റെ ഭാര്യ ലിദിയായ്ക്കു പരിചയപ്പെടുത്തി. അവർ തട്ടുതട്ടായി കിടക്കകളുള്ള കട്ടിലോടുകൂടിയ മുറി കാട്ടിത്തന്നു. സൗകര്യം കുറവ്. പക്ഷേ നിറഞ്ഞ സ്വാഗതം. തെരുവിൽ നിന്നു മാറി ഉറങ്ങിയ അന്നത്തെ ആ രാത്രിപോലെ ഞാൻ ആയിടെയെങ്ങും അത്രയും സ്വസ്ഥമായി ഉറങ്ങിയിട്ടില്ല. ഓർട്ടീസ് ദമ്പതിമാർക്ക് ജീവിക്കുവാൻ വേണ്ട അത്യാവശ്യസാധനങ്ങളേ സ്വന്തമായുള്ളുവെന്ന് ഞാൻ പിന്നീട് മനസ്സിലാക്കി. ബാക്കിയെല്ലാം അവർ ദൈവനാമമഹത്വത്തിനായി ചെലവഴിച്ചിരിക്കുന്നു.

പിറ്റേന്ന് പകൽ ഞാൻ പ്രാർത്ഥനയിൽ ചെലവഴിച്ചു. ആ കൊച്ചു പ്രാദേശികസഭയിൽ ചെല്ലാൻ ഇടയായത് ഒരു യാദൃച്ഛികതയല്ലെന്ന് ഞാൻ മനസ്സിലാക്കി. ഇനി എന്താ സംഭവിക്കാൻ പോകുന്നത് എന്നതിനെക്കുറിച്ച് എനിക്കറിയില്ലായിരുന്നു. എങ്കിലും പരിശുദ്ധാത്മാവിന് എത്രയും വഴങ്ങിക്കൊടുക്കാൻ ഞാൻ തീരുമാനിച്ചു. പരിശുദ്ധാത്മാവ് ഏതു ദിശയിലേക്ക് നയിക്കുന്നുവോ അങ്ങോട്ടുപോകാൻ ഞാൻ തയ്യാർ.

ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ റവ.ഓർട്ടീസും ഭാര്യയും നിരന്തരം ടെലിഫോൺ ചെയ്യുകയായിരുന്നു. ഒടുവിൽ മീറ്റിംഗ് ക്രമീകരിച്ച സഭയിൽ ഞങ്ങൾ എത്തുമ്പോൾ എനിക്ക് പറയാനുള്ളതു കേൾക്കാനായി 65 സ്പാനിഷ് സഭകളുടെ പ്രതിപുരുഷന്മാർ അവിടെയുണ്ട്!

പുൾപ്പിറ്റിലേക്ക് കയറുമ്പോഴും ആ സമ്മേളനം എന്തിനുവേണ്ടിയാണെന്ന് അറിയില്ലായിരുന്നു. ഞാനവരോട് എന്താണ് പറയേണ്ടത്? ഈ ആളുകളോട് സംസാരിക്കാൻ എനിക്കവസരം തന്നത് എന്തിനാണ്? ഇപ്രാവശ്യം എന്നെ നഗരത്തിലേക്ക് നയിച്ച കാര്യങ്ങൾ എന്തെല്ലാമെന്ന് ഞാൻ വിശദീകരിച്ചു. വിചാരണയ്ക്കിടയിലുണ്ടായ അപമാനം തുടർന്നുണ്ടായ അവ്യക്തത, കരണ്ടുതിന്നുന്ന സ്വയനിന്ദയുടെ ആഘാതം, പരാജയങ്ങൾ ഒന്നിനു പിറകെ ഒന്നായി വന്നതിന് ഒരു ലക്ഷ്യമുണ്ടായിരുന്നുവെന്നതിനെക്കുറിച്ച് ഇപ്പോൾ ലഭിച്ചിരിക്കുന്ന അവ്യക്തദർശനം:

"സത്യം പറഞ്ഞാൽ അടുത്തതെന്താണു ഞാൻ ചെയ്യേണ്ടതെന്ന് എനിക്കറിയുകയില്ല. ഫോർട്ടുഗ്രീനിൽ നടന്നത് ഒരിക്കൽ മാത്രം സംഭവിക്കുന്ന അസാധാരണഭാഗ്യമായിരിക്കാം. വലിയ ഒരു നിലയിൽ അത് ആവർത്തിക്കുമോ എന്ന് എനിക്കറിഞ്ഞുകൂടാ."

പക്ഷേ അത് ഒരിക്കൽ മാത്രമുണ്ടായ അനുഭവമാണോ എന്നു തീരുമാനിക്കാൻ 65 സഭാപ്രതിപുരുഷന്മാരും കൂടി ഒരു പദ്ധതി തയ്യാറാക്കുകയാണ് തുടർന്നുണ്ടായത്. കൗമാരക്കാർക്കുവേണ്ടി ഒരു വമ്പൻ റാലി അവർ സംഘടിപ്പിക്കും. ന്യൂയോർക്കിലെ പ്രശസ്തമായ സെന്റ് നിക്കോളാസ് സ്റ്റേഡിയം ആയിരിക്കും രംഗസ്ഥലം. അവിടെ എനിക്ക് ഒട്ടേറെ കൗമാരസംഘങ്ങളോട് സംസാരിക്കാൻ അവസരം ലഭിക്കും.

ഈ പദ്ധതിയെ അൽപം മടിയോടെയാണ് ഞാൻ സമീപിച്ചത്. ഒന്നാമത് ഇത്തരം വമ്പൻ പരിപാടിയാണോ ലക്ഷ്യത്തിലേക്കുള്ള ശരിയായ മാർഗ്ഗം എന്നതിനെക്കുറിച്ച് എനിക്കു വ്യക്തതയില്ല. രണ്ട്, ഈ മെഗാപ്രോഗ്രാമിന് വേണ്ട പണം എങ്ങനെ കണ്ടെത്തും?''ഒരു വലിയ സ്റ്റേഡിയം വാടകയ്ക്കെടുക്കുന്നതിനു തന്നെ ആയിരക്കണക്കിനു ഡോളർ വേണ്ടിവരും."

പെട്ടെന്ന് മീറ്റിംഗിന്റെ പുറകുഭഗത്തായി ഒരു ചെറിയ ബഹളം. ഒരു മനുഷ്യൻ ചാടി എഴുന്നേറ്റ് എന്തോ വിളിച്ചു







അവളുടെ മുഷ്ടിയിലെ കശാപ്പുകത്തിയുടെ വായ്ത്തല ഭീതിദമാംവണ്ണം തിളങ്ങി

പറയുന്നു. എനിക്കാദ്യം അതെന്താണെന്ന് മനസ്സിലായില്ല. ഒടുവിൽ വ്യക്തതയോട് കേട്ടപ്പോൾ അയാൾ പറയുന്നത് ഇതാണ്. "എല്ലാം ശരിയാണ് ഡേവി. എല്ലാം ശരിയായിത്തീരാനും പോകുകയാണ്."

അയാൾ എന്തോ ഒരു തീവ്രവാദിയാണെന്നു കരുതി ഞാൻ അയാളെ അവഗണിച്ചു. പക്ഷേ മീറ്റിംഗിനുശേഷം അദ്ദേഹം നേരിട്ടുവന്ന് സ്വയം പരിചയപ്പെടുത്തി. മിസ്റ്റർ ബനിഗ്നോ ഡൽഗാഡോ. ഒരു അഭിഭാഷകനാണ്. തുടർന്ന് അദ്ദേഹം തന്റെ പല്ലവി ആവർത്തിച്ചു: എല്ലാം ശരിയാകാൻ പോകുകയാണ്.

അദ്ദേഹം പറഞ്ഞു:"ഡേവി, നീ നേരേ സെന്റ് നിക്കോളാസ് അരീനയിൽ പോകുക.അതു വാടകയ്ക്കെടുക്കുക. എന്നിട്ടീ കുഞ്ഞുങ്ങളോടു സംസാരിക്കുക. എല്ലാം നടക്കും."

സത്യത്തിൽ ഞാൻ വിചാരിച്ചത് ആവേശഭരിതനായ, എന്നാൽ കുഴപ്പക്കാരല്ലാത്ത ചില പ്രവാചകന്മാർ എല്ലാ സഭകളിലുമുണ്ടല്ലോ. അവരിലൊരാളായിരിക്കും ഇദ്ദേഹമെന്നാണ്. പക്ഷേ എന്റെ മുഖത്തെ ചോദ്യഭാവം കണ്ടിട്ടാകാം മിസ്റ്റർ ഡൽഗാഡോ തന്റെ കീശയിൽനിന്ന് ഞാനിതുവരെ കണ്ടിട്ടുള്ളതിൽ വച്ച് ഡോളറിന്റെ ഏറ്റവും വലിയൊരു കെട്ട് വലിച്ചെടുത്ത് എന്റെ നേരേ വീശിക്കൊണ്ട് പറഞ്ഞു: "നീ ഈ കുഞ്ഞുങ്ങളോട് സംസാരിക്കൂ ഡേവി. സ്റ്റേഡിയം ഞാൻ വാടകയ്ക്കെടുത്തോളാം." പറഞ്ഞതുപോലെ അദ്ദേഹം ചെയ്തു.

ഇങ്ങനെയാണ് ഒരു രാത്രി ഇരുണ്ടു വെളുത്തപ്പോഴേക്കും, നഗരത്തെ ഇളക്കിമറിച്ചുകൊണ്ട് നടക്കാൻ പോകുന്ന വമ്പിച്ച ഒരു യുവജനറാലിയുടെ സംഘാടകനായി ഞാൻ മാറിയത്. 1958 ജൂലൈ രണ്ടാം വാരത്തിൽ സെന്റ് നിക്കോളാസ് സ്റ്റേഡിയമാണ് യൂത്ത്റാലിയുടെ രംഗവേദിയെന്നും തീരുമാനിക്കപ്പെട്ടു.

വാർത്തയുമായി ഞാൻ ഫിലിപ്സ്ബർഗിൽ മടങ്ങിയെത്തിയപ്പോൾ എല്ലാവരും ആവേശം കൊണ്ട് മതിമറന്നു. ജെൻ മാത്രം അല്പം നിശ്ശബ്ദയായി

രുന്നു. ഒടുവിലവൾ പറഞ്ഞു: "നിങ്ങൾ ഓർക്കുന്നുണ്ടോ, ഡോക്ടർമാർ ഡേറ്റ് പറഞ്ഞിരിക്കുന്നത് കൃത്യം ആ സമയത്താണ്."

സത്യത്തിൽ ഞാൻ ഓർക്കുന്നുണ്ടായിരുന്നില്ല. പക്ഷേ ഒരു ഭർത്താവിന് എങ്ങനെ ഈ കാര്യം ഭാര്യയോട് പറയാൻ കഴിയും? ഡേറ്റ് പക്ഷേ അല്പം മുന്നോട്ട് പോയിക്കൂടെന്നില്ലെന്നോ മറ്റോ ഞാൻ എന്തോ ഒന്ന് ഉഴപ്പി. ജെൻ ചിരിച്ചു.

അതൊക്കെ കൃത്യസമയത്തുതന്നെ നടക്കും. പക്ഷെ ദിവാസ്വപ്നത്തിൽ മുഴുകിനടക്കുന്ന നിങ്ങൾ ഇക്കാര്യം ഓർക്കുകയേയില്ല. ഒടുവിൽ ഒരു ദിവസം ഞാൻ കമ്പിളിയിൽ പൊതിഞ്ഞ ഒരു കുഞ്ഞിനെ നിങ്ങളുടെ കയ്യിൽ വച്ചുതരുമ്പോൾ നിങ്ങൾ അന്തം വിട്ട് നില്ക്കും. വാസ്തവത്തിൽ കുഞ്ഞ് നടക്കാറായി വന്നു നിങ്ങളെ ഡാഡി എന്നു വിളിക്കുമ്പോഴേ കുഞ്ഞുണ്ടായ കാര്യംപോലും നിങ്ങൾ ഓർക്കുകയുള്ളുവെന്നതിന് എനിക്കൊരു സംശയവുമില്ല."

സത്യത്തിൽ അവൾ പറഞ്ഞതെല്ലാം ശരിയായിരുന്നു.

ഫിലിപ്സ്ബർഗ്ഗിലെ സഭ എന്നോടു വലിയ ഔദാര്യം കാട്ടി--പണം കൊണ്ടു മാത്രമല്ല; ഉത്സാഹം കൊണ്ടും. രണ്ടു മാസത്തേക്ക് എനിക്ക് വളരെ കുറച്ചേ സഭയിൽശ്രദ്ധിക്കാൻ കഴിഞ്ഞിരുന്നുള്ളു. എന്നാൽ ആർക്കും പരാതി ഉണ്ടായിരുന്നില്ല. കാരണം, ഓരോ തവണ ഞാൻ ന്യൂയോർക്കിൽ പോയിവരുമ്പോഴും ഞാൻ എല്ലാ വിവരങ്ങളും എല്ലാവരോടും പറയുമായിരുന്നു. പന്ത്രണ്ടും പതിമൂന്നും പതിനാലും വയസ്സായ ആൺകുട്ടികളും പെൺകുട്ടികളും നേരിടുന്ന വലിയ പ്രശ്നങ്ങൾ ഞാൻ അവരോടു പങ്കുവെച്ചിരുന്നു. അതുകൊണ്ട് ന്യൂയോർക്കിൽ ദൈവം ചെയ്യുന്ന പ്രവൃത്തിയിൽ തങ്ങൾക്കും ഇത്രത്തോളം പങ്കാളിത്തമുണ്ടെന്ന് അവർക്ക് അറിയാമായിരുന്നു.

ഞാൻ എന്റെ വാർഷികഅവധി റാലിയുടെ സമയത്തേക്ക് എടുത്തു. അപ്പോൾ സഭയിൽനിന്ന് എത്രയും കുറച്ചുമാത്രം മാറിനിന്നാൽ മതിയല്ലോ. എന്നിട്ടും ജൂലൈ അടുത്തപ്പോഴേക്കും ഞാൻ ഓർട്ടീസിന്റെ അപ്പാർട്ടുമെന്റിലാണ് കൂടുതൽ സമയവും ചെലവഴിക്കുന്നത് എന്നായി. സ്പാനിഷ്സഭകളിൽ നിന്നും റാലിക്കുവേണ്ടി വലിയ സഹായമാണ് ലഭിച്ചത്. ഒരാഴ്ചത്തെ മീറ്റിംഗുകളെപ്പറ്റിയുള്ള പോസ്റ്ററുകൾ ന്യൂയോർക്കിലുടനീളം സഭയിലെ സന്നദ്ധസംഘടനാംഗങ്ങൾ പതിച്ചു. പുതുജീവിതത്തിനായി താത്പര്യപ്പെട്ട് മുന്നോട്ടുവരുന്ന കൗമാരക്കാരുമായി സ്റ്റേഡിയത്തിന്റെ പിന്നിലുള്ള ഡ്രസ്സിംഗ്റൂമിൽ സംസാരിക്കാൻ ഒരു സംഘം കൗൺസിലറന്മാരെയുംഅവർ പരിശീലിപ്പിച്ചു. സംഗീതത്തിനു വേണ്ട ഏർപ്പാടുകൾ അവർ ചെയ്തു. ആളുകളെ സ്വാഗതം ചെയ്യാനുള്ള വ്യക്തികളെയും അവർ കണ്ടെത്തി. സ്റ്റേഡിയത്തിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ അവർതന്നെ തയ്യാറായി.

ഞാൻ ചെയ്യേണ്ടിയിരുന്നത് ഒന്നുമാത്രം: മീറ്റിംഗിന് കൗമാരക്കാരായ അധോലോകസംഘങ്ങളെ എത്തിക്കുക.

ആദ്യം പറഞ്ഞപ്പോൾ അതു വളരെ എളുപ്പമായിത്തോന്നി. പക്ഷേ സമയം അടുത്തുവരുതോറും ഇത്തരം ഒരു വൻ റാലി സംഘടിപ്പിച്ചതു ശരിയോ എന്നു ഞാൻ സംശയിക്കുവാൻ തുടങ്ങി.

നൂറുകണക്കിന് ആൺകുട്ടികളോടും പെൺകുട്ടികളോടും തെരുവിൽ ഞാൻ നേരത്തേ സംസാരിച്ചിട്ടുണ്ട്. പക്ഷേ അവരുടെ നിരാശയ്ക്കുള്ളിലെന്താണ് യഥാർത്ഥമായിട്ടുള്ളതെന്ന് ഇതുവരെ വേണ്ടവിധം മനസ്സിലായിരുന്നില്ല. ചില മൈലുകൾ സഞ്ചരിച്ച് ഒരു വലിയ കെട്ടിടത്തിൽ പ്രവേശിക്കുകയെന്ന എന്നെയും നിങ്ങളെയും സംബന്ധിച്ച് നിത്യസാധാരണമായ ഒരു കാര്യംപോലും ഇവർക്ക് വലിയ പേടിസ്വപ്നമാണ്. ഒന്നാമത് കൗമാരക്കാരായ അധോലോകസംഘങ്ങൾ അവരുടെ തട്ടകം വിട്ട് യാത്രചെയ്യു





ന്നതിനെ ഭയപ്പെടുന്നു. മറ്റൊരു സംഘത്തിന്റെ അധീനതയിലുള്ള സ്ഥലത്തുകൂടി യാത്ര ചെയ്താൽ എതിരാളികൾ ചാടിവീഴുമോ എന്ന പേടി. വലിയ ആൾക്കൂട്ടത്തെയും അവർ അകാരണമായി ഭയപ്പെടുന്നു. തങ്ങളുടെതന്നെ വെറുപ്പ്, മുൻവിധി എന്നിവയും അവർക്ക് പേടിയാണ്. തങ്ങളുടെ വിദ്വേഷവും അരക്ഷിതബോധവും പുറത്തുചാടി രക്തരൂഷിതമായ ഒരു വഴക്കിൽ അതു കലാശിച്ചേക്കുമോ എന്നുള്ള ഭയം.

ഇതിനേക്കാളൊക്കെ അസാധാരണമായ ഒരു ഭയം ഉണ്ട്. റാലിയിൽ സംഭവിക്കുന്ന എന്തെങ്കിലും കാര്യങ്ങൾ മൂലം തങ്ങൾ കരഞ്ഞുപോയേക്കുമോ എന്ന പേടിയാണത്. കണ്ണീരിനോട് ഇവർക്കുള്ള വലിയ ഭയം കുറേശ്ശെ കുറേശ്ശെ ഞാൻ മനസ്സിലാക്കി.

കണ്ണീരിനെ ഇത്ര പേടിക്കുന്നതെന്തിനാണ്? അവരോടു പലവട്ടം ഞാൻ ചോദിച്ചിട്ടുണ്ട്. കിട്ടിയ മറുപടികൾ ചേർത്തുവച്ച് ചിന്തിക്കുമ്പോൾ ഉത്തരം ഇതാണ്. കണ്ണുനീർ എന്നുപറയുന്നത് അവരെ സംബന്ധിച്ചിടത്തോളം മൃദുലതയുടെ, ദൗർബല്യത്തിന്റെ, കുട്ടിത്തത്തിന്റെ ചിഹ്നമാണ്. ഈ ക്രൂരമായ ലോകത്തിൽ കഠിനരായവർക്കു മാത്രമേ നിലനില്ക്കാനാവൂ. എന്നാൽ ഒരു പൂർണ്ണമനുഷ്യനെ വാർത്തെടുക്കുന്നതിൽ കണ്ണീരിനുള്ള പങ്ക് എത്ര പ്രധാനമാണെന്ന് സഭാശുശ്രൂഷയിൽ നിന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ദൈവത്തിന്റെ സ്പർശനത്തിനുള്ള അടയാളം കണ്ണുനീരാണെന്ന് ഏറെക്കുറെ പ്രമാണം പോലെ എനിക്കു പറയുവാൻ കഴിയും. പരിശുദ്ധാത്മാവിനെ നമ്മുടെ ഉള്ളിന്റെ ഉള്ളിലെ ശ്രീകോവിലിൽ പ്രവേശിപ്പിക്കുമ്പോൾ പ്രതികരണം കരച്ചിലാണ്. അതു വീണ്ടും വീണ്ടും സംഭവിക്കുന്നതിന് ഞാൻ സാക്ഷിയായിട്ടുണ്ട്. ആത്മാവിന്റെ ആഴത്തിലെ പ്രക്ഷുബ്ധതയിൽനിന്നു വരുന്ന കണ്ണുനീർ. വലിയ നിലവിളിയെക്കാൾ ഹൃദയം നൊന്തുള്ള കരച്ചിൽ. നിങ്ങളുടെ അവസാനത്തെ പ്രതിരോധവും തകർന്ന് നിങ്ങൾ നിങ്ങളെത്തന്നെ നിത്യസമ്പൂർണ്ണതയ്ക്ക് അടിയറ വെയ്ക്കുമ്പോഴാണ് അതു സംഭവിക്കുന്നത്.

അതു സംഭവിക്കുമ്പോൾ ഉറപ്പു വരുന്നത് ഒരു പുതിയ വ്യക്തിത്വത്തിന്റെ രൂപപ്പെടലാണ്. ക്രിസ്തുവിന്റെ കാലം മുതൽ ഈ അനുഭവത്തെയാണ് വീണ്ടും ജനനം എന്നു വിളിക്കുന്നത്. 'നിങ്ങൾ പുതുതായി ജനിക്കണം' എന്ന് യേശു പറഞ്ഞു. ഇവിടുത്തെ വൈരുദ്ധ്യം ഇതാണ്: ഈ പുതുതായി ജനിച്ച വ്യക്തികളുടെ ഹൃദയത്തിൽ സന്തോഷം ഉണ്ടായിരിക്കും; ഈ സന്തോഷം കണ്ണീരിനാലാണ് ഉറപ്പു വരുത്തുന്നത്.

ദൈവത്തോട് ബന്ധപ്പെടുമ്പോൾ അവർ കരയേണ്ടിവരുമെന്ന് ഈ കുട്ടികൾക്ക് പറഞ്ഞുകൊടുത്തത് ഏത് ചോദനയാണ്? ഈ ഭയം പ്രകടിപ്പിക്കാൻ കുട്ടികൾക്ക് അവരുടേതായ രീതിയുണ്ടായിരുന്നു. ഞാൻ നേരത്തേ സന്ദർശിച്ച സംഘങ്ങളെ--റിബൽസ്, ജിജിഐെസ്, ചാപ്ളെയിൻസ്, മൗമൗസ്--വീണ്ടും ഞാൻ സന്ദർശിച്ച് റാലിക്ക് അവരെ വിളിച്ചു. എവിടെയും ഉത്തരം ഒന്നായിരുന്നു. "നിങ്ങൾക്കെന്നെ പേടിപ്പിക്കാൻ കഴിയില്ല ഉപദേശീ, ഞാനൊട്ട് നിലവിളിക്കാനും പോകുന്നില്ല."

അറിയാത്തതിനോടുള്ള പേടി, എത്ര നികൃഷ്ടമായാലും പരിചയമുള്ളതിനെ മുറുകെപ്പിടിക്കുന്ന മനോഭാവം, മാറ്റത്തോടുള്ള എതിർപ്പ്--ചെന്നിടത്തെല്ലാം ഇതു പ്രകടമായിരുന്നു.

ഒരു രാത്രി ജിജിഐെക്കാരുടെ നിലവറത്താവളത്തിൽ ചെന്ന് റാലിയെക്കുറിച്ച് ഞാൻ വീണ്ടും പറഞ്ഞ ശേഷം മടങ്ങിയെത്തിയിട്ട് അധികമായില്ല. ഓർട്ടിസിന്റെ അപ്പാർട്ടുമെന്റിന്റെ വാതിലിൽ ഒരു മുട്ട്. മിസ്സിസ്സ് ഓർട്ടിസ് ചോദ്യരൂപത്തിൽ ഭർത്താവിന്റെ നേരേ മുഖം ഉയർത്തി. അദ്ദേഹം തല വിലങ്ങനെ ആട്ടി. അർത്ഥം അദ്ദേഹം ഇപ്പോൾ ആരേയും പ്രതീക്ഷിക്കുന്നില്ല. ഇറച്ചി നുറുക്കിക്കൊ

ണ്ടിരുന്ന കത്തി താഴെ വച്ച് മിസ്സിസ് ഓർട്ടിസ് വാതിലിനു നേരേ നടന്നു.

അവിടെയതാ മരിയ. മുറിയിലേക്ക് കാലെടുത്ത് വച്ചപ്പോഴേ എനിക്കു മനസ്സിലായി അവൾ ഹിറോയിൻ ഉയർന്ന ഡോസിൽ എടുത്തിരിക്കുന്നു! അവളുടെ കണ്ണുകൾ അസാധാരണമാം വിധം ഭീതിദമായി തിളങ്ങി. മുടി പാറിപ്പറന്ന് മുഖത്തേക്ക് വീണു കിടക്കുന്നു. അവളുടെ കരങ്ങൾ വിറയ്ക്കുന്നുണ്ട്.

“മരിയാ” ഞാൻ എഴുന്നേറ്റു “അകത്തു വാ.”

അവൾ മുറിയുടെ ഒത്ത മധ്യത്തിൽ പോരിനു വിളിക്കുന്ന മട്ടിൽ നിന്ന് അങ്ങേയറ്റം പരുഷമായി ചോദിച്ചു. ‘‘നിങ്ങൾ എന്തിനാണ് എന്റെ സംഘത്തെ പൊളിക്കാൻ ശ്രമിക്കുന്നത്?”

‘‘നീ എന്താ മരിയാ ഉദ്ദേശിക്കുന്നത്?” ലിദിയാ ഓർട്ടിസ് ചോദിച്ചു.

“വന്നു പിള്ളാരെ പള്ളിസർവീസിനു വിളിക്കുന്നു! എനിക്കു നിങ്ങളെ അറിയാം. നിങ്ങൾ ഞങ്ങളെ പൊളിക്കാൻ നോക്കുകയാണ്.”

മരിയ ഞങ്ങളെ ഉച്ചത്തിൽ ശപിക്കാൻ തുടങ്ങി. പ്രതിഷേധിക്കാനെന്നവണ്ണം വിൻസെന്റ് ഓർട്ടീസ് തന്റെ കസേരയിൽനിന്ന് പകുതി എഴുന്നേറ്റതാണ്. പിന്നെ “പറഞ്ഞോ മരിയാ, നീ ഇതു തെരുവിൽ ചെന്ന് പറയുന്നതിനേക്കാൾ നല്ലത് ഇവിടെവച്ച് തന്നെ പറയുന്നതാണ്.” എന്ന ആശയത്തിൽ ആംഗ്യം കാട്ടിയിട്ട് ഓർട്ടിസ് വീണ്ടും കസേരയിൽ അമർന്നു.

ഓർട്ടിസിന്റെ കുഞ്ഞുങ്ങളിലൊരാൾ ബഹളം കേട്ട് പൊടുന്നനെ മുറിയിലേക്ക് വന്നു. ദിലിയാ സ്വാഭാവികമായും പെട്ടെന്ന് കുഞ്ഞിനടുത്തേക്ക് മാറി. ആ നിമിഷം ധാരാളം മതിയായിരുന്നു മരിയായ്ക്ക്. അവൾ ഒറ്റക്കുതിപ്പിന് ദിലിയാ വച്ച കശാപ്പുകത്തി കരസ്ഥമാക്കി. അവളുടെ മുഷ്ടിയിൽ ആ കശാപ്പുകത്തി. അതിന്റെ വായ്ത്തല ഭീതിദമാംവണ്ണം തിളങ്ങി. ദിലിയാ മരിയായ്ക്കും കുട്ടിയ്ക്കും ഇടയിലേക്ക് ചാടി നിലയുറപ്പിച്ചു. വിൻസെന്റ് ചാടിയെഴുന്നേറ്റ് മുന്നോട്ട് നടക്കാൻ തുടങ്ങി.

“നില്ലവിടെ” മരിയ ആക്രോശിച്ചു. വിൻസന്റ് നിന്ന നിലയിൽ നിന്നുപോയി. കാരണം, ഇതിനകം അവൾ കത്തിയുയർത്തി സ്വന്തം കഴുത്തിനു കുറുകെ വച്ചിരുന്നു! ‘‘ഹാ ഞാനിപ്പം എന്റെ കഴുത്ത് മുറിക്കും. ഞാൻ ഒരു പന്നിയെ അറുക്കുന്നതുപോലെ എന്നെ അറുക്കാൻ പോകുകയാണ്. നിങ്ങൾ എല്ലാം അതു കണ്ടു നിൽക്കണം.”

ലഹരിമരുന്നിന്റെ അടിമയായഒരാളെ സംബന്ധിച്ചിടത്തോളം ഇതു വെറും നാടകീയമായ ഒരു വെല്ലുവിളിയല്ല. നിരാശയുടെ മൂർദ്ധന്യത്തിലെത്തിയ ഒരു ലഹരിമരുന്നിന്റെ അടിമ പറഞ്ഞതുപോലെ പെരുമാറും എന്ന് മുറിയിൽ നിന്നവർക്കെല്ലാം ബോധ്യമുണ്ടായിരുന്നു. ദിലിയാ പെട്ടെന്ന് മരിയായുടെ മുൻപിലുള്ള നീണ്ട ശോഭനമായ ഭാവിയെക്കുറിച്ച് നിർത്താതെ സംസാരിക്കുവാൻ തുടങ്ങി. “ദൈവത്തിനു നിന്നെ ആവശ്യമുണ്ട് മരിയാ” ദിലിയാ വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരുന്നു.

ദിലിയാ അവളോടുള്ള സംസാരം അണമുറിയാതെ തുടരുന്നതിനിടെ നീണ്ട അഞ്ചു മിനിറ്റിനുശേഷം സാവധാനം മരിയയുടെ കത്തിപിടിച്ചിരുന്ന കൈ താണു താണു വന്നു. അവസാനം അവളുടെ അര വരെ വന്നപ്പോൾ അപ്പോഴും നിർത്താതെ സംസാരിച്ചുകൊണ്ട് ദിലിയാ ഇഞ്ചോടിഞ്ച് അടുത്തുവന്ന് ഒറ്റച്ചാട്ടത്തിന് മരിയയുടെ കയ്യിൽ തട്ടി കത്തി തെറിപ്പിച്ചു.

അത് ചിലമ്പിച്ച ഒച്ചയോടെ തറയിൽ പതിച്ച് വട്ടം ചുറ്റാൻ തുടങ്ങി. കുഞ്ഞു പേടിച്ചു നിലവിളിച്ചു.

മരിയാ വീണ്ടും കത്തി കൈക്കലാക്കാൻ ഒരു ശ്രമവും നടത്തിയില്ല. മുറിയുടെ നടുവിൽ ഞാൻ അതുവരെ കണ്ടിട്ടുള്ളതിൽ വച്ചേറ്റവും പരിത്യക്തയായ ഭാവത്തിൽ, ഏകാന്തതയുടെ മൂർത്തിമദ്ഭാവം പോലെ, അവൾ അനങ്ങാതെ





നിന്നു. പെട്ടെന്ന് അവൾ മോങ്ങിക്കരയുവാൻ തുടങ്ങി. അവൾ കൈത്തലം കൊണ്ട് മുഖം മറച്ച് തേങ്ങി: “എനിക്കൊരു രക്ഷയുമില്ല. ഞാൻ ഇതിൽ കുടുങ്ങിപ്പോയി. എനിക്കൊരു മോചനമില്ല.”

“ദൈവത്തിന് ഒരവസരം കൊടുത്തുകൂടെ നിനക്ക്?” ഞാൻ ചോദിച്ചു.

“ഇല്ല, അത് എനിക്കുള്ളതല്ല.”

“ശരി, എന്നാൽ ഏറ്റവും കുറഞ്ഞത് മറ്റു കുട്ടികൾ വരട്ടെ. ചിന്തിക്കുക: വൈകിപ്പോകുന്നതിനു മുൻപ് അവർക്ക് ഒരു വഴി കണ്ടെത്താൻ കഴിഞ്ഞേക്കും.”

മരിയ നിവർന്നു. ആത്മസംയമനം നേടിയതുപോലെ തോളുകൾ ചലിപ്പിച്ച് അവളുടെ മറുപടി: “അത് നല്ലൊരു ഷോ നിങ്ങൾക്ക് നടത്തുവാൻ കഴിയുമോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു.”

പിന്നെ വെട്ടിത്തിരിഞ്ഞ് തല ഉയർത്തിപ്പിടിച്ച് മരിയ ഓർട്ടിസിന്റെ അപ്പാർട്ടുമെന്റിൽ നിന്ന് പുറത്തേക്ക്.

**(തുടരും)**

[THE CROSS AND THE SWITCHBLADE,copyright c 1963. Orginally published in English under the titleTHE CROSS AND THE SWITCHBLADE by David Wilkerson with John and Elizabeth Sherrill, published by Chosen Books LLC,Chappaqua,New York, USA. All rights reserved.]

●

## കഷ്ടതകൾ എന്തിന്?......

(പേജ് 30ൽ നിന്ന് തുടർച്ച)

പ്പെടുത്താൻ കഴിയും.

മനുഷ്യവർഗ്ഗത്തിന്റെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും താത്വികമായി മാത്രമല്ല തന്റെ വ്യക്തിപരമായ അനുഭവങ്ങളിലൂടെയും കർത്താവ് മനസ്സിലാക്കിയിട്ടുണ്ട്. കാരണം, താൻ തന്നെ മനുഷ്യനായി ദുഃഖങ്ങളും വേദനകളും സഹിച്ചു. മാത്രമല്ല കഷ്ടമനുഭവിക്കുന്നവരോട് പൂർണ്ണമായും സഹതാപം കാണിക്കുന്നതിനും അവരെ സഹായിക്കുന്നതിനും അവിടുന്ന് കഴിവുള്ളവനുമാണ് (എബ്രാ.2:18).

ആത്മീയനും നല്ലവനുമായ ഒരു വ്യക്തിക്ക് ലോകത്തിൽ എല്ലായ്പ്പോഴും ദുഃഖങ്ങൾ അനുഭവിക്കേണ്ടി വരും. കാരണം, ആളുകൾക്ക് അവനെ യഥാർത്ഥത്തിൽ മനസ്സിലാക്കുവാൻ സാധിക്കുകയില്ല. അവരുടെ മനസ്സാക്ഷിയും വികാരങ്ങളും പാപത്താൽ നിർജ്ജീവമാക്കപ്പെട്ടതും സംവേദനശേഷിയില്ലാത്തവയുമാണ്. എപ്പോഴെങ്കിലും അവർ ഒരു നല്ല മനുഷ്യനെ സമീപിക്കുമ്പോൾ ആവ്യക്തിയുടെ സ്വഭാവവും വഴികളും തങ്ങളുടേതുമായി യോജിക്കാത്തവയാണെന്ന് മനസ്സിലാക്കുകയും അതിനാൽ അവനെ പീഡിപ്പിക്കാൻ അവർ ശ്രമിക്കുകയും ചെയ്യും. എന്നാൽ ആത്മീകമായ വിവേചനമുള്ളവരും നല്ല മനസ്സാക്ഷിയുള്ളവരും സത്യത്തെ പിന്താങ്ങുന്നവരുമായ വ്യക്തികൾ സത്യനിഷ്ഠയുള്ള വ്യക്തിയുടെ സൗരഭ്യത്താലും ആകർഷണീയമായ ജീവിതത്താലും സ്വാധീനിക്കപ്പെടും. ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ജീവിതം ഒരു ചന്ദനത്തടിക്കു തുല്യമാണ്. ഒരു മഴു ഉപയോഗിച്ച് അതിനെ മുറിക്കുന്ന അവസരത്തിലും അത് അതിന്റെ സൗരഭ്യം പകർന്ന് നൽകും.

ഹെൻട്രി സൂസോ എന്ന ദൈവഭൃത്യന് കഷ്ടപ്പാടുകൾ വരുന്നതിനു മുൻപേ ഒരു ദർശനം കൊടുത്തു കൊണ്ട് ദൈവം ഇങ്ങനെ പറഞ്ഞു: “നിന്റെ സൽപേര് പൊതുരംഗത്ത് നഷ്ടപ്പെടാൻ പോകുകയാണ്. നീ സ്നേഹവും വിശ്വസ്തതയും പ്രതീക്ഷിക്കുന്നിടത്ത് പകരം നിനക്ക് ചതിയും കഷ്ടതയും പ്രയാസവും ആണ് ലഭിക്കുവാൻ പോകുന്നത്.” ഹെൻട്രി സൂസോയോട് ദൈവം പറഞ്ഞത് എണ്ണമറ്റ മറ്റു ക്രിസ്ത്യാനികളും അനുഭവിച്ചറിഞ്ഞിട്ടുണ്ടെന്ന് ഓർക്കുക.